# തിരുനബി (ﷺ)യുടെ കൂടെ





തയ്യാറാക്കിയത്:

**അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി**



ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ (റിയാദ്)

പി. ബി. 1419, റിയാദ് 11431. ഫോ: 2414488, ഫാ: 2411733.

E-mail : sulay@w.cn

# തിരുനബി(ﷺ)യുടെ
# കൂടെ

## പ്രാർത്ഥനകൾ
## കീർത്തനങ്ങൾ
## ദിനചര്യകൾ

തയ്യാറാക്കിയത്:
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

ⓒ دار خالد بن الوليد للنشر والتوزيع ، ١٤٢٦هـ

فهرسة مكتبة الملك فهد الوطنية أثناء النشر

السلمي ، عبد اللطيف

مع النبي صلى الله عليه وسلم - الأدعية والأذكار والآداب اليومية / عبد اللطيف السلمي - الرياض ، ١٤٢٦هـ

٣٤٠ ص ؛ ٨ × ١٢ سم

ردمك : ٧ - ٢ - ٩٦٠٩ - ٩٩٦٠

(النص باللغة المليالمية)

١ - الأدعية والأوراد أ- العنوان

ديوي ٢١٢,٩٣ ١٤٢٦/٥٨٣

رقم الايداع: ١٤٢٦/٥٨٣

ردمك: ٧-٢-٩٦٠٩-٩٩٦٠

## ഉള്ളടക്കം


| വിഷയം | പേജ് |
| --- | --- |
| ആമുഖം | 1 |
| പ്രാർത്ഥനയുടെ ശ്രേഷ്ഠത | 9 |
| പ്രാർത്ഥന മര്യാദകൾ | 14 |
| സമയങ്ങൾ സ്ഥലങ്ങൾ | 18 |
| ഉറക്കിൽ നിന്ന് ഉംരുമ്പോൾ | 22 |
| കോഴി കൂവുന്നത് കേട്ടാൽ | 23 |
| ബാങ്ക് കേൾക്കുമ്പോൾ | 23 |
| ബാങ്കിന് ശേഷം | 26 |
| വിസർജ്ജന മര്യാദകൾ | 28 |
| പ്രകൃതി ശീല മര്യാദകൾ | 30 |
| വുദുവും മര്യാദകളും | 33 |
| വുദുവിൻെറ നമസ്കാരം | 40 |
| കുളി | 42 |
| വസ്ത്ര ധാരണം | 46 |
| പട്ടും സ്വർണ്ണവും . . . | 49 |

# ഉള്ളടക്കം


| | |
|---|---|
| പുരുഷന് ഞെരിയാണി വരെ | 50 |
| സ്ത്രീകളുടെ വസ്ത്രം | 52 |
| തലമുടിയും നിർദ്ദേശങ്ങളും | 56 |
| സുബ്ഹി നമസ്കാരം | 61 |
| സുന്നത്തുകൾ വീട്ടിൽ വെച്ച് | 63 |
| പള്ളിയിലേക്ക് പുറപ്പെടൽ | 66 |
| മുസ്ലിമിന്റെ കടമകൾ | 72 |
| പള്ളിയിൽ പ്രവേശിക്കുമ്പോൾ | 74 |
| നബിയുടെ നമസ്കാരം | 83 |
| ദിക്റും ദുആയും | 119 |
| പ്രഭാത കീർത്തനങ്ങൾ | 143 |
| പ്രദോഷ കീർത്തനങ്ങൾ | 165 |
| സ്വർഗ്ഗത്തിലൊരു വീട്! | 170 |
| ഇസ്തിഖാറ നമസ്കാരം | 178 |
| വെള്ളിയാഴ്ച | 184 |

## ഉള്ളടക്കം


| | |
|---|---|
| ഭക്ഷണ മര്യാദകൾ | 195 |
| ഉറക്കമര്യാദകൾ | 207 |
| യാത്രാ മര്യാദകൾ | 226 |
| മാർക്കറ്റിൽ പ്രവേശിക്കുമ്പോൾ | 238 |
| വിഷമങ്ങൾ നേരിട്ടാൽ | 244 |
| അനുശോചന വചനം | 246 |
| മയ്യത്ത് നമസ്കാരം | 247 |
| അഭിവാദന മര്യാദകൾ | 257 |
| തുമ്മിയാലുള്ള മര്യാദകൾ | 265 |
| കോട്ടുവായ വരുമ്പോൾ | 266 |
| ദമ്പതിമാർക്ക് വേണ്ടി | 268 |
| മണിയറയിൽ നമസ്കാരം | 270 |
| ദാമ്പത്യത്തിലേർപ്പെടുമ്പോൾ | 274 |
| കുഞ്ഞ് പിറന്നാൽ | 276 |
| മുടി യൂക്കി വെള്ളി ദാനം | 278 |

## ഉള്ളടക്കം


| | |
|---|---|
| കാററ് അടിച്ചു വീശുമ്പോൾ | 279 |
| ഇടി മിന്നൽ | 280 |
| മാസപ്പിറവി കാണുമ്പോൾ | 282 |
| സകാത്ത് | 284 |
| റമദാൻ വ്രതം | 292 |
| തറാവീഹ് | 297 |
| പെരുന്നാൾ | 304 |
| ഉളുഹിയ്യത്ത് | 306 |
| ഹജ്ജിലെ പ്രാർത്ഥനകൾ | 306 |
| സ്വർഗ്ഗത്തിൽ ഒരു നിധി | 314 |
| സ്വർഗ്ഗത്തിൽ ഒരു വീട് | 317 |
| മന ക്ലേശ സുരക്ഷ | 319 |
| തഖ്വ ലഭിക്കാൻ | 322 |
| കടബാദ്ധ്യതയിൽ നിന്ന് രക്ഷ | 327 |
| കഫ്ഫാറതുൽ മജ്‌ലിസ് | 330 |

بسم الله الرحمن الرحيم

## ആമുഖം

ഒരു മുസ്‌ലിം തന്റെ ജീവിതത്തിലെ നിഖില മേഖലകളിലും നബി (സ) യുടെ നിർദ്ദേശങ്ങൾ പാലിച്ച് തിരുനബിയുടെ കാൽപ്പാടുകൾ പിന്തുടരാൻ ബാധ്യസ്ഥനാണ്. അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്ന പ്രതിജ്ഞയിലൂടെ അതാണ് അർത്ഥമാക്കുന്നത്. പക്ഷേ ഇക്കാര്യം അധികമാരും ശ്രദ്ധിക്കാറില്ല എന്നതാണ് ഖേദകരം. അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ല എന്ന് പറയുന്നു; ജീവിതത്തിൽ മററു പലരേയും അനുകരിക്കുന്നു. പലർക്കും മുഹമ്മദ് നബിയേക്കാൾ പ്രധാനം മററു പല ത്യ

രീഖത്തുകളും മദ്ഹബുകളും നാട്ടാചാരങ്ങളുമാണ്. വേറെ ചിലർ കാര്യത്തിന്റെ ഗൗരവം മനസ്സിലായിട്ടും ശരിയായവ ഏതൊക്കെയെന്ന് മനസ്സിലാക്കാനും പഠിക്കാനും തെററ് തിരുത്താനും ശ്രമിക്കാറില്ല. മുമ്പ് പഠിച്ചുവെച്ചവതെററായ നിലക്ക് തുടർന്ന് പോരുന്നു.!

നിത്യ ജീവിതത്തിൽ നാം ശീലമാക്കേണ്ടതായ പ്രവാചകചര്യ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അപ്രകാരം തന്നെ ഐഹിക ജീവിതത്തിൽ മനശാന്തിയും പാരത്രിക ജീവിതത്തിൽ മഹത്തായ പ്രതിഫലവും ലഭ്യമാകുന്ന അനേകം പ്രാർത്ഥന

കളും തിരുനബിയുടെ ജീവിതത്തി ലുണ്ട്. അത്തരം വിഷയങ്ങൾ പല രും അത് നമുക്ക് ആവശ്യമുള്ളത ല്ല, എന്ന് അവഗണനയോടെ നോ ക്കിക്കാണുന്നു. മറെറാരു വിഭാഗം അതെല്ലാം ഖുറാഫാത്താണ് എന്ന് തെററിദ്ധരിച്ചിരിക്കുന്നു.

മൂന്നാമതൊരു വിഭാഗം പ്രാവർ ത്തികമാക്കുന്നതാകട്ടെ പണ്ട് പഠി ച്ചുവെച്ചവ ശരിയോ തെറേറാ എ ന്ന് പരിശോധിക്കാതെ ശീലിച്ചു പോരുന്നു. നമ്മുടെ നിത്യ ജീവിത ത്തിൽ പ്രചാരം നേടിയ പ്രാർത്ഥ നകളിൽ ചിലത് ദുർബ്ബലമായതും നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ടിട്ടി ല്ലാത്തതുമാണ്.

ദിക്റുകൾ എന്നാൽ പ്രത്യേകാവസരങ്ങളിൽ ഉരുവിടുവാൻ നിർദ്ദേശിക്കപ്പെട്ടവയും കർമ്മങ്ങളിൽ അല്ലാഹുവിൻെറ നിയമ നിർദ്ദേശങ്ങൾ അനുസരിക്കുകയും രണ്ടും ഒരുപോലെ ബാധകമാണ് അതിലൂടെ മാത്രമേ മനുഷ്യന് മനഃശാന്തി കൈവരികയുള്ളൂ.

﴿أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ﴾

(سورة الرعد : ٢٨)

"അറിയുക: അല്ലാഹുവിനെ സംബന്ധിച്ച ദിക്റ് കൊണ്ടേ മനസ്സുകൾ ശാന്തമാവുകയുള്ളൂ."[1]

---

[1] ഖുർആൻ റഅദ്: 28.

പ്രവാചക(സ)നിൽ നിന്നും സ്ഥിര പ്പെട്ട പ്രാർത്ഥനകളും കീർത്തന ങ്ങളും നിത്യ ജീവിതത്തിലെ മര്യാദ കളും അടങ്ങിയതാണ് നിങ്ങളുടെ കയ്യിലിരിക്കുന്ന ഈ കൊച്ചു പുസ് തകം. ബുഖാരിയിലും മുസ്‌ലിമി ലും വന്നതല്ലാത്ത ഹദീസുകളും പ്രാർത്ഥനകളും ഇരുപതാം നൂ റ്റാണ്ടിലെ ഹദീസ്പണ്ഡിതനായി രുന്ന നാസിറുദ്ദീൻ അൽബാനി(റ) അവർകളുടെ സ്വഹീഹുകളിൽ സ് ഥിരപ്പെടുത്തിയവ മാത്രമാണ് ഇതി ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവയ ത്രയും ഗ്രന്ഥത്തിന്റെ പേരും ഹ ദീസ് നമ്പറും അടിക്കുറിപ്പായി കൊടുത്തിട്ടുമുണ്ട്. അറബി വായി ക്കാൻ അറിയാത്തവരെ കൂടി ഉദ്ദേ

ശിച്ച് പ്രാർത്ഥനകളുടേയും ദിക്റുകളുടേയും ഉച്ചാരണവും അർത്ഥവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇതിൽ പ്രതിപാദിക്കപ്പെട്ടവ മാത്രമേ ഓരോ അവസരങ്ങളിലും പ്രാർത്ഥിക്കാവൂ എന്ന് അർത്ഥമാക്കരുത്. ഇതിൽ ഉൾപ്പെടാത്തവ സ്വഹീഹായി കണ്ടാൽ കൂട്ടിച്ചേർക്കുക. ഇതിൽ ഉൾപ്പെടാത്തവ നിങ്ങൾ ശീലമാക്കിയിട്ടുണ്ടെങ്കിൽ അവ വേണ്ട വിധം പരിശോധന നടത്തുകയും ചെയ്യുക. നബി (സ) ഉറങ്ങാൻ സമയത്ത് ചൊല്ലാൻ പഠിപ്പിച്ച ഒരു പ്രാർത്ഥനയിൽ 'വബി നബിയ്യിക' എന്നതിന് പകരം സ്വഹാബികളിൽ ചിലർ 'വബി റസൂലിക' എന്ന് ഒരു

പദം മാററി ച്ചൊല്ലിയതായി ശ്രദ്ധ യിൽ പെട്ടപ്പോൾ അത് തിരുത്താ ൻ ആവശ്യപ്പെട്ടത് ഇമാം മുസ്ലിം ഉദ്ധരിക്കുന്നുണ്ട്.

അതിനാൽ മേൽ പറയപ്പെട്ട വിഷ യങ്ങൾ സഗൗരവം ഓർക്കുക. ഇ തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രാർത്ഥ നകളും ദിക്റുകളും പ്രവാചക(സ) യുടെ ജീവിത ക്രമങ്ങളും കഴിവി ന്റെ പരമാവധി ജീവിതത്തിൽ ശീ ലമാക്കാൻ പരിശ്രമിക്കുക.

കുററമററതാവണമെന്ന് ആശി ക്കുകയും ശ്രമിക്കുകയും ചെയ് തിട്ടുണ്ട്. തെററുകൾ മനുഷ്യ സഹ ജമാണല്ലൊ കാണുന്നവർ ചൂണ്ടി ക്കാണിക്കണമെന്ന് ഉണർത്തുന്നു. ഇത് പുറത്തിറക്കുന്നതിൽ സഹാ

യികളായ പലരുമുണ്ട് എല്ലാവർക്കും അല്ലാഹു മതിയായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
നാഥാ ഇതൊരു സൽക്കർമ്മമായി നീ സ്വീകരിക്കുകയും ജീവിതത്തിൽ പകർത്താൻ തൗഫീഖ് നൽകുകയും ചെയ്യേണമേ. (ആമീൻ)

അബ്ദുല്ലത്വീഫ് സുല്ലമി
മാറഞ്ചേരി

## പ്രാർത്ഥനയുടെ ശ്രേഷ്ഠത

﴿قُلْ مَا يَعْبَؤُا۟ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ

﴾ (سورة الفرقان: ٧٧)

"(നബിയെ), പറയുക: നിങ്ങളുടെ പ്രാർത്ഥന ഇല്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങളെ വിലവെക്കുന്നതല്ല."[1]

## പ്രാർത്ഥന ആരാധനയാണ്

﴿ وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ

إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى

---

[1] ഫുർഖാൻ 77.

سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴾ [سورة غافر : ٦٠]

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്."[1]

അല്ലാഹുവോടല്ലാതെയുള്ള പ്രാർത്ഥ നരകത്തിലേക്കുള്ള മാർഗ്ഗമാണെന്നാണ് ഖുർആൻ വ്യക്തമാക്കിയത്.

---

[1] ഗാഫിർ 60

﴿ وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ ﴾

[البقرة : ١٨٦]

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പററി ചോദിച്ചാൽ ഞാൻ (അവർക്ക് ഏററവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്."[1]

നബി(സ) പറയുന്നു:

[1] ബഖറ 186

الدُعَاءُ هُوَ العِبَادَةُ ، قَالَ رَبُّكُـمْ : ادْعُـونِي اسْتَجِبْ لَكُمْ

"പ്രാർത്ഥന അതു തന്നെയാണ് ആരാധന. അല്ലാഹു പറയുന്നു 'നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം' എന്ന്."[1]

മറെറാരു ഹദീസ്കൂടി കാണുക:

إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْهِ أَنْ يَرُدَّهُمَا صِفْرًا (أبو داود ٧٨/٢, صحيح الترمذي ١٧٩/٣ )

"നിശ്ചയം നിങ്ങളുടെ നാഥൻ അത്യുദാരനും ലജ്ജിക്കുന്നവനുമാ

---

[1] അബൂദാവൂദ് 2/78, തിർമിദി 5/211, സ്വഹീഹു ഇബ്നുമാജ: 2/324

ണ്. തന്റെ ദാസൻ അവനിലേക്ക് ഉയർത്തുന്ന കൈകകളെ കാലിയാക്കി മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നതാണ്."[1]

അല്ലാഹുവോട് പ്രാർത്ഥിക്കാത്തവനോട് അല്ലാഹു കോപിക്കുമെന്നും ഹദീസു കളിൽ വന്നിട്ടുണ്ട്:

من لا يدعو الله يغضب عليه (الحاكم ٤/٣٥٤ رقم:١٧٦١ ، صححه الألباني )

"അല്ലാഹുവോട് പ്രാർത്ഥിക്കാത്തവനോട് അല്ലാഹു കോപിക്കുന്നതാണ്."[2]

---

[1] അബൂദാവൂദ് 2/78, ഇബ്നുമാജ: 2/1271, സ്വഹീഹു തിർമിദി 3/179.

[2] ഹാകിം 4/354 നമ്പർ: 1761.

# പ്രാർത്ഥനയുടെ മര്യാദകൾ

പ്രാർത്ഥനകൾക്ക് ചില മര്യാദക ളും ഉത്തരം ലഭിക്കാൻ ചില കാര ണങ്ങളുമുണ്ട്.

1. ആത്മാർത്ഥത[1].
2. അല്ലാഹുവിനെ സ്തുതിച്ച് നബി(സ)യുടെ പേരിൽ സ്വ ലാത്ത് ചൊല്ലി തുടങ്ങുക, അപ്രകാരം തന്നെ അവ സാനിപ്പിക്കുക.[2]
3. ഉത്തരം ലഭിക്കുമെന്ന ദൃഢ മനസ്സോടുകൂടി പ്രാർത്ഥി ക്കുക.[3]

---

[1] സൂറ ഗാഫിർ 14.

[2] അൽബാനി സ്വഹീഹ് അബൂദാവൂദ് : 1841.

[3] ബുഖാരി, മുസ്ലിം.

4. ധൃതി കൂട്ടാതിരിക്കുക.[1]
5. സന്തോഷാവസരത്തിലും സന്താപാവസരത്തിലും പ്രാർത്ഥന പതിവാക്കുക.[2]
6. അത്യുച്ചത്തിലും തീരെ പതുക്കെയും പ്രാർത്ഥിക്കാതിരിക്കുക.[3]
7. നരകത്തെ പേടിച്ചും സ്വർഗ്ഗമാഗ്രഹിച്ചും വിനയത്തോടും താഴ്മയോടും പ്രാർത്ഥിക്കുക.[4]

---

[1] മുത്തഫഖുൻ അലൈഹി.

[2] ഹാകിം സ്വഹീഹുൽ ജാമിഅ്: 6290,

[3] ഖുർആൻ അഅ്റാഫ് 205.

[4] ഖുർആൻ സജദ : 16.

8. **ഖിബ്‌ലക്ക് മുന്നിട്ടുകൊണ്ട് പ്രാർത്ഥിക്കുക.**[1]
9. **കൈകൾ ഉയർത്തുക.**[2]
10. **മററുള്ളവർക്ക് വേണ്ടി പ്രാർത്ഥക്കുമ്പോഴും ആദ്യം ത**

---

[1] മുസ്‌ലിം

[2] നബി(സ) പതിവായി പ്രാർത്ഥിക്കുകയും അവയിൽ കൈകൾ ഉയർത്തിയിരുന്നതായി റിപ്പോർട്ട് ചെയ്യാതിരിക്കുകയും; കൈകൾ ഉയർത്തിയിരുന്നില്ലെന്ന് തെളിയുകയും ചെയ്ത വിഷയങ്ങളിൽ നാമും കൈകൾ ഉയർത്താതിരിക്കലാണ് ഉത്തമം. കൈകൾ ഉയർത്തി പ്രാർത്ഥിച്ച ശേഷം കൈകൾ കൊണ്ട് മുഖം തുടക്കുന്നതിന് സ്വഹീഹായ ഹദീസിൻെറ പിൻബലമില്ല. അത് ഉപേക്ഷിക്കേണ്ടതാണ്. മുഖം തുടക്കുന്ന വിഷയത്തിൽ വന്ന ഹദീസുകൾ അൽബാനി (റ) ളഈഫുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ളഈഫുൽ ജാമിഅ് : നമ്പർ 492.

നിക്കുവേണ്ടി പ്രാർത്ഥിക്കുക.[1]

11. അല്ലാഹുവിൻെറ മഹത്തരങ്ങളായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളും മുൻനിറുത്തിക്കൊണ്ടോ[2], അതല്ലെങ്കിൽ താൻ നിർവ്വഹിച്ച പുണ്യകർമ്മങ്ങൾ എടുത്ത് പറഞ്ഞോ[3] അതുമല്ലെ ങ്കിൽ ജീവിച്ചിരിക്കുന്നവരും സമീപ സ്ഥരുമായായ സജ്ജനങ്ങളെക്കൊണ്ട്[4] അല്ലാഹുവി

---

[1] ഖുർആൻ സൂറ നൂഹ് : 28.

[2] അഅ്റാഫ് : 180.

[3] മുസ്‌ലിം ഗുഹയിലകപ്പെട്ട മൂന്നാളുകളുടെ കഥ.

[4] ബുഖാരി സ്വഹാബികൾ നബിയെക്കൊണ്ട് അല്ലാഹുവി നോട് പ്രാർത്ഥിപ്പിച്ചിരുന്നു.

നോട് പ്രാർത്ഥിപ്പിക്കുക
യോ ചെയ്യുക.

12. ഭക്ഷണം വസ്ത്രം എന്നിവ അനുവദനീയ മാർഗ്ഗത്തിലൂടെ മാത്രം സമ്പാദിച്ചതായിരിക്കുക.[1]

13. നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക.[2]

## സമയങ്ങൾ സ്ഥലങ്ങൾ

1. ലൈലത്തുൽ ഖദ്ർ[3]
2. രാത്രിയുടെ അന്ത്യയാമങ്ങൾ[4]
3. ഫർദ് നമസ്കാര ശേഷം[1]

---

1 മുസ്‌ലിം.

2 തിർമിദി, അഹ്മദ്, സ്വഹീഹുൽ ജാമിഅ് 7070.

3 സൂറത്തുൽ ഖദ്ർ

4 മുസ്‌ലിം

4. ബാങ്കിനും ഇഖാമത്തിനും ഇടയിൽ [2]
5. ഫർദ് നമസ്കാരത്തിലേക്ക് നിൽക്കുന്ന സമയം [3]
4. മഴ പെയ്യുന്ന സമയം [4]
5. യുദ്ധത്തിനിടയിൽ [5]
6. വെള്ളിയാഴ്ച ദിവസം [6]
7. സംസം കുടിക്കുന്ന സമയം [7]
8. സുജൂദുകളിൽ [8]

---

[1] തിർമിദി 3499.
[2] സ്വഹീഹുൽ ജാമിഅ്: 3405
[3] സ്വഹീഹുൽ ജാമിഅ്: 3587
[4] ബൈഹഖി, സ്വഹീഹുൽ ജാമിഅ്: 1026
[5] സ്വഹീഹുൽ ജാമിഅ്: 3587
[6] മുത്തഫഖുൻ അലൈഹി
[7] അൽബാനിയുടെ ഇർവാഅ് നമ്പർ : 1423
[8] മുസ്ലിം

9. ലാഇലാഹ ഇല്ലാഅൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ എന്ന് ചൊല്ലിയ ശേഷം[1]
10. അത്തഹിയ്യാത്തിന് ശേഷം.[2]
11. ഒരു മുസ്ലിമിന് വേണ്ടി അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ നടത്തുന്ന പ്രാർത്ഥന.[3]
12. അറഫയിൽ വെച്ച്.[4]
13. മർദ്ദിതൻെറ പ്രാർത്ഥന.[5]
14. മാതാപിതാക്കൾ മക്കൾക്ക് വേ

---

[1] അഹ്മദ്, അൽബാനി സ്വഹീഹുൽ കലിമുത്വയ്യിബ് 101.
[2] ബുഖാരി
[3] മുസ്ലിം
[4] മുസ്ലിം
[5] സ്വഹീഹ് അബൂദാവൂദ് :1536.

ണ്ടിയോ മക്കൾക്ക് എതിരിലോ നടത്തുന്ന പ്രാർത്ഥന.[1]

15. യാത്രക്കാരൻെറ പ്രാർത്ഥന.[2]
16. നോമ്പു കാരൻെറ പ്രാർത്ഥന.[3]
17. നോമ്പുകാരൻെറ നോമ്പു തുറക്കുമ്പോൾ ഉള്ള പ്രാർത്ഥന.
18. നീതിമാനായ നേതാവിൻെറ പ്രാർത്ഥന.
19. ഒന്നും രണ്ടും ജംറയിൽ എറിഞ്ഞ ശേഷം.[4]
20. സ്വഫയിലും മർവയിലും വെച്ച്.[5]

---

[1] സ്വഹീഹ് അബൂദാസൂദ് 1536.
[2] സ്വഹീഹ് അബൂദാസൂദ് 1536.
[3] സ്വഹീഹ് ഇബ്നുമാജ: 1432
[4] മുസ്ലിം
[5] മുസ്ലിം

## 21. മുസ്ദലിഫയിൽ മശ്അറുൽ ഹറാമിന് അടുത്ത് വെച്ച്.[1]

## ഉറക്കിൽ നിന്ന് ഉണരുമ്പോൾ:

الْحَمْدُ لِلهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ (البخاري)

"അൽഹംദു ലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദമാ അമാതനാ വ ഇലൈഹി ന്നുശൂർ (നമ്മെ മരിപ്പിച്ചതിന് ശേഷം ജീവിപ്പിച്ച അല്ലാഹുവിനാണ് സർവ്വ സ്തുതിയും അവനിലേക്കാണ് (നമ്മുടെ) പുനരുത്ഥാനവും"[2]

[1] മുസ്‌ലിം

[2] ബുഖാരി

## കോഴി കൂവുന്നത് കേട്ടാൽ

നബി(സ) പറഞ്ഞു: നിങ്ങൾ കോഴി കൂവുന്നത് കേട്ടാൽ അല്ലാഹുവിൻെറ അനുഗ്രഹത്തെ ചോദിക്കുക.[1]

اللهمَّ إنِّي أسألُكَ مِنْ فضلِكَ

"അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫള്ലിക (അല്ലാഹുവേ, നിൻെറ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു) എന്ന് പ്രാർത്ഥിക്കുക."

## ബാങ്ക് കേൾക്കുമ്പോൾ

ബാങ്ക് വിളിക്കുന്നത് കേൾക്കുമ്പോൾ അതുപോലെ നമ്മളും ഏ

[1] മുഖ്തസ്വറു മുസ്ലിം: 1881.

ററു പറയുക. ഹയ്യ അലസ്വലാത്, ഹയ്യ അലൽ ഫലാഹ് എന്ന് കേൾക്കുമ്പോൾ لا حول ولا قـوة إلا بـالله (ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ) "യാതൊരു കഴിവും ശക്തിയും അല്ലാഹുവിനെക്കൊണ്ടല്ലാതെ ഇല്ല" എന്നും പറഞ്ഞാൽ സ്വർഗ്ഗ പ്രവേശനം ലഭിക്കുന്നതാണ്"[1]

അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാ എന്നു കേട്ടാൽ അതു പോലെ പറഞ്ഞ ശേഷം رضيت بالله ربًا وبمحمد رسولا وبالإسلام دينـا (റളീതു ബില്ലാഹി റബ്ബൻ വബി മുഹമ്മദിൻ റസൂലൻ വബിൽ ഇസ്ലാമി ദീന

[1] മുഖ്തസ്വറു മുസ്ലിം ഹദീസ് നമ്പർ: 199.

ൻ) "അല്ലാഹുവിനെ റബ്ബായും മുഹമ്മദ് നബിയെ റസൂലായും ഇസ്‌ലാമിനെ മതമായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു" എന്നു കൂടി പറഞ്ഞാൽ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്[1]

## ഉത്തരം ലഭിക്കുന്ന പ്രാർത്ഥന

ബാങ്കിന് ശേഷം നബി(സ)യുടെ പേരിൽ സ്വലാത് ചൊല്ലി, നമുക്ക് ആവശ്യമുള്ള കാര്യങ്ങൾ അല്ലാഹുവിനോട് ചോദിക്കുക:

---

[1] മുഖ്തസ്വറു മുസ്‌ലിം ഹദീസ് നമ്പർ: 200.
സുബ്ഹിയുടെ ബാങ്കിലെ അസ്സ്വലാതു ഖൈറും മിനന്നൗം എന്ന് കേട്ടാൽ പ്രത്യേകമൊന്നും പറയേണ്ടതില്ല. അത് തന്നെ നമ്മളും ഏററു പറയുക.

الدُّعَاءُ بَيْنَ الأذان والإقامةِ مُسْتَجَابَةٌ فَادْعُوا (المشكاة , صَحِيحُ الجامع للألباني رقم: ٣٤٠٥)

"ബാങ്കിൻേറയും ഇഖാമത്തിൻേറ യും ഇടക്കുള്ള പ്രാർത്ഥന ഉത്തരം നൽകപ്പെടും. നിങ്ങൾ പ്രാർത്ഥി ക്കുക."[1]

## ബാങ്കിന് ശേഷം പ്രാർത്ഥന

اللهُمَّ رَبَّ هَذِهِ الدَّعْوَةِ التامَّةِ وَالصَّلاةِ القَائِمَةِ آتِ مُحَمَّدٍ الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ مَقَامًا مَحْمُودًا الَّذِي وَعَدْتَهُ (البخاري)

[1] മിശ്കാത്ത് അൽബാനിയുടെ സ്വഹീഹ് നമ്പർ: 3405, 3408 2 ബുഖാരി

(അല്ലാഹുമ്മ റബ്ബഹാദിഹിദ്ദഅ്‌വതി ത്താമ്മ വസ്വലാതിൽ ഖാഇമ: ആതി മുഹമ്മദൻ അൽ വസീലത വൽ ഫളീലത വബ്അഥ്ഹു മഖാമൻ മഹ്മൂദനില്ലദീ വഅദ്തഹു)

"ഈ പരിപൂർണ്ണമായ പ്രാർത്ഥനയുടേയും ആസന്നമായ നമസ്കാരത്തിന്റേയും നാഥനായ അല്ലാഹുവേ, മുഹമ്മദ് നബിക്ക് വസീല, ഫളീല എന്നീ സ്ഥാനങ്ങൾ നൽകേണമേ. നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ പദവിയിലേക്ക് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ"[1]

---

[1] ബുഖാരി. ബാക്കിന്റെ പ്രാർത്ഥനയിൽ വദ്ദറജത റഫീഅ വർസുഖ്നാ ശഫാഅതഹു ഇന്നക ലാ തു

## വിസർജനത്തിന് പ്രവേശിക്കുമ്പോൾ

ഇടത് കാല് വെച്ച് പ്രാർത്ഥന ചൊല്ലി പ്രവേശിക്കുക:

اَللهمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ والْخَبَائث
(البخاري)

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ ഖുബുഥി വൽ ഖബാഇഥി) "അല്ലാഹുവേ, ആൺ പിശാചുക്കളിൽ നിന്നും പെൺ പിശാചുക്കളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"[1]

---

ഖ്‌ലിമുൽ മീആദ് എന്നത് ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടില്ല.

[1] അൽബാനി സ്വഹീഹ് അബൂദാവൂദ് 1/9 ന: 30.

## പുറത്ത് വരുമ്പോൾ

പുറത്ത് പോരുമ്പോൾ غُفْرَانَكَ (ഗുഫ്റാനക) "(അല്ലാഹുവേ) നിന്നോട് ഞാൻ പാപമോചനം തേടുന്നു"[1] എന്നു പറഞ്ഞ് വലതു കാൽ വെച്ച് പുറത്ത് കടക്കുക.)

ബഹുമാനിക്കപ്പെടേണ്ടതായ വസ്തുക്കൾ വിസർജ്ജന സമയത്ത് കൂടെയില്ലാതിരിക്കുക. ശുചീകരണത്തിന് വലതു കൈ ഉപയോഗിക്കാതിരിക്കുക, പരിപൂർണ്ണ ശുദ്ധി

[1] മുസ്ലിം. അൽഹംദുലില്ലാഹി ല്ലദീ അദ്ഹബ അന്നിയൽ അദാ വആഫാനീ എന്ന പ്രാർത്ഥന പ്രചരിക്കപ്പെട്ടിട്ടുള്ളത് ശരിയല്ല; അത് ദുർബലമാണ്. അൽബാനിയുടെ ളഈഫ് ഇബ്നുമാജ: 60, ഇർവാഉൽ ഗലീൽ: 53.

വരുത്തുക, മറ സ്വീകരിക്കുക, ഖിബ്‌ലക്ക് മുന്നിട്ടും പിന്നിട്ടും ആകാതിരിക്കാൻ ശ്രദ്ധിക്കുക, സംസാരിക്കാതിരിക്കുക എന്നിവയെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശുചീകരണ ശേഷം പ്രത്യേകം പ്രാർത്ഥന നബി(സ)യിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ചില പ്രാർത്ഥനാ പുസ്തകങ്ങളിൽ കാണുന്നത് പ്രവാചകൻ പഠിപ്പിച്ചതല്ല.

## പ്രകൃതിപരമായ സുന്നത്തുകൾ

خَمْسٌ مِنَ الفِطْرَةِ الْخِتَانُ ، والاسْتِحْدَادُ وَنَتْفُ الإِبْـــطِ وَتَقْلِــيمُ الأظْفَــار وَقَــصُّ الــشَّارِبِ (البخاري)

"അഞ്ച് കാര്യങ്ങൾ പ്രകൃതി ശീല ങ്ങളായ കാര്യങ്ങളാകുന്നു. ചേലാ കർമ്മം, ഗുഹ്യ രോമം നീക്കൽ, ക ക്ഷരോമം പറിച്ചു കളയൽ, നഖം മുറിക്കൽ, മീശ വെട്ടൽ എന്നിവ യാണ്. "[1]

## 40 ദിവസത്തിൽ കൂടരുത്

"നബി(സ) മീശ വെട്ടുക, നഖം മു റിക്കുക, കക്ഷം പറിക്കുക, ഗുഹ്യ രോമം വടിക്കുക എന്നിവക്ക് നാൽ പ്പത് ദിവസത്തിൽ അധികരിക്കാതി രിക്കുക എന്ന സമയം നിശ്ചയി ച്ചു തന്നിട്ടുണ്ട്. "[2]

---

1 ബുഖാരി.

2 മുസ്ലിം.

## മറ്റൊരു റിപ്പോർട്ട്
## ൰ കാര്യങ്ങൾ

عَشْرٌ مِنَ الفِطْرَةِ : قَصُّ الشَّارِبِ وَإِعْفَاءُ اللِّحْيَةِ وَالسِّوَاكِ وَاسْتِنْشَاقُ المَاءِ وَقَصُّ الأظفار وَغَسْلُ البَرَاجِمِ وَنَتْفُ الإبطِ وَحَلْقُ العَانَةِ، وَانْتِقَاصُ المَاءِ ونسي مصعب العاشرة قَال : إلاَّ أنْ تَكُونَ المضْمَضَةُ قَال النووي لعلها الختان (مسلم)

"പത്ത് കാര്യങ്ങൾ പ്രകൃതി ശീലങ്ങളാണ്: മീശ വെട്ടുക, താടി നീട്ടുക, പല്ല് തേക്കുക, മൂക്കിൽ വെള്ളമാക്കി വൃത്തിയാക്കുക, നഖം മുറിക്കുക, ശരീര സന്ധികൾ വൃത്തിയാക്കുക, കക്ഷരോമം പറിക്കുക, ഗുഹ്യരോമം വടിക്കുക, വെള്ളം കൊണ്ട് ശൗച്യം ചെയ്യുക. പത്താ

മത്തെ കാര്യം റിപ്പോർട്ടറായ മിസ്അബ്(റ) മറന്നു. അത് വായ വൃത്തിയാക്കലാണ്. അത് മുകളിൽ പറഞ്ഞ അഞ്ച് കാര്യങ്ങളിൽ എണ്ണിയ ചേലാകർമ്മം ആകാം എന്ന് നവവി(റ) പറയുന്നു."[1]

## വുദു നിർവ്വഹിക്കൽ

ബിസ്മില്ലാഹിർ റഹ്മാനിർറഹീം എന്ന് പറഞ്ഞ് ആരംഭിക്കുക.

لا وُضُوء لِمَنْ لَمْ يَذْكُرْ اسْمَ اللهِ عَلَيهِ (احمد, حاكم صحيح الجامع للألباني رقم: ٧٥٧٣)

---

[1] മുസ്ലിം.

"ബിസ്മി ചൊല്ലാത്തവന് വുദുവില്ല"[1]

ആദ്യം മുൻകൈ മൂന്ന് പ്രാവശ്യം കഴുകുക, തുടർന്ന് പല്ല് തേച്ച് വൃത്തിയാക്കി വായും മൂക്കും മൂന്ന് പ്രാവശ്യം കഴുകിയ ശേഷം മുഖം (നെററിയുടെ മുകൾ ഭാഗം മുതൽ താടിയുടെ അടിഭാഗം വരെയും ഒരു ചെവി മുതൽ മററെ ചെവി വരെയും) മൂന്ന് പ്രാവശ്യം കഴുകുക. ശേഷം വലതു കൈ മുട്ട് ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക; തുടർന്ന് അതുപോലെ ഇടതു കൈയും. ശേഷം കൈകൾ രണ്ടും നനച്ച് നെററിമുതൽ രണ്ട്

---

1 അഹ്മദ്, ഹാകിം. അൽബാനി സ്വഹീഹുൽ ജാമിഅ് 7573.

കൈകൊണ്ടുമായി പിരടി വരെ ത ടവി അതേ പോലെ നെററിവരെ തിരിച്ചുകൊണ്ടുവന്ന്, ചൂണ്ട് വിര ലുകൾ ചെവികൾക്ക് ഉള്ളിൽ പ്രവേ ശിപ്പിച്ച് തള്ളവിരലുകൾ കൊണ്ട് ചെവിയുടെ പുറഭാഗവും ഒരു പ്രാ വശ്യം മാത്രം തടവുക. ശേഷം വല തു കാൽ ഞെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക. അതു പോലെ ഇടത്തെ കാലും. ഇതാണ് നബി(സ)യുടെ വുദൂഇൻെറ രൂപം.

താടിരോമങ്ങൾ, വിരലുകൾ, മട മ്പുകാൽ എന്നീ ഭാഗങ്ങളിൽ കൃ ത്യമായും വെള്ളം എത്തിക്കാൻ ശ്രദ്ധിക്കണം വുളു എടുത്ത് കാലി ൽ അൽപം നനയാത്ത ഒരു വ്യക് തിയെ നബി(സ) രണ്ടാമതും വുളു

എടുപ്പിച്ച സംഭവം ഹദീസുകളിൽ കാണാം.[1] കഴുകുമ്പോൾ കൈ കാലുകൾ അൽപം കയററി കഴുകൽ നല്ലതാണ്. വുളുവിൻെറ ഭാഗങ്ങൾ പരലോകത്ത് പ്രകാശിക്കുക്കുന്നതാണ്[2] എന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. കഴുകേണ്ട അവയവങ്ങൾ മാത്രമേ മൂന്ന് തവണ നിർവ്വഹിക്കൽ സുന്നത്തുള്ളൂ. തലയും ചെവിയും ഒരു പ്രാവശ്യം മാത്രം തടവലാണ് സുന്നത്ത്. കൂടുതൽ ആവർത്തിക്കൽ സുന്നത്തിന് എതിരാണ്. തല തടവാൻ നനച്ച കൈകൊണ്ട് തന്നെ ചെവിയും

---

[1] മുസ്ലിം

[2] മുഖ്തസ്വറു മുസ്ലിം നമ്പർ : 128

തടവുക. ചെവി തടവുവാൻ പ്രത്യേകമായി വെള്ളം എടുക്കേണ്ടതില്ല. കാരണം നബി(സ) പറഞ്ഞു:

الأذنـان مِـنَ الـرأس (أبـو داود، إبـن ماجـه، ترمـذي، أحمـد، صـحيح الجـامع للألبـاني : ٢٧٦٥)

"രണ്ടു ചെവികളും തലയിൽ പെട്ടതാണ്"[1]

## വുദുവിന് ശേഷമുള്ള പ്രാർത്ഥന

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُه وَرَسُولُهُ (مسلم)

---

[1] അബൂദാവൂദ്, ഇബ്നുമാജ, തിർമുദി, അഹ്മദ്, അൽബാനി സ്വഹീഹുൽ ജാമിഅ് :2765.

اللهمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينْ (صحيح الترمذي ١/٨١)
سُبْحَانَكَ اللهمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَتُوبُ إِلَيْكَ (الإرواء الغليل : ١/١٢٥)

(അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു. വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു[1] അല്ലാഹുമ്മ ജ്അൽനീ മിനത്വവ്വാ ബീന വജ്അൽനീ മിനൽ മുതത്വഹ്ഹിരീൻ[2])
സുബ്ഹാനകല്ലാഹുമ്മ വബി ഹംദിക അശഹദു അൻലാ ഇലാഹ ഇ

[1] മുഖ്തസ്വറു മുസ്ലിം നമ്പർ: 143.
[2] സ്വഹീഹ് തിർമിദി

ല്ലാ അൻത അസ്തഗ്ഫിറുക വ അതൂബു ഇലൈക)[1]

"അല്ലാഹുവല്ലാതെ ആരാധ്യനില്ല; അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് എന്നും മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ റസൂലാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ നീ എന്നെ പശ്ചാത്തപിക്കുന്നവരിലും ശുദ്ധിയുള്ളവരിലും ഉൾപ്പെടുത്തേണമേ, അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീയല്ലാതെ ആരാധ്യനില്ല. നിന്നോട് ഞാൻ പാപമോചനം തേടുകയും നിന്നിലേ

---

1 അൽബാനി ഇർവാഉൽ ഗലീൽ: 1/135.

ക്ക് ഞാൻ പശ്ചാതപിച്ച് മടങ്ങുകയും ചെയ്യുന്നു." വുളുവിന് ശേഷം ഇപ്രകാരം പ്രാർത്ഥിച്ചാൽ സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളും അവനായി തുറക്കപ്പെടുന്നതാണ് ഇഷ്ടമുള്ളതിലൂടെ അവന് പ്രവേശിക്കാവുന്നതാണ്[1]

## വുളൂവിന് ശേഷം നമസ്കാരം!

مَا مِنْ مُسْلِمٍ يَتَوَضَّأُ فَيُحْسِنُ وُضُوءَهُ ثُمَّ يَقُومُ فَيُصَلِّي رَكْعَتَيْنِ مُقْبِلٌ عَلَيْهِمَا بِقَلْبِهِ وَوَجْهِهِ إِلاَّ وَجَبَتْ عَلَيْهِ الْجَنَّةُ (مختصر مسلم رقم: ١٤٣ )

"ഏതൊരു മുസ്‌ലിമാണോ നന്നായി വുളു എടുത്ത് മനസ്സും ശരീര

[1] മുഖ്തസ്വറു മുസ്‌ലിം നമ്പർ 143

വും അറിഞ്ഞുകൊണ്ട് രണ്ട് റക് അത്ത് നമസ്കരിക്കുന്നത് അവന് സ്വർഗ്ഗം നിർബന്ധമായും ലഭിക്കുന്നതാണ്"[1]

നബി(സ) ഒരിക്കൽ ബിലാൽ(റ) വിനോട് ചോദിച്ചു: ഇന്നലെ സ്വർഗ്ഗത്തിൽ ഞാൻ താങ്കളുടെ ചെരിപ്പടി ശബ്ദം കേട്ടു. എന്താണ് നിങ്ങൾ പ്രവർത്തിക്കുന്നപുണ്യകർമ്മം.അദ്ദേഹംപറഞ്ഞു: ഞാൻ രാത്രിയോ പകലോ എപ്പോൾ ശുദ്ധിവരുത്തിയാലും(വുളു എടുത്താലും രണ്ട് റക്അത്ത്) നമസ്കരിക്കും.[2]

---

1 മുഖ്തസ്വറു മുസ്ലിം നമ്പർ 143.

2 മുഖ്തസ്വറു മുസ്ലിം നമ്പർ 1682

## കുളി

നിർബന്ധമായി കുളിക്കുമ്പോൾ വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാകാൻ എന്ന് പ്രത്യേകം കരുതേണ്ടതാണ്.

ലൈംഗിക ബന്ധത്തിലേർപ്പെടുക (ഭാര്യാ ഭർത്താക്കളുടെ ലൈംഗിക ഭാഗങ്ങൾ തമ്മിൽ സ്പർശിച്ച ശേഷം ബന്ധപ്പെടാതെ പിന്മാറിയാലും കുളി നിർബന്ധമാണ്), സ്വപ്നത്തിലോ അല്ലാതെയോ സ്ഖലനം നടക്കുക, സ്ത്രീ ആർത്തവം പ്രസവം എന്നിവക്ക് ശേഷം ശുദ്ധിയാവുക, എന്നീ കാരണങ്ങളാൽ കുളിക്കൽ നിർബന്ധമാണ്.

പ്രവാചകൻ (സ) നിർബന്ധമായി കുളിക്കേണ്ട അവസരങ്ങളിൽ ആദ്യം തന്റെ വലതു കൈകൊണ്ട് ലൈംഗിക ഭാഗത്ത് വെള്ളം ഒഴിച്ച് ഇടതു കൈകൊണ്ട് കഴുകി വൃത്തിയാക്കും തുടർന്ന് നമസ്കാരത്തിന് വുദു ഉണ്ടാക്കും വിധം വുദു എടുക്കും (കാല് അവസാനം കഴുകിയാലും മതി) തുടർന്ന് തലയിൽ മൂന്ന് കോരൽ വെള്ളം ഒഴിക്കും പിന്നെ ശരീരത്തിന്റെ മററു ഭാഗങ്ങളിലും. കുളിച്ച സ്ഥലത്ത് നിന്നും അൽപം മാറി നിന്നായിരുന്നു കാല് കഴുകാറ്.[1]

---

[1] മുഖ്തസ്വറു മുസ്ലിം നമ്പർ 155.

# ദമ്പതിമാർക്ക് ഒരുമിച്ച് കുളിക്കാം

ഭാര്യാ ഭർത്താക്കൾ ഒന്നിച്ച് കുളിക്കുന്നതിന് വിരോധമില്ല. "ഞാനും പ്രവാചകനും ഒരുമിച്ച് ഒരു പാത്രത്തിലെ വെള്ളത്തിൽ നിന്ന് കുളിക്കാറുണ്ടായിരുന്നു എന്ന് ആയിഷ(റ) പറയുന്നുണ്ട്"[1]

നിർബന്ധമല്ലാതെയും കുളിക്കൽ പുണ്യമുള്ള അവസരങ്ങളുണ്ട്. വെള്ളിയാഴ്ച, പെരുന്നാൾ ദിവസങ്ങൾ, ഹജ്ജിനും ഉംറക്കും ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ എന്നിവ പ്രത്യേകം പുണ്യമുള്ളവയിൽ പെ

[1] മുഖ്തസ്വറു മുസ്ലിം നമ്പർ 161.

ട്ടതാണ്. ഒരാൾ ഇസ്‌ലാം ആശ്ലേഷിച്ചാലും കുളിക്കൽ സുന്നത്താണ്. കുളിക്കുമ്പോൾ മനസ്സിൽ പ്രസ്തുത ഉദ്ദേശമുണ്ടായിരിക്കണം. ഉദാഹരണമായി ദിവസവും പതിവായി കുളിക്കുന്ന നാം വെള്ളിയാഴ്ചയും സാധാരണപോലെ കുളിച്ചാൽ മേൽ പറഞ്ഞ പുണ്യം ലഭിക്കുകയില്ല. അതുകൊണ്ട് വെള്ളിയാഴ്ച ജുമുഅക്ക് സുന്നത്തുള്ള കുളി എന്ന ചിന്ത മനസ്സിലുണ്ടായിരിക്കണം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

കുളിക്കുന്ന അവസരത്തിൽ വുളുവിനു കൂടി നിയ്യത്ത് ചെയ്തുകൊണ്ട് കുളിച്ചാൽ അത് മതിയാകുന്നതാണ്.

كَانَ لاَ يَتَوَضَّأُ بَعْدَ الْغُسْلِ (أحمد , نسائي صحيح الجامع للألباني رقم: ٤٨٤٣ )

"അദ്ദേഹം കുളിച്ചതിന് ശേഷം വുളു എടുക്കുമായിരുന്നില്ല. "[1]

**വസ്ത്രധാരണം**

كَانَ إِذَا لَبِسَ قَمِيصًا بَدَأَ بِمَيَامِنِهِ ( الترمذي صحيح الجامع رقم: ٤٧٧٩)

"നബി(സ) വസ്ത്രം ധരിക്കുമ്പോൾ വലത് ഭാഗം കൊണ്ട് തുടങ്ങുമായിരുന്നു"[2]

---

1 അഹ്മദ് നസാഇ. സ്വഹീഹുൽ ജാമിഅ്: 4843.

2 തിർമിദി അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 4779.

കഴിയുമെങ്കിൽ വെള്ള വസ്ത്രം ധരിക്കലും സുന്നത്താണ്.

## വസ്ത്രം ധരിക്കുമ്പോൾ പ്രാർത്ഥന

اَلْحَمْدُ لِلهِ الَّذِي كَسَانِي هَذَا وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلاَ قُوَّةٍ (ارواء الغليل ٧/٤٧)

(അൽഹംദു ലില്ലാഹില്ലദീ കസാനീ ഹാദാ വറസഖനീഹി മിൻ ഗയ്‌രി ഹൗലിൻ മിന്നീ വലാ ഖുവ്വ) "എന്റെ ശക്തിയോ കഴിവോ കൂടാതെ എനിക്ക് ഇത് നൽകുകയും ധരിപ്പിക്കുകയും ചെയ്ത നാഥാനി നക്കാണ് സർവ്വ സ്തുതിയും"[1]

## പുത്തൻ വസ്ത്രമാണെങ്കിൽ

[1] അൽബാനിയുടെ ഇർവാഉൽ ഗലീൽ 7/47.

اللَّهُمَّ لكَ الحَمْدُ أنْتَ كَسَوْتَنِيهِ أسألكَ مِنْ خَيْرِهِ وَخَيْرِ مَا صُنِعَ لَهُ وَأعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ (أبو داود صححه الألباني مختصر شمائل الترمذي)

(അല്ലാഹുമ്മ ലകൽ ഹംദു അൻത കസൗതനീഹി, അസ്അലുക മിൻ ഖയ്രിഹി വമിൻ ഖയ്രി മാ സ്വുനിഅ ലഹു. വ അഊദു ബിക മിൻ ശർറിഹി വശർറി മാ സ്വുനിഅ ലഹു) "എന്നെ ഇത് ധരിപ്പിച്ച അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതികളും. ഇതിന്റേയും ഇത് ഉണ്ടാക്കുന്നതിന്റേയും നന്മയെ ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റേയും ഇത് ഉണ്ടാക്കുന്നതിന്റേയും തിന്മയിൽ നിന്ന് ഞാൻ

നിന്നോട് രക്ഷ ചോദിക്കുകയും ചെയ്യുന്നു"[1]

## പട്ട്, സ്വർണ്ണം പുരുഷന് ഹറാം

مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الآخِرِ فَلا يَلْبَسْ حَرِيرًا وَلاَ ذَهَبًا (أحمد, حاكم، صحيح الجامع : ٦٥٠٩)

"അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ പട്ടും സ്വർണ്ണവും ധരിക്കാതിരിക്കട്ടെ"[2]

الذهب والحرير حِلّ لإناثِ أمَّتِي وَحَرَامٌ عَلَى ذُكُورِهَا (طبراني صحيح الجامع : ٣٤٤٩)

---

[1] അൽബാനിയുടെ മുഖ്തസ്വറു ശമാഇലു തിർമിദി

[2] അഹ്മദ്, ഹാകിം. സ്വഹീഹുൽ ജാമിഅ് 6509.

"സ്വർണ്ണവും പട്ടും എന്റെ സമുദായത്തിലെ സ്ത്രീ വിഭാഗത്തിന് അനുവദനീയവും പുരുഷ വിഭാഗത്തിന് നിഷിദ്ധവുമാണ്." [1]

## പുരുഷന് ഞെരിയാണി വരെ

إِزَارَةُ الْمُؤْمِنِ إِلَى نِصْفِ السَّاقِ وَلَا جُنَاحَ عَلَيْهِ فِيمَا بَيْنَهُ وَبَيْنَ الْكَعْبَيْنِ ، مَا كَانَ أَسْفَلَ مِنَ الْكَعْبَيْنِ فَهُوَ فِي النَّارِ مَنْ جَرَّ إِزَارَهُ بَطَرًا لَمْ يَنْظُرِ اللهُ إِلَيْهِ (مالك، أحمد، أبو دود ، بيهقي، صحيح الجامع ٩٢١)

"മുഅ്മിനിന്റെ വസ്ത്രം കണം കാലിന്റെ പകുതി വരെയാണ്.

---

[1] ത്വബ്റാനി, സ്വഹീഹുൽ ജാമിഅ് 3449 ചെറിയ ആൺകുട്ടികൾക്കും സ്വർണ്ണം അണിയിക്കൽ ഹറാം തന്നെയാണ്.

എന്നാൽ അതിൻെറയും ഞെരിയാണിയുടെയും ഇടയിൽ വരുന്നതിൽ കുററമില്ല. ഞെരിയാണിക്ക് താഴെയുളളത് നരകത്തിലുമാണ്. അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ച് നടക്കുന്നവനിലേക്ക് അല്ലാഹു നോക്കുകയുമില്ല."[1]

لا يَنْظُرُ اللهُ إلى مَنْ جَرَّ ثَوْبَهُ خُيَلاءَ (متفق عليه)

"അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ച് നടക്കുന്നവനിലേക്ക് അല്ലാഹു നോക്കുകയില്ല."[2]

---

[1] മാലിക്, അഹ്മദ്, അബൂദാവൂദ്, ബൈഹഖി, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് : 921, 920, 919.

[2] മുത്തഫഖുൻ അലൈഹി

"വസ്ത്രം ഞെരിയാണിക്ക് താഴ്ത്തിയുടുക്കുന്ന പുരുഷന്മാരിലേക്ക് അല്ലാഹു നോക്കുകയോ അവരെ സംസ്കരിക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയുമാണുണ്ടാവുക"[1]

സ്ത്രീകൾക്ക് ഇത് ബാധകമല്ല അവർ മുഖവും മുൻകൈയ്യും ഒഴിച്ചുള്ള ഭാഗങ്ങൾ അന്യരുടെ മുന്നിൽ നിർബന്ധമായും മറച്ചിരിക്കേണ്ടതാണ്.

## സ്ത്രീകളുടെ വസ്ത്രം

أن أسماء بنت أبي بكر دخلت على رسـول الله صلى الله عليه وسلم وعليها ثياب رقاق

[1] മുസ്ലിം

فأعرض عنها رسول الله صلى الله عليه وسلم وقال يا أسماء إن المرأة إذا بلغت المحيض لم تصلح أن يري منها إلا هذا وهذا وأشار إلى وجهه وكفيه (صحيح أبي داود ٤/٦٤ رقم : ٤١٠٤ ، الإرواء الغليل لألباني ١٧٩٥)

"അസ്മാഅ് ബിൻത് അബൂബക്കർ (റ): നേരിയ (കട്ടികുറഞ്ഞ) തരത്തിലുള്ള വസ്ത്രം ധരിച്ച് നബി (സ)യുടെ അടുത്ത് പ്രവേശിച്ചു; അന്നേരം നബി(സ) അവളിൽ നിന്നും തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: അസ്മാഅ്, ഒരു സ്ത്രീ പ്രായപൂർത്തിയായാൽ പിന്നെ ഇതും ഇതും അല്ലാതെ പുറത്ത് കാണാൻ പാടില്ല. നബി(സ) തൻെറ മുൻക

യും മുഖവും അവൾക്ക് കാണിച്ചു കൊടുത്തു."[1]

صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا : رِجَالٌ بِأَيْدِيهِمْ سِيَاطٌ كَأَذْنَابِ الْبَقَرِ يَضْرِبُونَ بِهَا النَّاسَ ، وَنِسَاءٌ كَاسِيَاتٌ عَارِيَاتٌ مَائِلاَتٌ مُمِيلاَتٌ رُؤُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ لاَ يَدْخُلْنَ الْجَنَّةَ وَلاَ يَجِدْنَ رِيحَهَا وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا (مسلم)

"നരകാവകാശികളായ രണ്ട് വിഭാഗം, ഞാൻ അവരെ കണ്ടിട്ടില്ല; പശുക്കളുടെ വാല് പോലുള്ള ചാട്ടവാറും കയ്യിൽ പിടിച്ച് ജനങ്ങളെ

---

1 അബൂദാവൂദ് : 4/64 നമ്പർ: 4104, അൽബാനിയുടെ ഇർവാഅ് 1795.

മർദ്ദിച്ചു കൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളാണ് അവരിലൊന്ന്. മറെറാരു വിഭാഗം വസ്ത്രം ധരിച്ച നഗ്നകളായ സ്ത്രീകളാണ്. ചാഞ്ഞും ചെരിഞ്ഞുമിരിക്കുന്ന, ഒട്ടകങ്ങളുടെ പൂഞ്ഞ പോലെയുള്ള തലകളായിരിക്കും അവർക്ക്. അവർ അന്യരിലേക്ക് ചാഞ്ഞും മററുള്ളവരെ തങ്ങളിലേക്ക് വശീകരിച്ചും കൊണ്ടിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. സ്വർഗ്ഗത്തിൻെറ പരിമളം ആസ്വദിക്കുക പോലുമില്ല. എത്രയോ ദൂരത്തേക്ക് അടിച്ചുവീശുന്നതാണ് അതിൻെറ പരിമളം."[1]

---

[1] മുസ്ലിം

## മുടി ചീകുമ്പോൾ

كَانَ يُحِبُّ التَّيَمُّنَ مَا اسْتَطَاعَ فِي طُهُورِهِ وَتَنَعُّلِهِ وَتَرَجُّلِهِ وَفِي شَأْنِهِ كُلِّهِ (متفق عليه)

"നബി(സ) ശുദ്ധീകരണത്തിലും, ചെരിപ്പ് ധരിക്കുന്നതിലും, മുടി ചീകുന്നതിലും എല്ലാ കാര്യങ്ങളിലും കഴിയുന്നത്ര വലത് ഭാഗം മുന്തിക്കാൻ ഇഷ്ടപ്പെട്ടിരുന്നു"[1]

مَنْ كَانَ لَهُ شَعْرٌ فَلْيُكْرِمْهُ (أبو داود صحيح الجامع)

"വല്ലവനും മുടിയുണ്ടെങ്കിൽ അവൻ അത് ആദരിക്കട്ടെ (ചീകിവെക്കട്ടെ)"[2]

---

[1] മുതഫഖുൻ അലൈഹി.

[2] അബൂദാവൂദ് സ്വഹീഹുൽ ജാമിഅ് 6493.

كَانَ يَضْرِبُ شَعْرُ رَسُولُ اللهِ ﷺ مَنْكِبَيْهِ (مسلم)

"നബി(സ)യുടെ മുടി ചുമലിലേക്ക് തൂങ്ങി നിൽക്കുന്നതായിരുന്നു"[1]

പതിവായി തലമുടി കളയുക എന്നത് പുണ്യമായി പഠിപ്പിച്ചിട്ടില്ല. ഹജ്ജിലും ഉംറയിലും മുടി കളയൽ വെട്ടുന്നതിനേക്കാൾ ശ്രേഷ്ഠമായതാണ്.

عن عائشة ﵂ قالتْ كَانَ رَسُولُ اللهِ ﷺ يُدْخِلُ عَلَيَّ رَأسَهُ فَأرَجِّلُهُ (مسلم)

"ആയിഷ(റ) പറയുന്നു: നബി(സ) അദ്ദേഹത്തിന്റെ തല എന്റെ അ

---

[1] മുഖ്തസ്വറു മുസ്ലിം നമ്പർ 1565

ടുത്തേക്ക് നീട്ടിത്തരും ഞാനത് അന്നേരം ഞാനത് ചീകിക്കൊടുക്കുകയും ചെയ്യും"[1]

## നരച്ചത് പറിക്കരുത്

نهى عن نتف الشيب (نسائي ، ابن ماجه صحيح الجامع للألباني رقم: ٦٩٨١)

"നരച്ചത് പറിക്കുന്നതിനെ നബി (സ) വിരോധിച്ചിരിക്കുന്നു"[2]

## കറുപ്പിക്കുകയുമരുത്

നബി(സ)യുടെ അടുക്കൽ മക്ക വിജയ ദിവസം അബൂ ഖുഹാഫ (റ) വിനെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ താടിയും തലയും നരച്ച്

---

1 മുഖ്തസ്വറു മുസ്ലിം നമ്പർ 174.

2 നസാഇ, ഇബ്നുമാജ. സ്വഹീഹുൽ ജാമിഅ് 6981.

വെളുത്ത പൂവ് പോലെ ആയിരുന്നു. അന്നേരം നബി(സ) പറഞ്ഞു:

غَيِّرُوا هَذَا بِشَيْءٍ وَاجْتَنِبُوا السواد (مسلم)

"നിങ്ങൾ ഇത് ഒന്ന് നിറം മാററുക, കറുപ്പ് ആവുകയും അരുത്"[1]

غَيِّـرُوا الـشَّيْبَ ولا تُقَرِّبُـوهُ الـسَّوَادَ (أحمـد صحيح الجامع للألباني ٤١٦٩)

"നിങ്ങൾ നര മാററുക അത് കറുപ്പിനോട് അടുപ്പിക്കരുത്"[2]

## കുറച്ച്ഭാഗം മുടി നീക്കൽ

أَنَّ رَسُولَ الله ﷺ نَهَى عَنِ الْقَزْعِ الْقَزْعِ يُحْلَقُ

---

[1] മുഖ്തസ്വറു മുസ്‌ലിം നമ്പർ: 1347.

[2] അഹ്മദ് സ്വഹീഹുൽ ജാമിഅ് 4169.

بَعْضُ رَأس الصَّبِيِّ وَيَتْرُكُ بَعْضَهُ (مسلم)

"നബി(സ) ഖസ്അ് വിരോധിച്ചിട്ടു ണ്ട്. കുട്ടികളുടെ തല കുറച്ച് ഭാഗം മുടി കളയുകയും ബാക്കി നീട്ടുക യും ചെയ്യലാണ് ഖസ്അ്"[1]

ഇന്ന് ഫാഷന്റെ പേരിൽ കുട്ടികളി ൽ കാണുന്ന ഇത്തരം രീതി മുസ് ലിംകൾ അനുകരിക്കൽ നിഷിദ്ധ മാണ്. രക്ഷിതാക്കൾ ശ്രദ്ധിക്കുക.

## കൃത്രിമ മുടിയും നിഷിദ്ധം

രോഗം കാരണം മുടി കൊഴിഞ്ഞ ഒരു സ്ത്രീക്ക് കല്യാണ ദിവസം പോലും കൃത്രിമ മുടി വെക്കാൻ ന ബി(സ) അനുവദിച്ചിട്ടില്ല. അദ്ദേഹം

---

[1] മുഖ്തസ്വറു മുസ്‌ലിം നമ്പർ: 1382.

പറഞ്ഞത് "കൃത്രിമ മുടി വെക്കുന്ന വളേയും വെച്ചുകൊടുക്കുന്ന വളേയും അല്ലാഹു ശപിക്കട്ടെ എന്നാണ്"[1]

## സുബ്ഹി നാഥന്റെ സംരക്ഷണം

مَنْ صَلَّى الْفَجْرَ فَهُوَ فِي ذِمَّةِ اللهِ فَلا يَطْلُبَنَّكُمُ اللهُ بِشَيْءٍ مِنْ ذِمَّتِهِ (ابن ماجة، صحيح الجامع ٦٣٤٤)

"വല്ലവരും സുബ്ഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിന്റെ കാവലിലായിരിക്കും. അവന്റെ കാവൽ ലഭിക്കാൻ മറ്റൊന്നും അവൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല."[2]

---

1 മുഖ്തസ്വറു മുസ്‌ലിം നമ്പർ: 1383

2 ഇബ്നുമാജ, സ്വഹീഹുൽ ജാമിഅ് 6344.

## രാത്രിമുഴുവൻ നമസ്കരിച്ചവൻ !

مَنْ صَلَّى الْعِشَاءَ فِي جَمَاعَةٍ كَانَ كَقِيَامِ نِصْفِ لَيْلَةٍ وَنْ صَلَّى الْعِشَاءَ وَالْفَجْرَ فِي جَمَاعَةٍ كَانَ كَقِيَامِ لَيْلَةٍ (مسلم، أبو داود صحيح الجامع ٦٣٤٢)

"വല്ലവരും ഇശാഅ് ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി പകുതി നമസ്കരിച്ചവനെ പോലെയും, ഇശാഉം സുബ്ഹിയും ജമാഅത്തായി നമസ്കരിച്ചാൽ രാത്രി മുഴുവനും നമസ്കരിച്ചവനെപ്പോലെയുമാണ്."[1]

[1] മുസ്ലിം, അബൂദാവൂദ് സ്വഹീഹുൽ ജാമിഅ് 6341,6342.

## സുബ്ഹിയുടെ സുന്നത്ത്

رَكْعَتَا الْفَجْرِ خَيْرٌ من الدُّنيا وما فيها (مسلم)

“സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് സുന്നത്ത് ഈ ലോകവും അതിലുള്ള മുഴുവൻ വസ്തുക്കളും ലഭിക്കുന്നതിനേക്കാളും ഉത്തമം.”[1]

നബി(സ) സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്തും വിത്റ് നമസ്കാരവും യാത്രയിൽ പോലും ഒഴിവാക്കാറില്ല.

## സുന്നത്ത് വീട്ടിൽ വെച്ച്

اجْعَلُوا فِي بُيُوتِكُمْ مِنْ صَلاَتِكُمْ وَلاَ تَتَّخِذُوهَا قُبُورًا (البخاري)

---

[1] മുഖ്തസ്വറു മുസ്ലിം 359.

"നിങ്ങളുടെ നമസ്കാരങ്ങളിൽ ചിലത് വീടുകളിൽ വെച്ച് നിർവ്വഹിക്കുക. വീടുകൾ നിങ്ങൾ ഖബർസ്ഥാൻ പോലെയാക്കരുത്"[1]

إِذَا قَضَى أَحَدُكُمْ الصَّلاَةَ فِي مَسْجِدِهِ فَلْيَجْعَلْ فِي بَيْتِهِ نَصِيبًا فَإِنَّ اللهَ جَاعِلُ فِي بَيْتِهِ مِنْ صَلاَتِهِ خَيْرًا (مسلم)

"നിങ്ങളുടെ നമസ്കാരങ്ങൾ നിങ്ങൾ പള്ളിയിൽ വെച്ച് നിർവ്വഹിക്കുമ്പോൾ ഒരു പങ്ക് വീട്ടിൽ വെച്ചും നമസ്കരിക്കുക. അല്ലാഹു അതുമൂലം വീട്ടിൽ നന്മ നൽകുന്നതാണ്"[2]

---

[1] മുഖ്തസ്വറു ബുഖാരി നമ്പർ 611.

[2] മുഖ്തസ്വറു ബുഖാരി നമ്പർ 375.

## സുബ്ഹി: സുന്നത്തിലെ സൂറത്തുകൾ

أنَّ رَسُولُ اللهِ ﷺ قَرَأَ فِي رَكْعَتَيْ الفَجْرِ قُلْ يَا أَيُّهَا الكَافِرُونَ وَقُلْ هُوَ اللهُ أَحَدٌ (م مسلم ٣٦٠)

"നബി(സ) സുബ്ഹിയുടെ സുന്നത്തിൽ ഖുൽയാ അയ്യുഹൽ കാഫിറൂനയും ഖുൽ ഹുവല്ലാഹു അഹദുമായിരുന്നു പാരായണം ചെയ്തിരുന്നത്. "[1]

## ജമാഅത്ത് പള്ളിയിൽ വെച്ച്

مَنْ سَمِعَ النِّدَاءَ فَلَمْ يَأْتِهِ فَلا صَلاةَ لَهُ إِلاَّ مِنْ عُذْرٍ (صحيح أبوداود، الحاكم. صحيح الجامع للألباني ٦٣٠٠)

---

[1] അുഖ്തസ്വറു മുസ്ലിം 360.

"ആരെങ്കിലും ബാങ്ക് കേട്ട് കാരണമില്ലാതെ അതിന് ഉത്തരം നൽകാതിരുന്നാൽ അവന് നമസ്കാരമില്ല. (പള്ളിയിലല്ലാതെയുള്ളത് സ്വീകാര്യമല്ല)"[1]

## ദൂരത്തിന് അനുസരിച്ച് പ്രതിഫലം

أَعْظَمُ النَّاس أَجْرًا فِي الصلاةِ أَبْعَدُهُمْ إِلَيْهَا مَمْشَى والَّذِي يَنْتَظِرُ الصَّلاةَ حَتَّى يُصَلِّيهَا مَعَ الإمَام (متفق عليه)

"നമസ്കാരത്തിൽ ഏററവും മഹത്തായ പ്രതിഫലം അകലെനിന്നും വന്ന് നമസ്കാരം കാത്തിരുന്ന് ഇ

---

1 അബൂദാവൂദ്, ഹാകിം. സ്വഹീഹുൽ ജാമിഅ് 6300.

മാമിനോടൊപ്പം നമസ്കരിക്കുന്നവ നാണ്. "[1]

## നേരത്തെ പുറപ്പെടുക

وَلَوْ يَعْلَمُونَ مَا فِي التَّهْجِيرِ لاَسْتَبَقُوا إِلَيْهِ
(رواه مسلم)

"നേരത്തെ പുറപ്പെടുന്നതിലുള്ള ശ്രേഷ്ഠത അവർ (ജനം) അറിഞ്ഞിരുന്നുവെങ്കിൽ അവർ മൽസരിക്കുമായിരുന്നു"[2]

## വീട്ടിൽനിന്നും വുളു എടുക്കുക

إِذَا تَوَضَّأَ أَحَدُكُمْ فَأَحْسَنَ الْوُضُوءَ ثُمَّ خَرَجَ
إِلَى الْمَسْجِدِ لاَ يَنْزِعُهُ إِلاَّ الصَّلاَةُ لَمْ تَزَلْ رِجْلُهُ

---

1 മുത്തഫഖുൻ അലൈഹി

2 മുഖ്തസ്വറു മുസ്ലിം 268.

الْيُسْرَى تَمْحُو عَنْهُ سَيِّئَةً وَتَكْتُبُ لَهُ الْيُمْنَى حَسَنَةً حَتَّى يَدْخُلَ الْمَسْجِدَ ، وَلَوْ يَعْلَمُ النَّاسُ مَا فِي الْعَتَمَةِ وَالصُّبْحِ لأَتَوْهُمَا وَلَوْ حَبْوًا
(حاكم ، بيهقي صحيح الجامع للألباني ٤٤١ )

"നിങ്ങളിലൊരാൾ നല്ല നിലയിൽ വുളുവുണ്ടാക്കി നമസ്കാരം മാത്രം ഉദ്ദേശിച്ച് പള്ളിയിലേക്ക് പുറപ്പെട്ടാൽ അവന്റെ ഓരോ ഇടത് കാലടിക്ക് അനുസരിച്ച് പാപങ്ങൾ മായ്ക്കപ്പെടുകയും വലതു കാലടിക്ക് അനുസരിച്ച് നന്മ രേഖപ്പെടുത്തുകയുംചെയ്തു കൊണ്ടേയിരിക്കും. ഇശാഇനും സുബ്ഹിക്കുമുള്ള പുണ്യം ജനം മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടുകുത്തി ഇഴഞ്ഞ

കിലും അവർ (പള്ളിയിൽ) എത്തുമായിരുന്നു!"[1]

## വീട്ടുകാരോട് സലാം പറയുക

إذَا دَخَلْتُمْ بَيْتًا فَسَلِّمُوا عَلَى أَهْلِهِ فَإذَا خَرَجْتُمْ فَأَوْدِعُوا أَهْلَهُ بِسَلامٍ (بيهقي جامع الصحيح ٥٢٦)

"നിങ്ങൾ വീട്ടിൽ പ്രവേശിച്ചാൽ വീട്ടുകാർക്ക് സലാം പറയുക, നിങ്ങൾ പുറത്ത് പോകുമ്പോൾ വീട്ടുകാർക്ക് സലാം പറഞ്ഞ് യാത്ര ചോദിക്കുക."[2]

## പുറത്തിറങ്ങുമ്പോൾ

إذَا خَرَجَ الرَّجُلُ مِنْ بَيْتِهِ فَقَالَ بِسْمِ اللهِ تَوَكَّلْتُ

---

1 ഹാകിം, ബൈഹഖി. സ്വഹീഹുൽ ജാമിഅ് 441.

2 ബൈഹഖി, സ്വഹീഹുൽ ജാമിഅ് 526.

عَلَى اللهِ لا حَوْلَ وَلا قُوَّةَ إلاَّ بِاللهِ فَيُقَالُ لَهُ: حَسْبُكَ قَدْ هُدِيتَ وَكُفِيتَ وَوُقِيتَ فَيَتَنَحَّى لَهُ الشَّيْطَانُ (نسائي، أبو داود صحيح الجامع للألباني ٤٩٩)

"ഒരാൾ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ (അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് (പുറപ്പെടുന്നു) എല്ലാ കഴിവും ശക്തിയും അല്ലാഹുവിനെക്കൊണ്ടല്ലാതെ ഇല്ല) എന്ന് പറഞ്ഞ് പുറപ്പെട്ടാൽ; നിനക്ക് അത് മതി, നീ നേർമാർഗ്ഗത്താലാവുകയും, മതിയായവനാവുകയും, സുരക്ഷിതനാവുകയും ചെയ്തിരിക്കുന്നു എന്ന് പറയപ്പെടുകയും

പിശാച് അവനിൽ നിന്ന് മാറിപ്പോവുകയും ചെയ്യും"[1]

## വലതുകാൽ വെച്ച് ഇറങ്ങുക

إذا انتعل أحدكم فليبدأ باليمنى وإذا خلع فليبدأ بالشمال (مختصر مسلم ١٣٨١)

"നിങ്ങൾ ചെരുപ്പ് ധരിക്കുമ്പോൾ വലത് ആദ്യം ധരിക്കുക; അഴിക്കുമ്പോൾ ഇടത് ആദ്യം അഴിക്കുകയും ചെയ്യുക."[2]

## വഴിയിലെ പുണ്യം നേടുക

لا تحقرن من المعروف شيئا ولو أن تلقى

---

[1] നസാഈ, അബൂദാവൂദ് സ്വഹീഹുൽ ജാമിഅ് 499.

[2] മുഖ്തസ്വറു മുസ്‌ലിം 1381.

أَخَـاكَ بوَجْـهٍ طلِـق (أحمـد، مختـصر مـسلم ١٧٨٢)

"ഒരു പുണ്യവും നിങ്ങൾ നിസ്സാര മായി കാണരുത്. തന്റെ സഹോ ദരനെ കാണുമ്പോൾ പുഞ്ചിരിക്കു ന്നത് പോലും."[1]

## കടമകൾ ഓർക്കുക

حَقُّ الْمُسْلِمِ عَلَى الْمُسْلِمِ سِتٌّ إِذَا لَقِيتَهُ فَسَلِّمْ عَلَيْهِ وَإِذَا دَعَاكَ فَأَجِبْهُ وَإِذَا اسْتَنْصَحَكَ فَانْصَحْ لَـهُ وَإِذَا عَطِسَ فَحَمِدَ اللهَ فَشَمِّتْهُ وَإِذَا مَرِضَ فَعُدْهُ وَإِذَا مَاتَ فَاتَّبِعْهُ (متفق عليه)

"ഒരു മുസ്ലിമിന് മറ്റൊരു മു സ്ലിമിനോടുള്ള ബാധ്യതകൾ ആ

---

[1] അഹ്മദ്, മുഖ്തസ്വറു മുസ്ലിം 1782.

റാണ്: കണ്ട് മുട്ടിയാൽ സലാം പറയുക, ക്ഷണിച്ചാൽ സ്വീകരിക്കുക, നിന്നോട് ഉപദേശം ആവശ്യപ്പെട്ടാൽ ഉപദേശിക്കുക, തുമ്മുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ ഗുണത്തിനായി പ്രാർത്ഥിക്കുക, രോഗിയായാൽ സന്ദർശിക്കുക, മരിച്ചാൽ മയ്യിത്തിനെ പിന്തുടരുക "[1]

## വഴിയിലെ ഉപദ്രവങ്ങൾ നീക്കുക

الإيمَانُ بِضْعٌ وَسَبْعُونَ شُعْبَةً فَأفْضَلُهَا قَوْلُ لا إلَـهَ إلاَّ اللهُ وَأدْنَاهَا إمَاطَـةُ الأذَى عَنِ الطَّرِيـقِ وَالحَيَـاءُ شُعْبَةٌ مِنَ الإيمَـان (مختصر مسلم ، أبو داود)

---

[1] മുത്തഫഖുൻ അലൈഹി

"ഈമാനിന് എഴുപതിൽ പരം ശാഖകളുണ്ട്. അതിൽ ഏററവും ശ്രേഷ്ഠമായത് ലാ ഇലാഹ ഇല്ലല്ലയും ഏററവും താഴ്ന്നത് വഴിയിലെ ഉപദ്രവങ്ങൾ നീക്കലുമാണ്. ലജ്ജ ഈമാനിന്റെ ഒരു ശാഖയാണ്. "[1]

## പള്ളിയിൽ പ്രവേശിക്കുമ്പോൾ

إِذَا دَخَلَ أَحَدُكُمْ الْمَسْجِدَ فَلْيَقُلْ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ وَإِذَا خَرَجَ فَلْيَقُلْ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ (مسلم)

"നിങ്ങൾ പള്ളിയിൽ പ്രവേശിക്കുമ്പോൾ അല്ലാഹുമ്മ ഫ്തഹ് ലീ അബ്വാബ റഹ്മതിക (അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാട

---

[1] അബൂദാവൂദ്, മുഖ്തസ്വറു മുസ്ലിം 30.

ങ്ങൾ എനിക്ക് തുറന്ന് തരേണമേ) എന്ന് പ്രാർത്ഥിക്കുക; പുറത്തിറങ്ങുമ്പോൾ (ഇടതു കാൽ എടുത്ത് വെച്ച് ഇറങ്ങുക) അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫള്ലിക (അല്ലാഹുവേ, നിന്റെ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു) എന്ന് പ്രാർത്ഥിക്കുക."[1]

## ഒന്നാം സ്വഫ്ഫ് കരസ്ഥമാക്കുക

لَوْ يَعْلَمِ النَّاسُ مَا فِي النِّدَاءِ والصفِّ الأوَّلِ ثُمَّ لَمْ يَجِدُوا إلاَّ أنْ يَسْتَهِمُوا عَلَيْهِ لاسْتَهَمُوا (مسلم)

"ബാങ്ക് വിളിക്കുന്നതിന്റേയും ഒ

---

[1] മുഖ്തസ്വറു മുസ്ലിം 247.

ന്നാമത്തെ സ്വഫ്ഫിന്റേയും പു ണ്യം ജനം മനസ്സിലാക്കിയിരുന്നു വെങ്കിൽ നറുക്ക് ഇട്ടാലേ അത് ക രസ്ഥമാവുകയുള്ളൂ എങ്കിൽ അവ ർ നറുക്കിടുക തന്നെ ചെയ്യും"[1]

## മുന്നിൽ മറ സ്വീകരിക്കുക

إذا صلّى أحَدُكُمْ فَلْيُصَلِّ إلى سُتْرَةٍ وَلْيَدْنُ مِنْهَا
(صحيح أبي داود لألباني ١/١٣٥)

"നിങ്ങൾ നമസ്കരിക്കുമ്പോൾ മു ന്നിൽ മറ സ്വീകരിക്കുകയും അതി നോട് അടുത്ത് നിൽക്കുകയും ചെയ്യുക."[2]

---

[1] മുഖ്തസ്വറു മുസ്‌ലിം 268

[2] അൽബാനി സ്വഹീഹ് അബൂദാവൂദ് 1/135.

## തഹിയ്യത്ത് നമസ്കാരം

إذَا دَخَلَ أحَدُكُمْ المَسْجِدَ فَلا يَجْلِسْ حَتَّى يَرْكَعَ رَكْعَتَيْن (مختصر مسلم رقم: ٢٤٨)

"നിങ്ങൾ പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിക്കുന്നതിന് മുമ്പ് ഇരിക്കരുത്."[1]

## നമസ്കാരം കാത്ത് ഇരിക്കൽ

مَنْ صَلَّى وَجَلَسَ يَنْتَظِرُ الصَّلاةَ لَمْ يَزَلْ فِي صَلاةٍ حَتَّى تَأتِيَهُ الصَّلاةُ الَّتِي يُلاقِيهَا (نسائي، صحيح الجامع رقم : ٦٣٦٦)

"വല്ലവനും നമസ്കരിച്ച് മറ്റൊരു നമസ്കാരം പ്രതീക്ഷിച്ച് കാത്തി

[1] മുഖ്തസ്വറു മുസ്ലിം 248.

രുന്നാൽ അവൻ ആ നമസ്കാരം എത്തുന്നത് വരെ അവൻ നമസ്കാരത്തിന്റെ പ്രതിഫലത്തിലായിരിക്കും."[1]

## മലക്കുകളുടെ പ്രാർത്ഥന

لا يَزَالُ أَحَدُكُمْ فِي صَلاةٍ مَا دَامَ يَنْتَظِرُهَا وَلا تَزَالُ الْمَلائِكَةُ تُصَلِّي عَلَى أَحَدِكُمْ مَا دَامَ فِي الْمَسْجِدِ ، اللهمَّ اغْفِرْ لَهُ اللهمَّ ارْحَمْهُ مَا لَمْ يُحْدِثْ (الترمذي)

"നിങ്ങളിലൊരാൾ നമസ്കാരം പ്രതീക്ഷിച്ചിരിക്കുമ്പോൾ അവൻ നമസ്കാരത്തിലായിരിക്കും. അവൻ പള്ളിയിലായിരിക്കുന്ന സമയം മലക്കുകൾ അവന് വേണ്ടി പ്രാർത്ഥി

[1] നസാഇ, സ്വഹീഹുൽ ജാമിഅ് 6366.

ച്ചുകൊണ്ടേയിരിക്കും. അല്ലാഹു വേ ഇദ്ദേഹത്തിന് പൊറുത്തു കൊ ടുക്കേണമേ, അല്ലാഹുവേ ഇദ്ദേഹ ത്തോട് കരുണ കാണിക്കേണമേ. ഇത് വുളുവോട് കൂടി ഇരിക്കുന്ന അത്രയും സമയം ലഭിക്കുന്നതാ ണ്."[1]

## ഉത്തരം ലഭിക്കുന്ന പ്രാർത്ഥന

നമസ്കാരത്തിലേക്ക് നിൽക്കുന്ന സമയത്തുള്ള പ്രാർത്ഥനകൾ ഉത്ത രം ലഭിക്കാൻ സാധ്യതയുള്ളതാ ണ്.

اطْلُبُوا اسْتِجَابَةَ الدُّعَاءِ عِنْدَ الْتِقَاءِ الْجُيُوشِ

---

[1] തിർമിദി നമ്പർ 330.

وَإِقَامَةِ الصَّلاَةِ وَنُزُولِ الغَيْثِ (بيهقي ، صحيح الجامع للألباني ١٠٢٦)

"നിങ്ങൾ സൈന്യങ്ങൾ ഏററുമുട്ടുമ്പോഴും നമസ്കാരത്തിന് ഇഖാമത് കൊടുക്കുമ്പോഴും മഴ വർഷിക്കുമ്പോഴും പ്രാർത്ഥനക്ക് ഉത്തരം തേടുക."[1]

അനസ്(റ) പറയുന്ന ഒരു സംഭവം ഇമാം മുസ്ലിം ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഒരാൾ നമസ്കാരത്തിന് സ്വഫ്ഫിലേക്ക് കിതച്ചുകൊണ്ട് വന്നു, അയാൾ അൽ ഹംദുലില്ലാഹി ഹംദൻ കസീറൻ ത്വയ്യിബൻ മുബാറകൻഫീഹി എന്നു പറഞ്ഞു. നമസ്കാരം കഴിഞ്ഞ് പ്രവാ

[1] ബൈഹഖി, സ്വഹീഹുൽ ജാമിഅ് 1026.

ചകൻ ചോദിച്ചു ആരായിരുന്നു ആ വചനങ്ങൾ പറഞ്ഞത്. എല്ലാ വരും മൗനമായി നിന്നു. പ്രവാ ചകൻ വീണ്ടും ചോദിച്ചപ്പോൾ അ യാൾ ഉണ്ടായ സംഭവം പറഞ്ഞു. അന്നേരം പ്രവാചകൻ പറഞ്ഞു: ഞാൻ അന്നേരം പന്ത്രണ്ട് മലക്കു കൾ ആ പുണ്യകർമ്മത്തെ ഏറ്റെ ടുക്കാൻ തർക്കിക്കുന്നതായി ക ണ്ടു. "[1]

## അവസാന നമസ്കാരമാകുമോ

നമസ്കരിക്കാൻ നിൽക്കുമ്പോൾ തന്റെ അവസാന നമസ്കാരമാ യിപ്പോകുമോ എന്ന് ഭയപ്പെട്ട് പര

---

[1] മുഖ്തസ്വറു മുസ്ലിം 271.

ലോക ചിന്തയോടെ ആത്മാർത്ഥ തയോടെ നിർവ്വഹിക്കുക. കാര ണം ഏതൊരു മനുഷ്യനും എപ്പോ ഴും മരണം പിടികൂടാവുന്ന അവ സ്ഥയിലാണ് എന്ന് ഓർക്കുക.

صَلِّ صَلاَةَ مُوَدِّعٍ كَأَنَّكَ تَرَاهُ فَإِنْ كُنْتَ لا تَرَاهُ فَإِنَّهُ يَرَاكَ (صحيح الجامع للألباني رقم : ٣٧٧٦)

“നീ ഒരു യാത്രചോദിക്കുന്നവ ന്റെ നമസ്കാരം നിർവ്വഹിക്കുക. നീ അവനെ (അല്ലാഹുവിനെ) കാ ണുന്നു എന്ന ചിന്തയോടെയും. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണും”[1]

[1] അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 3776.

## നബി(സ)യുടെ നമസ്കാരം

صلّوا كمَا رأيْتمُوني اصلّي (البخاري)

നബി(സ) പറഞ്ഞു: "ഞാൻ നമസ്കരിക്കുന്നത് കണ്ട പോലെ നിങ്ങൾ നമസ്കരിക്കുക."[1]

## നിയ്യത്ത്

إنّمَا الأعْمَالُ بالنِّيَاتِ (البخاري)

"നിശ്ചയം കർമ്മങ്ങൾ (സ്വീകരിക്കപ്പെടുക) നിയ്യത്ത് (ഉദ്ദേശ്യം) അനുസരിച്ച് മാത്രമാണ്."[2]

**നമസ്കാരത്തിന് ഒരുങ്ങുമ്പോൾ**

---

[1] ബുഖാരി

[2] ബുഖാരി

തന്നെ താൻ നമസ്കരിക്കുകയാണ് എന്ന ഉദ്ദേശ്യത്തോടെ തന്റെ മനസ്സും ശരീരത്തോടൊപ്പം നമസ്കാരത്തിൽ ഉണ്ടായിരിക്കണം. ഇതാണ് നിയ്യത്ത്. നമസ്കാരത്തിൽ നിയ്യത്ത് പറയൽ നബി ചര്യക്ക് വിരുദ്ധമാണ്.

## സുജൂദ് സ്ഥാനം നോക്കുക

"നമസ്കാരത്തിൽ സുജൂദിന്റെ സ്ഥാനത്തേക്കായിരിക്കണം നോക്കേണ്ടത്."[1]

## കൈകൾ ഉയർത്തൽ

"നമസ്കാരത്തിലേക്ക് പ്രവേശിക്കു

[1] ബൈഹഖി, ഹാകിം. അൽബാനിയുടെ സ്വിഫതു സ്വലാതുന്നബിയ്യി പേജ്: 89.

മ്പോഴും റുകൂഇലേക്ക് പോകുമ്പോഴും റുകൂഇൽ നിന്ന് ഉയരുമ്പോഴും മൂന്നാമത്തെ റക്അത്തിലേക്ക് നിൽക്കുമ്പോഴും കൈകൾ രണ്ടും നിവർത്തിയ നിലയിൽ ചുമലിന് നേരെ ഉയർത്തേണ്ടതാണ്."[1]

മേൽ പറയപ്പെട്ട നാല് അവസരങ്ങളിൽ മാത്രമാണ് കൈകൾ ഉയർത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## കൈ നെഞ്ചത്ത് വെക്കൽ

നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോൾ മേൽപറഞ്ഞ പ്രകാരം കൈകൾ രണ്ടും ഉയർത്തി അല്ലാ

---

[1] ബുഖാരി

ഹു അക്ബർ എന്ന് പറഞ്ഞ് "വലതു കൈ ഇടതുകയ്യിന്മേൽ ആയി നെഞ്ചത്ത് ആണ് വെക്കേണ്ടത്. നബി (സ) അപ്രകാരമായിരുന്നു വെച്ചിരുന്നത്."[1]

നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോൾ അല്ലാഹു അക്ബർ എന്ന് പറയുന്നതിന് തക്ബീറത്തുൽ ഇഹ്റാം എന്നാണ് പറയുക.

## പ്രാരംഭ പ്രാർത്ഥന

നബി (സ) തക്ബീറിന്റെയും ഖുർആൻ പാരായണത്തിന്റെയും ഇ

[1] അബൂദാവൂദ്, ഇബ്നു ഖുസൈമ, അൽബാനിയുടെ സ്വിഫതു സ്വലാതിന്നബിയ്യി (സ) പേജ് 88.

ടയിൽ ഇപ്രകാരമായിരുന്നു ചൊല്ലിയിരുന്നത്:

اللهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ نَقِّنِي مِنَ خَطَايَايَ كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ اللَّهُمَّ اغْسِلْنِي مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرْدِ . (البخاري)

(അല്ലാഹുമ്മ ബാഇദ് ബൈനീ വ ബൈന ഖത്വായായ കമാ ബാഅദ്ത ബൈനൽ മശ്‌രിഖി വൽ മഗ്‌രിബി അല്ലാഹുമ്മ നഖിനീ മിൻ ഖത്വായായ കമാ യുനഖ്വ ഥ്‌സൗബുൽ അബ്‌യളു മിനദ്ദനസ് അല്ലാഹുമ്മ ഗ്‌സിൽനീ മിൻ ഖത്വായായ ബിൽ മാഇ വഥ്‌സൽജി വൽ ബർദ്) "അല്ലാഹുവേ ഉദയാസ്തമയ സ്ഥാനങ്ങൾ തമ്മിൽ നീ അകററിയ

പോലെ എന്നെയും എന്റെ പാപ ത്തേയും നീ അകറ്റേണമേ, അ ല്ലാ ഹുവേ വെള്ള വസ്ത്രം അഴു ക്കിൽ നിന്നും ശുദ്ധിയാക്കുന്ന പോലെ എന്റെ പാപങ്ങളിൽ നി ന്നും എന്നെ നീ ശുദ്ധിയാക്കേണ മേ, അല്ലാഹുവേ വെള്ളം മഞ്ഞ് ഹി മം എന്നിവകൊണ്ട് എന്റെ പാപ ങ്ങൾ നീ കഴുകിക്കളയേണമേ'[1]

ഇതല്ലാത്ത പ്രാർത്ഥനകളും ഹദീ സുകളിൽവന്നിട്ടുണ്ട്.

## സൂറത്തുൽ ഫാതിഹ:

തുടർന്ന് അഊദും ബിസ്മിയും

---

[1] ബുഖാരി

ചൊല്ലി സൂറത്തുൽ ഫാതിഹ ഓതേണ്ടതാണ്.

## سورة: الفاتحة

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾
ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾
ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوْمِ
ٱلدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ
نَسْتَعِينُ ﴿٥﴾ ٱهْدِنَا ٱلصِّرَٰطَ

ٱلۡمُسۡتَقِيمَ ۝٦ صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ۝٧ (آمين)

അഊദു ബില്ലാഹി മിനശ്ശൈത്വാനിർ റജീം (ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവോട് രക്ഷ തേടുന്നു)

ബിസ്മില്ലാഹിർ റഹ്മാനി ർറഹീം (കാരുണ്യവാനും കരുണാനിധിയുമായഅല്ലാഹുവിൻെറ നാമത്തിൽ)

അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ (സർവ്വ സ്തുതിയും ലോക

രക്ഷിതാവായ അല്ലാഹുവിന്നാകു ന്നു)
അർറഹ്മാനിർറഹീം (കാരുണ്യവാ നും കരുണാനിധിയുമായവൻ)
മാലികി യൗമിദ്ദീൻ (പ്രതിഫല നാ ളിന്റെ ഉടമസ്ഥൻ)
ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ (നിന്നെമാത്രം ഞങ്ങ ൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുക യും ചെയ്യുന്നു)
ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം (ഞങ്ങളെ നീ നേരായ മാർഗ്ഗത്തി ലൂടെ വഴി നടത്തേണമെ)
സ്വിറാത്വല്ലദീന അൻഅംത അലൈ ഹിം (നീ അനുഗ്രഹിച്ചവരുടെ മാർ ഗ്ഗത്തിൽ)

ഗൈരിൽ മഗ്ളൂബി അലൈഹിം വലള്ളാല്ലീൻ (നീ കോപിച്ചവരുടെയോ വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല)
(ആമീൻ). (ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേണമേ).

ഇത് എല്ലാ റക്അത്തുകളിലും ഇമാമും (നേതൃത്വം നൽകുന്ന ആളും) മഅ്മൂമും (തുടർന്ന് നമസ്കരിക്കുന്നവൻ) ഓതേണ്ടതാണ്. കാരണം നബി(സ) പറഞ്ഞു: "ഫാതിഹ ഓതാത്തവന്ന് നമസ്കാരമില്ല"[1]
ഉറക്കെ ഓതേണ്ട നമസ്കാരങ്ങളിലും അഊദും ബിസ്മിയും പതുക്കെയാണ് ഓതേണ്ടത്.

---

[1] ബുഖാരി

പിന്നീട് ഒന്നും രണ്ടും റക്അത്തു കളിൽ ഏതെങ്കിലും സൂറത്തോ സൂറത്തിൻെറ ഭാഗമോ പാരായ ണം ചെയ്യണം. ഉറക്കെ ഓതുന്ന നമസ്കാരത്തിൽ ഇത് ഇമാം മാ ത്രം ഓതുകയും മഅ്മൂമുകൾ ഇ മാമം പാരായണം ചെയ്യുന്നത് ശ്രദ്ധിച്ചു കേൾക്കുകയുമാണ് ചെ യ്യേണ്ടത്.

## റുകൂഅ്

ഫാതിഹയും സൂറത്തും ഓതിയ ശേഷം കൈകൾ ഉയർത്തി അ ല്ലാഹു അക്ബർ എന്ന് പറഞ്ഞ് ത ൻെറ മുതുകും തലയും നേരെ വരത്തക്കവിധം കുനിഞ്ഞ് രണ്ട് കൈപത്തിയും നിവർത്തിയ നില

യിൽ കാൽമുട്ടുകളിൽ വെച്ച് അടങ്ങി നിൽക്കലാണ് റുകൂഅ്.

## റുകൂഇലെ തസ്ബീഹ്

سُبْحَانَ رَبِّيَ الْعَظِيمْ (സുബ്ഹാന റബ്ബിയൽ അളീം)"മഹാനായ എൻെറനാഥൻ പരിശുദ്ധനാകുന്നു" എന്ന് മൂന്ന് തവണ പറയേണ്ടതാണ്. മൂന്നിൽ കൂടുന്നതിനും വിരോധമില്ല. ഇതല്ലാത്ത മററ് പല ദിക്റുകളും നബി(സ) ചൊല്ലിയതിന് തെളിവുകളുണ്ട്.

## ഇഅ്തിദാൽ

റകൂഇൽ നിന്നും سَمِعَ اللهُ لِمَنْ حَمِدَهُ (സമിഅല്ലാഹു ലിമൻഹമിദഹു) "സ്

തുതിച്ചവൻെറ സ്തുതി അല്ലാഹു കേട്ടിരിക്കുന്നു" എന്ന് പറഞ്ഞ് കൈകൾ ഉയർത്തി,നിവർന്ന് നിൽക്കണം ജമാഅത്ത് നമസ്കാരത്തിൽ ഇമാമ് മാത്രമേ ഇത് പറയേണ്ടതുള്ളൂ മഅ്മൂമുകൾ റബ്ബനാ ലകൽഹംദ് എന്ന് മാത്രമേ പറയേണ്ടതുള്ളൂ. നിവർന്ന് നിൽക്കുന്നതോടു കൂടി

رَبَّنَا لَكَ الْحَمْدُ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ مِلْءَ السَّمَاوَاتِ وَمِلْءَ الأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدَهُ

(റബ്ബനാ ലകൽഹംദു ഹംദൻ കഥീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി മിൽഅസ്സമാവാതി വമിൽഅൽ അ

ർദി വമിൽഅ മാശിഅ്ത മിൻ ശൈഇൻ ബഅ്ദഹു)[1]

"ഞങ്ങളുടെ നാഥാ ആകാശങ്ങൾ നിറയെയും, ഭൂമി നിറയെയും അവക്കപ്പുറം നീ ഉദ്ദേശിച്ചവസ്തു നിറയെയുമുള്ള സർവ്വ സ്തുതിയും നിനക്കു മാത്രമാകുന്നു". എന്ന് എല്ലാവരും പ്രാർത്ഥിക്കേണ്ടതാണ്. ഇതും ഇതിനെ തുടർന്ന് വേറെയും പ്രാർത്ഥനകൾ ഹദീസുകളിൽ വന്നിട്ടുണ്ട്.

## സുജൂദ്

ഇഅ്തിദാലിന്ന് ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ട്

---

[1] ബുഖാരി, അൽബാനി സ്വഹീഹ് തർഗീബ് വ തർഹീബ് നമ്പർ: 519

സുജൂദ് ചെയ്യണം. ആദ്യം രണ്ട് കൈകൾ,[1] തുടർന്ന് കാൽ മുട്ടുകൾ, മൂക്ക് നിലത്ത് തട്ടുന്നവിധം നെററി, എന്നീ അവയവങ്ങളും കാൽവിരലുകളുടെ പള്ളകളും നിലത്ത് തട്ടിച്ചുകൊണ്ടുള്ള വിനയ പ്രകടനമാണ് സുജൂദ്. മുഴം കൈകൾ ഒരിക്കലും നിലത്ത് തട്ടരുതെന്ന് നബി (സ) പ്രത്യേകം അറിയിച്ചിട്ടുണ്ട്. സുജൂദിൽ കാലുകൾ ചേർത്തു വെക്കുകയും ചെയ്യുക. ഒരു മനുഷ്യൻ അല്ലാഹുമായി ഏ

1 സുജൂദിലേക്ക് പോകുമ്പോൾ ആദ്യം കൈകളാണ് നിലത്ത് വെക്കേണ്ടത് എന്ന് ഇബ്നു ഖുസൈമ, ദാറഖുത്വുനി, ഹാകിം എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അൽബാനിയുടെ സ്വിഫതു സ്വലാതുന്നബിയ്യി പേജ്: 140.

റവും അടുക്കുന്ന സന്ദർഭമാണ് സുജൂദ്, അതുകൊണ്ട് നിങ്ങൾ സുജൂദിൽ പ്രാർത്ഥനകൾ അധികരിപ്പിക്കുക, അത് ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ളതാണ്. എന്നും നബിവചനമുണ്ട്.

സുജൂദിൽ سُبْحَانَ رَبِّيَ الأَعْلَى (സുബ്ഹാന റബ്ബിയൽ അഅ്‌ലാ) "ഏററവും ഉന്നതനായ എന്റെ നാഥൻ പരിശുദ്ധനാകുന്നു" എന്ന് മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുക. മൂന്നിനേക്കാൾ അധികരിപ്പിക്കാവുന്നതുമാണ്.

സുജൂദിലും റുകൂഇലും ഇങ്ങിനെയും പ്രാർത്ഥിക്കാവുന്നതാണ്.

سُبْحَانَكَ اَللّهُمَّ رَبَّنَا وَبِحَمْدِكَ اَللّهُمَّ اغفر لي (البخاري)

സുബ്ഹാനകല്ലാഹുമ്മ റബ്ബനാ വ ബിഹംദിക അല്ലാഹുമ്മഗ്ഫിർലീ) "അല്ലാഹുവേ നീ പരിശുദ്ധൻ തന്നെ ഞങ്ങളുടെ നാഥാ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു, അല്ലാഹുവേ എന്റെ പാപങ്ങൾ നീ പൊറുക്കേണമേ"[1]

## തിലാവത്തിന്റെ സുജൂദിൽ

നമസ്കാരത്തിലോ അല്ലാത്തപ്പോഴോ ഏത് അവസരങ്ങളിലും ഖുർആനിലെ ചില ആയത്തുകൾ പാരായണം ചെയ്താൽ പാരായണം ചെയ്ത വ്യക്

[1] ബുഖാരി

തിയും കേൾക്കുന്നവനും സുജൂദ് ചെയ്യേണ്ടതുണ്ട്. ഇതാണ് തിലാവത്തിന്റെ സുജൂദ്

عن عائشة رضي الله عنها قالت كان رسول الله ﷺ يقول في سجود القرآن بالليل سجد وجهي للذي خلقه وشق سمعه وبصره بحوله وقوته . رواه صحيح جامع الترمذي للألباني ٤/٤٧٤ رقم ٥٨٠ والنسائي . أبو داود )

"ആയിഷ(റ) പറയുന്നു; നബി(സ) രാത്രികളിൽ ഖുർആൻ പാരായണം ചെയ്യുമ്പോൾ സുജൂദിൽ ഇ പ്രകാരം പറഞ്ഞിരുന്നു : (സജദ വജ്ഹിയ ലില്ലദീ ഖലഖഹു വശഖ്ഖ സംഅഹു വബസ്വറഹു ബി ഹൗലിഹി വഖുവ്വതിഹി) സൃഷ്ടിച്ച് തന്റെ

കഴിവും ശക്തിയും മുഖേനെ കേൾവിയും കാഴ്ചയും നൽകിയവന് എന്റെ മുഖമിതാ സാഷ്ടാങ്കം നമിക്കുന്നു."[1]

## ഇടയിലെ ഇരുത്തം

സുജൂദിന് ശേഷം അല്ലാഹു അക്ബർ എന്നു പറഞ്ഞ് നിവർന്ന് ഇരിക്കണം ഈ ഇരുത്തത്തിൽ വലതു കാൽ വിരലുകളുടെ പള്ള നിലത്ത് കുത്തിനിറുത്തി ഇടതുകാൽ പരത്തിവെച്ച് അതിൻമേൽ ഇരുന്ന് രണ്ട് കൈകളും നിവർത്തിയ നിലയിൽ കാൽമുട്ടുകളോട് ചേർത്ത്

---

[1] അൽബാനിയുടെ സ്വഹീഹ് ജാമിഉ തിർമിദി 4/474 നമ്പർ: 580. നസാഇ, അബൂദാവൂദ്.

തുടകളിൽ വെച്ചിരിക്കണം. നമസ് കാരത്തിലെ അവസാന ഇരുത്തം ഒഴികെ എല്ലാ ഇരുത്തത്തിലും ഇ പ്രകാരമാണ് ഇരിക്കേണ്ടത്.[1]

ഇരുത്തത്തിലെ പ്രാർത്ഥന

رَبِّي اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَاهْدِنِي وَارْزُقْنِي (صحيح الترمذي ٧٦/٢ رقم : ٢٨٤)

(റബ്ബിഗ്ഫിർലീ വർഹംനീ വജ്ബുർ നീ വഹ്ദിനീ വർസുഖ്നീ) "എന്റെ രക്ഷി താവേ നീ എനിക്ക് പൊറുത്തു തരി കയും എന്നോടു നീ കരുണകാണി ക്കുകയും എ ന്റെ ന്യൂനതകൾ നീ

---

[1] മുസ്ലിം നസാഇ നമ്പർ: 1158,
അൽബാനിയുടെ ഇർവാഉൽ ഗലീൽ 2/23

പരിഹരിക്കുകയും എന്നെ നീ നേർ വഴിയിലാ ക്കുകയും എനിക്ക് നീ ആഹാരം നൽകുകയും ചെയ്യേണമേ"'[1] അതിന് ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞ് വീണ്ടും സുജൂദ് ചെയ്യണം ഈ സുജൂദും കൂടി കഴിയുന്നതോടെ ഒരുറക്അത്ത് പൂർത്തിയായി.

## ജിൽസതുൽ ഇസ്തിറാഹ:

ഒന്നാമത്തേയും മൂന്നാമത്തെയും റക്അത്തുകൾക്ക് ശേഷം അടുത്ത റക്അത്തുകളിലേക്ക് എഴുന്നേൽക്കുന്നതിന് മുമ്പായി നബി (സ) ശരിയായി ഇരുന്നതിന് ശേഷമായിരുന്നു എഴുന്നേററ് നിന്നിരുന്ന

[1] സ്വഹീഹ് തിർമിദി 2/76 നമ്പർ: 284

ത്[1] ഇതിന്റെ അടിസ്ഥാനത്തിൽ നബിചര്യ പൂർണ്ണമായും പിൻപറ്റുന്നതിന് ഇത് കൂടി നിർവ്വഹിക്കലാണ് നല്ലത്. ഈ ഇരുത്തത്തിൽ പ്രത്യേക ദിക്റുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഇത് നിർവ്വഹിട്ടില്ലെങ്കിൽ നമസ്കാരം പൂർണ്ണമാവുകയില്ലെന്ന അഭിപ്രായം ആരിൽ നിന്നും കണ്ടിട്ടില്ല.

അതിന് ശേഷം വീണ്ടും അല്ലാഹു അക്ബർ എന്ന് പറഞ്ഞ് അടുത്ത റക്അത്തിലേക്ക് എഴുന്നേററ് നിൽക്കണം ശേഷം, ആദ്യറക് അത്തിൽ പറഞ്ഞപോലെ ഫാതിഹയും

---

1 ബുഖാരി, അബൂദാവൂദ് , അൽബാനിയുടെ സ്വിഫതു സ്വലാതിന്നബിയ്യി പേജ്: 154.

സൂറത്തും പാരായണം ചെയ്ത്, റുകൂഉം സുജൂദുമെല്ലാം നിർവ്വഹിച്ചു കഴിഞ്ഞാൽ എഴുന്നേററ് നിൽക്കാതെ, രണ്ട് സുജൂദുകൾക്ക് ഇടയിൽ ഇരിക്കാൻ പറഞ്ഞ പ്രകാരം ഇരിക്കേണ്ടതാണ്.

## അത്തഹിയ്യാത്ത്

ഇടത് കൈ വിരലുകൾ എല്ലാം നിവർത്തിയും വലതു കൈയ്യിലെ ചൂണ്ടുവിരൽ മാത്രം നിവർത്തിയും ബാക്കി വിരലുകൾ മടക്കിയ നിലയിലും കാൽമുട്ടുകളോടു ചേർത്തുവെച്ച് ഇരുന്ന് അത്തഹിയ്യാത്ത് പാരായണം ചെയ്യണം.

التَحِيَاتُ المُبَارَكَاتُ الصَلَوَاتُ الطَيِبَاتُ لِلهِ
السَلَامُ عَلَيْكَ اَيُهَا النَبِيُ وَرَحْمَةُ اللهِ وَبَرَكَاتُهُ

السَلَامُ عَلَيْنَا وَعَلَى عِبَادِ اللهِ الصَالِحِينْ أَشْهَدُ أنْ لَا إِلَهَ إِلاَ اللهُ وَأشْهَدُ أنَّ مُحَمَدًا رَسولُ اللهِ (مسلم).

(അത്തഹിയ്യാത്തുൽ മുബാറകാത്തു സ്വലവാത്തു ത്വയ്യിബാത്തു ലില്ലാഹി അസ്സലാമു അലൈക അയ്യുഹന്നബിയ്യു വ റഹ്മതുല്ലാഹി വബറകാതുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്വാലിഹീൻ അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്) ഇ പ്രകാരം ഖുർആനിലെ സൂറത്തുകൾ പഠിപ്പിച്ചിരുന്ന പോലെ നബി (സ) ഞങ്ങൾക്ക് അത്തഹിയ്യാത്തു പഠിപ്പിച്ചു തന്നു എന്നാണ് ഇബ്നു

അബ്ബാസ്(റ) പറയുന്നത്: "എല്ലാ അഭിവാദ്യങ്ങളും അനുഗ്രഹീത കർമ്മങ്ങളും, ആരാധനകളും വിശിഷ്ഠ കാര്യങ്ങളും അല്ലാഹുവിനാകുന്നു. പ്രവാചകൻ(സ)യുടെ മേൽ അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹങ്ങളും ഉണ്ടാകുമാറാകട്ടെ!. നമുക്കും അല്ലാഹുവിന്റെ സജ്ജനങ്ങളായ മുഴുവൻ അടിമകൾക്കും രക്ഷയുണ്ടാകട്ടെ. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."[1]

---

[1] മുസ്ലിം.

അത്തഹിയ്യാത്തും മേൽ പറയപ്പെട്ടതല്ലാത്ത നിലക്കും സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## വിരല് ചലനങ്ങൾ

അത്തഹിയ്യാത്തിൽ നബി(സ) വലതു കയ്യിലെ ചൂണ്ടുവിരൽ തുടക്കം മുതൽ തന്നെ നിവർത്തിപ്പിടിക്കുകയും അത് ചലിപ്പിക്കുക യും ചെയ്യാറുണ്ടായിരുന്നു. അന്നേരം പ്രവാചകൻ(സ) പ്രസ്തുത വിരലിലേക്ക് നോക്കുകയും ചെയ്തിരുന്നു.

وَكَانَ رَفَعَ إِصْبَعَهُ يُحَرِّكُهَا (أبو داود، صفة صلاة النبي للألباني )

"അദ്ദേഹം വിരല് ഉയർത്തുകയും അത് ചലിപ്പിക്കുകയും ചെയ്യുമായിരുന്നു."[1]

## വിരലിലേക്ക് നോക്കൽ

وَ يُشِيرُ بِإِصْبَعِهِ الَّتِي تَلِي الإِبْهَامَ إِلَى الْقِبْلَةِ وَيَرْمِي بِبَصَرِهِ إِلَيْهَا (مسلم، ألباني صفة صلاة النبي)

"അദ്ദേഹം തള്ളവിരലിന് അടുത്ത വിരൽകൊണ്ട് ഖിബ്'ലയുടെ നേരെ ചൂണ്ടുകയും തന്റെ നോട്ടം അതിലേക്ക് ആക്കുകയും ചെയ്യുമായിരുന്നു."[2]

---

[1] അബൂദാവൂദ്, അൽബാനിയുടെ സ്വിഫതു സ്വലാതുന്നബിയ്യി

[2] മുസ്‌ലിം, അൽബാനിയുടെ സ്വിഫതു സ്വലാതുന്നബിയ്യി (സ) പേജ്:185.

രണ്ട് റക്അത്തിനേക്കാൾ അധിക മുള്ള നമസ്കാരങ്ങളിൽ വീണ്ടും അല്ലാഹു അക്ബർ എന്ന്പറഞ്ഞ് എഴുന്നേററ് നിന്ന് അടുത്ത റക് അത്തുകളും നമസ്കരിക്കണം എന്നാൽ മൂന്നും നാലും റക്അത്തു കളിലെ നിറുത്തത്തിൽ ഫാതിഹ മാത്രമേ പാരായണം ചെയ്യേണ്ട തുള്ളൂ അതും എല്ലാ നമസ്കാര ത്തിലും പതുക്കെ മാത്രം പാരാ യണം ചെയ്യലാണ് നബിചര്യ.

## അവസാനത്തെ ഇരുത്തം

നമസ്കാരത്തിലെ അവസാന ഇ രുത്തത്തിന് തവർറുകിന്റെ ഇ രുത്തം എന്നാണ് പറയുക. "അവ സാന ഇരുത്തത്തിൽ ഇടതു കാ

ൽ വലതു കാലിന് അടിയിലൂടെ പുറത്തേക്ക് നീട്ടി പരത്തിവെച്ച് വലതു കാല് കുത്തിനിർത്തി ഇരിപ്പിടം നിലത്ത് ഉറപ്പിച്ച് ഇരിക്കുമായിരുന്നു."[1]

സലാം വീട്ടി നമസ്കാരം അവസാനിപ്പിക്കുന്ന എല്ലാ ഇരുത്തത്തിലും ഈ രീതി യിലായിരുന്നു പ്രവാചകൻ(സ) ഇരുന്നിരുന്നത്:

إِذَا كَانَتِ السجَدَةُ التِي فِيهَا التسلِيمُ أَخَّرَ رِجْلَهُ اليُسرَى وَقَعَدَ مُتَوَرِّكًا عَلَى شِقِّهِ الأَيسَرِ .(أبو داود صححه الألباني في صحيح أبي داود ١/١٤١)

---

[1] ബുഖാരി കിതാബുൽ അദാൻ നമ്പർ: 828.

"പ്രവാചകൻ(സ) സലാം വീട്ടുന്ന സുജൂദ് ആയാൽ (സുജൂദ് നിർവ്വഹിച്ച് കഴിഞ്ഞാൽ) ഇടത് കാല് പുറത്തേക്ക് നീട്ടി ഇടത് ഭാഗം ഇരിപ്പിടം ശരിക്കും നിലത്ത് ഉറപ്പിച്ച് ഇരിക്കുമായിരുന്നു."[1]

كان النبي صلى الله عليه وسلم إذا كـــان في الركعتين اللتين تنقضي فيهما الصلاة أخر رجله اليسرى وقعــد علـــى شـــقه متوركا ثم سلم (صحيح النسائي ٣/٣٤ رقم: ١٢٦٢)

"നബി(സ) രണ്ട് റക്അത്തോടെ നമസ്കാരം അവസാനിക്കുമെങ്കി

---

1 അബൂദാവൂദ്. അൽബാനിയുടെ സ്വഹീഹ് അബൂ ദാവൂദ് 1/141.

ൽ ഇടത് കാല് പുറത്തേക്ക് നീട്ടി ഇടത് ഭാഗം (ഇരിപ്പിടം) ശരിക്കും നിലത്ത് ഉറപ്പിച്ചായിരുന്നു ഇരിക്കാറുണ്ടായിരുന്നത്."[1]

## നബിയു(സ)ടെ മേൽ സ്വലാത്ത്

അവസാന റക്അത്തിലെ രണ്ട് സുജൂദുകൾ ചെയ്ത ശേഷം അത്തഹിയ്യാത്തും നബി(സ)യുടെ മേൽ സ്വലാത്തും (ഗുണത്തിനായുള്ള പ്രാർത്ഥനയും) ചൊല്ലണം. പ്രാർത്ഥനയുടെ രൂപം ഇപ്രകാരമാണ്

اَللهُمَّ صلِّ عَلىَ مُحَمَّدٍ وَعَلىَ آلِ مُحَمَّدٍ كَمَا صَلَّيْتَ عَلىَ إبراهيم وعلى آلِ إبْرَاهِيمْ إنَّكَ

---

[1] സ്വഹീഹ് നസാഇ 3/34 നമ്പർ: 1262

حَمِيدٌ مَجِيدٌ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وعلى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

(അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദി ൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വഅ ലാ ആലി ഇബ്റാഹീമ ഇന്നക ഹ മീദുൻ മജീദ്, വബാരിക് അലാ മു ഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ് )

'അല്ലാഹുവേ ഇബ്റാഹീം നബി(അ) ക്കും അദ്ദേഹത്തിന്റെ കുടുംബ ത്തിനും നീ ഗുണം നൽകിയ പോ ലെ മുഹമ്മദ് നബി(സ)ക്കും കുടും

ബത്തിനും നീ ഗുണം നൽകേണ മേ തീർച്ചയായും നീ എററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു. ഇബ്റാഹീംനബി (അ)ക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം നൽകിയ പോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തി നും നീ അനുഗ്രഹം നൽകേണമേ തീർച്ചയായും നീ എററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു".

പിന്നീട് ഇഷ്ടമുള്ള പ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്. എന്നാൽ നബി(സ) നാല് കാര്യങ്ങളിൽ നിന്നും രക്ഷതേടിക്കൊണ്ട് പ്രാർത്ഥിക്കു

വാൻ പ്രത്യേകം നിർദ്ദേശിച്ചതായി ഹദീസിൽ വന്നാട്ടുണ്ട്:

اللَّهُمَ إنِّي أعُوذُ بِكَ مِنْ عَذَابِ جَهَنَّمَ وَمِنْ عَذَابِ القَبْرِ وَمِنْ فِتْنَةِ المَحْيا والمَمَاتِ وَمِنْ فِتْنَةِ المَسِيحِ الدَّجَالِ (متفق عليه).

(അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ അദാബി ജഹന്നമി വമിൻ അദാബിൽ ഖബ്'രി വമിൻ ഫിത്'നത്തിൽ മഹ്'യാ വൽ മമാതി വമിൻ ഫിത്'നതിൽ മസീഹി ദ്ദജ്ജാൽ )

"അല്ലാഹുവേ നരകശിക്ഷയിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും, മസീഹുദ്ദജ്ജാലിൻെറ പരീക്ഷണങ്ങ

ളിൽ നിന്നും ഞാൻ നിന്നോട് ര ക്ഷതേടുന്നു."[1]

ഇതല്ലാത്ത പ്രാർത്ഥനകളും ഇ തോടൊപ്പം ചൊല്ലാവുന്നതാണ്. മേൽ പറഞ്ഞവയെല്ലാം ക്രമപ്രകാ രവും ശാന്തതയോടെയും ഭക്തി യോടെയും നിർവ്വഹിക്കൽ നമസ് കാരത്തിന്റെ സ്വീകാര്യതക്ക് അ നിവാര്യമായ ഘടകങ്ങളാണ്.

## സലാംവീട്ടൽ

ശേഷം നമസ്കാരത്തിൽ നിന്ന് വി രമിക്കുന്ന കർമ്മമാണ് ഇനി ബാ ക്കിയുള്ളത്.

---

[1] മുത്തഫഖുൻ അലൈഹി.

السَّــــــلَامُ عَلَــــيْكُمْ وَرَحْمَـــــــةُ الله (അസ്സലാമുഅലൈക്കും വറഹ്മതുല്ലാഹ്) എന്ന് സലാം പറഞ്ഞു കൊണ്ട് ആദ്യം വലത് ഭാഗത്തേക്കും ശേഷം ഇടതു ഭാഗത്തേക്കും മുഖം തിരിക്കലാണ്. ഇതുകൂടി നിർവ്വഹിക്കുന്നതോടെ നമസ്കാരം അവസാനിച്ചു.

നമസ്കാരത്തിൽ സ്ത്രീകൾ പ്രത്യേകമായി പുരുഷന്മാരിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും രീതി സ്വീകരിക്കുവാൻ സ്വഹീഹായ യാതൊരു ഹദീഥിന്റെയും പിൻബലമില്ല.

## ദിക്റും ദുആയും

നമസ്കാരത്തിന് ശേഷം ഓരോരുത്തരും ദിക്റും ദുആയും നടത്തേണ്ടതാണ് ജമാഅത്തായുള്ള നമസ്കാര ശേഷവും ഒററക്ക് തന്നെയാണ് പ്രാർത്ഥിക്കേണ്ടത്.

**അല്ലാഹു അക്ബർ എന്ന് പറയുക**

ഇബ്നു അബ്ബാസ്(റ) പറയുന്നു:

كُنَّا نَعْرِفُ إِنْقِضَاءَ صَلَاةِ رَسُولِ اللهِ ﷺ بِالتَّكْبِيرِ (متفق عليه مختصر مسلم رقم: ٣١٢)

“ഞങ്ങൾ നബി (സ) നമസ്കാര

ത്തിൽ നിന്നും വിരമിച്ചിരുന്നത് മ നസ്സിലാക്കിയിരുന്നത് തക്ബീർ (കേട്ടു) കൊണ്ടായിരുന്നു."[1]

## എണ്ണൽ വലതു കൈകൊണ്ട്

അബ്ദുല്ലാഹി ബ്നു അംറ്(റ) പറ യുന്നു:

رَأَيْتُ النبي ﷺ يَعْقِدُ التَّسْبِيحَ بِيَمِينِهِ

"നബി(സ) തന്റെ വലതു കൈ കൊണ്ട് എണ്ണം പിടിച്ച് തസ്ബീഹ് ചൊല്ലുന്നത് ഞാൻ കണ്ടു"[2]

---

[1] മുത്തഫഖുൻ അലൈഹി, മുഖ്തസ്വറു മുസ്ലിം 313.

[2] സ്വഹീഹ് തിർമിദി

# തസ്ബീഹ് മാലയും മറ്റും ഉപേക്ഷിക്കുക

عن يسيرة بنت ياسر عن النبي صلى الله عليه وسلم قالت قال رسول الله صلى الله عليه وسلم يا معشر النساء اعقدن بالأنامل فإنهن مسئولات مستنطقات (صحيح الترمذي ٥/٥٢١ رقم: ٣٤٨٦)

"യസീറ ബിൻത് യാസിർ(റ) പറയുന്നു: നബി(സ) പറഞ്ഞു: അല്ലയോ സ്ത്രീ സമൂഹമേ, നിങ്ങൾ വിരലുകൾ കൊണ്ട് എണ്ണം പിടിക്കുക. നിശ്ചയം (വിരലുകൾ) ചോദ്യം ചെയ്യപ്പെടുമ്പോൾ (അതിനെ സം

ബന്ധിച്ച് സംസാരിക്കുന്നതായിരിക്കും."[1]

## താഴെ പറയുന്ന ദിക്റുകൾ

أَسْتَغْفِرُ اللهَ അസ്തഗ്ഫിറുല്ലാ (അല്ലാഹുവേ ഞാൻ നിന്നോട് പാപമോചനം തേടുന്നു) എന്ന് മൂന്ന് പ്രാവശ്യം

اللَّهُمَّ أنْتَ السَّلَامْ وَمِنْكَ السَّلَامْ تَبَارَكْتَ يَاذَا الجَلَالِ وَ الإِكْرَامْ (صحيح أبـو داود ٢/٨٤ رقم ١٥١٢)

(അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത യാദൽജലാലി വൽ ഇക്റാം) "അല്ലാഹുവേ നീ

---

[1] സ്വഹീഹ് തിർമിദി 5/521 നമ്പർ: 3486

യാണ് രക്ഷകൻ, നിന്നിൽ നിന്നാണ് രക്ഷ, ഉൽകൃഷ്ടനും ഉന്നതനുമായ നീ അനുഗ്രഹീതൻ തന്നെ"[1] എന്നു പറയുക.

لا إله إلا الله وَحْدَهُ لا شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِير(صحيح)

"ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് അധികാരവും സ്തോത്രവും

---

[1] അൽബാനി സ്വഹീഹ് അബൂദാവൂദ് 2/84, നമ്പർ : 1512.

അവന്ന് തന്നെ. അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു"[1]

اللهُمَّ لا مَانِعَ لِمَا أعْطَيْتَ وَلا مُعْطِيَ لِمَا مَنَعْتَ وَلا يَنْفَعُ ذَا الْجَدِ مِنْكَ الْجَدّ

"അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്ത്വയ്ത വലാ മുഅ്ത്വിയ ലിമാ മനഅ്ത വലാ യൻഫഉ ദൽ ജദ്ദി മിൻകൽ ജദ്ദ്) അല്ലാഹുവേ നീ നൽകിയാൽ തടുക്കാനാരുമില്ല നീ തടഞ്ഞാൽ വാങ്ങിത്തരാനും ആരുമില്ല കഴിവുള്ളവരുടെ കഴിവുകൾ നിന്റെയടുക്കൽ പ്രയോജനപ്പെടുകയുമില്ല"[2]

---

[1] മുഖ്തസ്വറു മുസ്‌ലിം 312

[2] മുഖ്തസ്വറു മുസ്‌ലിം 312

لا حَوْلَ وَلا قُوَّةَ إلا بِــالله (ലാ ഹൗല വ ലാ ഖുവ്വത ഇല്ലാ ബില്ല) "യാതൊരുവിധ കഴിവും ശക്തിയും അല്ലാഹുവിനെക്കൊണ്ടല്ലാതെയില്ല "[1]

لا إله إلا الله وَلا نَعْبُدُ إلا إيَّاهُ ، لَــهُ النِّعْمَــةُ وَلَهُ الفَضْلُ وَلَهُ الثَّناءُ الحَسَنُ لا إلَــهَ إلا الله مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الكافِرُونَ

"(ലാ ഇലാഹ ഇല്ലല്ലാഹു വലാ ന അ്ബുദു ഇല്ലാ ഇയ്യാഹു ലഹുന്നി അ്മതു വലഹുൽ ഫള്‌ലു വലഹു ഥ്ഥനാഉൽ ഹസൻ ലാ ഇലാഹ ഇ ല്ലല്ലാഹു മുഖ്‌ലിസീന ലഹുദ്ദീന വ ലൗ കരിഹൽ കാഫിറൂൻ) അല്ലാഹുവല്ലാതെ ആരാധ്യനില്ല നാം അ

[1] മുസ്‌ലിം

വനെയല്ലാതെ ആരാധിക്കുകയി ല്ല അവനാകുന്നു അനുഗ്രഹവും ശ്രേഷ്ഠതയും ഉത്തമമായ കീർത്ത നവും അവനുതന്നെ. അല്ലാഹുവ ല്ലാതെ ആരാധ്യനില്ല നാം അവന് നിഷ്കളങ്കമായി കീഴ്പ്പെടുന്നു അ വിശ്വാസികൾ അത് വെറുത്താലും ശരി"[1]

الله أكبر . الحمد لله . سُبْحانَ الله

(സുബ്ഹാനല്ല, അൽഹംദുലില്ല. അ ല്ലാഹു അക്ബർ) (അല്ലാഹുവി ൻെറ പരിശുദ്ധിയെ ഞാൻ വാഴ് ത്തുന്നു, സർവ്വ സ്തുതികളും അ ല്ലാഹുവിന്, അല്ലാഹു ഏററവും വ

---

[1] മുസ്ലിം

ലിയവനാകുന്നു) എന്നിവ ഓരോന്നും മുപ്പത്തിമൂന്ന് പ്രാവശ്യം പറഞ്ഞ് താഴെ പറയുന്ന ദിക്റു കൊണ്ട് നൂറ് തികക്കുക. "[1]

لاإله إلاالله وَحْدَهُ لا شَرِيكَ لَهُ ، لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلَيَ كُل شَيْءٍ قَدِير

"അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കാരില്ലാത്തവനുമാണ്. എല്ലാ അധികാരവും സ്തോത്രവും അവന് തന്നെ അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു" [2]

---

[1] സ്വഹീഹ് അബൂദാവൂദ് 5065

[2] മുഖ്തസ്വറു മുസ്ലിം 314

ഇത് സുബ്ഹിക്കും മഗ്രിബിനും ശേഷം പത്ത് പ്രാവശ്യം

لاإله إلاالله وحده لا شريك له ، له الملك وله الحمد يحيي ويميت وهو على كل شيء قدير(صحيح الترغيب والترهيب للألباني)

ചൊല്ലൽ നബിചര്യയിൽ സ്ഥിര പ്പെട്ടിട്ടുണ്ട്.[1]

اللهم أعني على ذكرك وشكرك وحسن عبادتك

(അല്ലാഹുമ്മ അഇന്നീ അലാ ദിക്രി ക വ ശുക്രിക വ ഹുസ്നി ഇബാ ദതിക) "അല്ലാഹുവേ, നിന്നെ സ്മ

---

[1] അൽബാനി സ്വഹീഹ് തർഹീബ് വതഹ്ദീബ് 1/320

രിക്കുവാനും നിന്നോട് നന്ദി കാണിക്കുവാനും നിനക്കായി നിർവ്വഹിക്കുന്ന ആരാധനകൾ നന്നാക്കുവാനും നീ എന്നെ സഹായിക്കേണമേ."[1]

'ആയത്തുൽ കുർസി (സൂറത്തുൽ ബഖറയിലെ 255ാം വചനം) ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് എന്നീ സൂറത്തുകൾ എല്ലാ നമസ്കാര ശേഷവും പാരായണം ചെയ്യുക.

مَنْ قَرأ آيَةَ الْكُرْسِيِّ دُبُرَ كُلِّ صَلاَةٍ مَكْتُوبَةٍ لَمْ

---

[1] അഹ്മദ് അബൂദാവൂദ് സ്വഹീഹുൽ ജാമിഅ് 7969

يَمْنَعْهُ مِنْ دُخُولِ الْجَنَّةِ إِلاَّ أَنْ يَمُوتَ (نسائي صحيح الجامع للألباني رقم: ٦٤٦٤)

"വല്ലവരും എല്ലാ ഫറള് നമസ്കാരങ്ങൾക്ക് ശേഷവും ആയത്തുൽ കുർസി പാരായണം ചെയ്താൽ സ്വർഗ്ഗപ്രവേശനത്തിൽ നിന്നും മരണമല്ലാതെ മറ്റൊന്നും അവനെ തടയുകയില്ല."[1]

## ആയത്തുൽ കുർസി

﴿ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي

---

[1] നസാഈ, സ്വഹീഹുൽ ജാമിഅ് 6464.

ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ مَن ذَا ٱلَّذِى
يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ
أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ
بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ
كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ
حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴾ (سورة
البقرة ٢٥٥ )

(അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവ
ൽ ഹയ്യുൽ ഖയ്യൂം ലാ തഅ്ഹുദ്

ഹു സിനതുൻ വലാ നൗം ലഹൂ മാഫിസ്സമാവാതി വമാ ഫിൽ അർള് മൻ ദല്ലദീ യശ്ഫഉ ഇൻദഹു ഇല്ലാ ബി ഇദ്നിഹി യഅ്ലമു മാ ബയ്ന അയ്ദീഹിം വമാ ഖൽഫഹും വലാ യുഹീത്വൂന ബി ശൈഇൻ മിൻ ഇ ൽമിഹി ഇല്ലാ ബിമാ ശാഅ വസി അ കുർസിയ്യുഹുസ്സമാവാതി വൽ അർളി വലാ യഊദുഹു ഹിഫ്ളുഹു മാ വഹുവൽ അലിയ്യുൽ അളീം)

"അല്ലാഹു അവനല്ലാതെ ആരാധ്യ നില്ല അവൻ എന്നെന്നും ജീവിച്ചി രിക്കുന്നവനും എല്ലാം നിയന്ത്രി ക്കുന്നവനുമാണ്. അവനെ മയക്ക മോ ഉറക്കമോ ബാധിക്കുകയില്ല. അവൻെറ അനുവാദ പ്രകാരമല്ലാ തെ അവൻെറയടുക്കൽ ശുപാർ

ശ നടത്താനാരുണ്ട് ? അവരുടെ മു ന്നിലുള്ളതും അവർക്ക് പിന്നിലു ള്ളതും അവൻ അറിയുന്നു. അവ ൻെറ അറിവിൽ നിന്ന് അവൻ ഇ ഛിക്കുന്നതല്ലാതെ അവർക്ക് സൂ ക്ഷ്മമായി അറിയാൻ കഴിയുന്നി ല്ല. അവൻെറ അധികാരപീഠം ആ കാശ ഭൂമികളെ മുഴുവൻ ഉൾ ക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമു ള്ളതല്ല. അവൻ ഉന്നതനും മഹാ നുമാകുന്നു."[1]

## അവസാന 3 സൂറത്തുകൾ

ഉഖ്ബത്തു ബ്നു ആമിർ(റ) പറയു

[1] ബഖറ 255.

ന്നു: നബി(സ) നമസ്കാരങ്ങൾക്ക് ശേഷം മുഅവ്വദാത്തുകൾ (രക്ഷ ചോദിക്കാനുള്ള മൂന്ന് സൂറത്തുകൾ) പാരായണം ചെയ്യാൻ എന്നോട് കൽപ്പിച്ചു.[1]

سورة: الإخلاص

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

﴿ قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾ ٱللَّهُ ٱلصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾ ﴾

---

[1] അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ്: 1/348, സ്വഹീഹ് തിർമുദി 2/8.

(ഖുൽ ഹുവല്ലാഹു അഹദ്, അല്ലാഹു സ്വമദ്, ലം യലിദ് വലം യൂലദ് വലം യകു(ൻ)ല്ലഹു കുഫുവൻ അഹദ്) "(നബിയേ,) പറയുക; അവൻ അല്ലാഹു ഏകനാണ്. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാണ്. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല, (ആരുടേയും) സന്തതിയായി ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ല."[1]

سورة: الفلق

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

﴿ قُلْ أَعُوذُ بِرَبِّ الْفَلَقِ ۝١ مِن شَرِّ مَا

---

[1] സൂറത്തുൽ ഇഖ്‌ലാസ്

خَلَقَ ﴿٢﴾ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾
وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾ وَمِن
شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾ ﴾

(ഖുൽ അഊദു ബിറബ്ബിൽ ഫലഖ് മിൻ ശർറി മാ ഖലഖ് വമിൻ ശർറി ഗാസിഖിൻ ഇദാ വഖബ് വമിൻ ശർറിന്നഫ്ഫാഥാതി ഫിൽ ഉഖദ് വമിൻ ശർറി ഹാസിദിൻ ഇദാ ഹസദ്)

"പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവത്തിൽ നിന്നും, രാത്രി ഇരുട്ടാകുമ്പോഴുണ്ടാകുന്ന ഉപദ്രവത്തിൽ

നിന്നും, കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവത്തതത്തിൽ നിന്നും അസൂയാലു അസൂയപ്പെടുമ്പോഴുള്ള അവൻെറ ഉപദ്രവത്തിൽ നിന്നും."[1]

سورة: الناس

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

﴿قُلْ أَعُوذُ بِرَبِّ النَّاسِ ۞ مَلِكِ النَّاسِ ۞ إِلَٰهِ النَّاسِ ۞ مِن شَرِّ

---

[1] സൂറത്തുൽ ഫലഖ്

ٱلْوَسْوَاسِ ٱلْخَنَّاسِ ۝٤ ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ۝٥ مِنَ ٱلْجِنَّةِ وَٱلنَّاسِ ۝٦ ﴾

(ഖുൽ അഊദു ബിറബ്ബിന്നാസ്, മലികിന്നാസ്, ഇലാഹിന്നാസ് മിൻ ശർറിൽ വസ്‌വാസിൽ ഖന്നാസ്, അല്ലദീ യുവസ്‌വിസു ഫീ സ്വുദൂരിന്നാസ്, മിനൽ ജിന്നതി വന്നാസ്)

"പറയുക: മനുഷ്യരുടെ രക്ഷിതാവും, മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ആരാധ്യനുമായുള്ളവനോട് ഞാൻ ശരണം തേടുന്നു. മനു

ഷ്യഹൃദയങ്ങളിൽ ദുർബോധനം ന ടത്തി പിൻമാറിക്കളയുന്ന, മനുഷ്യ രിലും ജിന്നുകളിലും പെട്ട ദുർ ബോധകരുടെ (പിശാചുക്കളുടെ) ഉപദ്രവത്തിൽ നിന്ന്."[1]

മേൽ പറയപ്പെട്ടവ എല്ലാ നമസ്കാ രങ്ങൾക്ക് ശേഷവും പതിവാക്കേണ്ട തായ ദിക്റുകളാണ്.

## സുബ്ഹിക്ക് ശേഷം മാത്രം

اللهُمَّ إنّي أسألُكَ عِلمًا نافِعًا ورِزقًا طيِّبًا وعَمَلاً مُتَقبَّلاً (صحيح ابن ماجة ١/١٥٢)

(അല്ലാഹുമ്മ ഇന്നീ അസ്അലുക ഇൽമൻ നാഫിഅൻ വ രിസ്ഖൻ ത്വയ്യിബൻ വ അമലൻ മുതഖബ്ബല

---

[1] സൂറത്തുന്നാസ്

ൻ) "അല്ലാഹുവേ പ്രയോജനപ്രദമായ വിജ്ഞാനവും, വിശിഷ്ടമായ ഉപജീവനവും, സ്വീകാര്യപ്രദമായ പ്രവർത്തനങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു."[1]

മേൽ പറയപ്പെട്ട ദിക്റുകൾക്ക് ശേഷം ഓരോരുത്തർക്കും ആവശ്യമുള്ള കാര്യങ്ങൾ തനിക്ക് അറിയാവുന്ന ഭാഷയിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാവുന്നതാണ്.

---

[1] അൽബാനി സ്വഹീഹ് ഇബ്നുമാജ 1/152.

## സുബ്ഹിന് ശേഷം ഇരിക്കൽ

كَانَ لا يَقُومُ مِنْ مُصَلاَّهُ الَّذِي يُصَلِّي فِيهِ الصبحَ حَتَّى تَطْلُعَ الشَّمسُ (مختصر مسلم ٣٦٢)

"നബി(സ) സുബ്ഹി നമസ്കരിച്ച സ്ഥലത്ത് നിന്നും സൂര്യോദയം വരെ എഴുന്നേററു പോകാറില്ല."[1]

## ദിവസേന ഹജ്ജും ഉംറയും !?

مَنْ صَلَّى الفَجْرَ فِي جَمَاعَةٍ ثُمَّ قَعَدَ يَذْكُرُ اللهَ حَتَّى تَطْلُعَ الشَّمْسُ ثُمَّ صَلَّى رَكْعَتَيْنِ كَانَتْ لَهُ كَأَجْرِ حَجَّةٍ وَ عُمْرَةٍ تَامَّةٍ تَامَّةٍ تَامَّةٍ (الترمذي، صحيح الجامع ٦٣٤٧)

[1] മുഖ്തസ്വറു മുസ്ലിം 363.

"ആരെങ്കിലും സുബ്ഹി നമസ്കാരം ജമാഅത്തായി നമസ്കരിച്ച ശേഷം സൂര്യോദയം വരെ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഹജ്ജിന്റേയും ഉംറയുടേയും പ്രതിഫലം പൂർണ്ണമായ ലഭിക്കുന്നതാണ്. പൂർണ്ണമായും, പൂർണ്ണമായിത്തന്നെ ലഭിക്കും."[1]

## ശ്രദ്ധിക്കപ്പെടുന്ന പ്രാർത്ഥന

"ഏററവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന പ്രാർത്ഥന ഏതെന്ന് ന

[1] തിർമിദി, സ്വഹീഹുൽ ജാമിഅ് 6347.

ബി(സ) ചോദിക്കപ്പെട്ടു. അന്നേരം അവിടുന്ന് പറഞ്ഞു: ഫറദ് നമസ്കാരങ്ങൾക്ക് ശേഷവും രാത്രിയുടെ അന്ത്യയാമങ്ങളിൽ നടത്തുന്ന പ്രാർത്ഥനയുമാണ്."[1]

നമസ്കാരശേഷം ഇമാം ഉറക്കെ പ്രാർ ത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന സമ്പ്രദായം ബിദ്അത്തും (അനാചാരം) നബിചര്യക്ക് വിരുദ്ധവുമാണ്.

## പ്രഭാതത്തിലെ ദിക്റുകൾ

പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലുന്ന ദിക്റുകൾക്ക് പ്രത്യേകം

[1] തിർമിദി, അൽബാനി സ്വഹീഹ് തർഗീബ് വതർഹീബ് : 2. ഹദീസ് നമ്പർ: 1648

മഹത്വവും പ്രതിഫലവും ഖുർആനും ഹദീസും വാഗ്ദാനം ചെയ്തിട്ടുണ്ട്.

لأنْ أقعُدَ مَعَ قوْمٍ يَذكُرُونَ اللهَ مِنْ صَلاةِ الغداةِ حَتَّى تَطلُعَ الشَّمْسُ أحَبُّ إليَّ مِنْ أنْ أعْتِقَ أرْبَعَةً مِنْ وَلدِ إسْمَاعِيلَ وَ لأنْ أقعُدَ مَعَ قوْمٍ يَذكُرُونَ اللهَ مِنْ صَلاةِ العَصْرِ إلى أنْ تَغرُبَ الشَّمْسُ أحَبُّ إليَّ مِنْ أنْ أعْتِقَ أرْبَعَةً (أبو داود ، حسنه الألباني صحيح الجامع ٥٠٣٦)

"സുബ്ഹി നമസ്കാര ശേഷം സൂര്യോദയം വരെ അല്ലാഹുവിന് കീർത്തനങ്ങൾ ഉരുവിട്ട് ഇരിക്കൽ ഇസ്മാഈൽ സന്തതികളിൽനിന്ന് നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്ന കാര്യമാണ്. അസ്വർനമസ്കാര ശേ

ഷം സൂര്യാസ്തമയം വരേക്കും ദിക്ർ ചൊല്ലി ഇരിക്കുന്നതും ഇസ്മാഈൽ സന്തതികളിൽ നിന്ന് നാല് അടിമകളെ മോചിപ്പിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്ന കാര്യമാണ്."[1]

ആയത്തുൽ കുർസിയും ഖുർ ആനിലെ അവസാന മൂന്ന് സൂറത്തുകളായ ഇഖ്ലാസ്, ഫലഖ്, നാസ് എന്നിവ പാരായണം ചെയ്യുക.

## സയ്യിദുൽ ഇസ്തിഗ്ഫാർ

مَنْ قَالَ حِينَ يُصْبِحُ أَوْ حِينَ يُمْسِي : اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَنِي ، وَأَنَا عَبْدُكَ

[1] അബൂദാവൂദ്, സ്വഹീഹുൽ ജാമിഅ് (ഹസൻ) 5036.

وَأنا عَلى عَهْدِكَ وَ وَعْدِكَ ما اسْتَطعْتُ ، أعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أبُوءُ لكَ بِنِعْمَتِكَ عَلَيَّ وَأبُوءُ بِذَنْبي فاغْفِرْ لِي فَإنَّهُ لا يَغْفِرُ الذُّنوبَ إلاَّ أنْتَ . فَمَاتَ مِنْ يَوْمِهِ أوْ لَيْلَتِهِ دَخَلَ الجَنَّةَ (أحمد، نسائي ، حاكم ، صحيح الجامع ٦٤٢٤)

“ആരെങ്കിലും രാവിലെയോ വൈകുന്നേരമോ (അല്ലാഹുമ്മ അൻത റബ്ബീ ലാ ഇലാഹ ഇല്ലാ അൻത ഖലഖ്തനീ, വഅന അബ്ദുക വഅന അലാ അഹ്ദിക വ വഅ്ദിക മസ്തത്വഅ്തു. അഊദു ബിക മിൻ ശർറി മാ സ്വനഅ്തു. അബൂഉ ലക ബിനിഅ്മതിക അലയ്യ, വഅബൂഉ ബി ദൻബീ ഫഗ്ഫിർ ലീ ഫ ഇന്നഹു ലാ യഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത) ‘അല്ലാഹുവേ നീയാ

ണ് എന്റെ രക്ഷകൻ, എന്നെ സൃഷ്ടിച്ചവനായ നീ അല്ലാതെ ഒരു ആരാധ്യനുമില്ല. ഞാൻ നിന്റെ അടിമയാണ്. ഞാൻ നിന്നോട് ചെയ്ത കരാറുകളും ഉടമ്പടികളും കഴിയുന്നത്ര പാലിക്കുന്നതാണ്. ഞാൻ ചെയ്തിട്ടുള്ളയുടെ നാശത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളേയും എന്റെ തെററുകളേയും ഞാനിതാ സമ്മതിക്കുന്നു. നാഥാ നീ എനിക്ക് പൊറുത്ത് തരേണമേ. തീർച്ചയായും പാപങ്ങൾ പൊറുക്കാൻ നീയല്ലാതെ മററാരുമില്ല.' എന്നു പ്രാർത്ഥിച്ച് പ്രസ്തുത പകലോ രാത്രി

യോ അവൻ മരണപ്പെട്ടാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്."[1]

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٍ،

(ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) "അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് അധികാരവും സ്തോത്രവും അവന്ന് തന്നെ. അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു"

[1] അഹ്മദ്, നസാഇ, ഹാകിം. സ്വഹീഹുൽ ജാമിഅ് 6424.

എന്ന് ഒരു ദിവസം നൂറ് തവണ പറഞ്ഞാൽ അവന് പത്ത് അടിമകളെ മോചിപ്പിച്ച പ്രതിഫലവും നൂറ് നന്മകൾ അവനായി രേഖപ്പെടുത്തുകയും അവന്റെ നൂറ് പാപങ്ങൾ മായ്ക്കപ്പെടുകയും ചെയ്യുന്നതാണ്. ആ ദിവസം വൈകുന്നേരം വരെ പിശാചിൽനിന്നും അവന് കാവൽ ലഭിക്കുന്നതുമാണ്. ഇത് കൂടുതൽ പ്രവർത്തിച്ചാലല്ലാതെ ഇതിനേക്കാൾ ശ്രേഷ്ഠമായ ഒന്നും ഒരാളും പ്രവർത്തിക്കുന്നില്ല. ഇത് വൈകുന്നേരം പത്ത് തവണയും പറയുക എന്നാൽ പ്രഭാതം വരെയും പിശാചിൽ നിന്ന് കാ

വൽ ലഭിക്കുന്നതാണ്.[1]

بِسْمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ العَلِيمُ

(ബിസ്മില്ലാഹി ല്ലദീ ലാ യളുർറു മ അസ്മിഹി ശയ്ഉൻ ഫിൽ അർളി വ ലാ ഫിസ്സമാഇ വഹുവസ്സമീഉൽ അ ലീം) "ഭൂമിയിലും ആകാശത്തിലും ത ൻെറ നാമത്തിൻെറ കൂടെ യാ തൊരു ഉപദ്രവവും ഏൽക്കാത്ത അല്ലാഹുവിൻെറ നാമത്തിൽ (ഈ പ്രഭാതം /പ്രദോഷം ആരംഭിക്കു ന്നു) അവൻ എല്ലാം കേൾക്കുന്നവ നും അറിയുന്നവനുമാണ്" എന്ന് രാവിലെയും വൈകുന്നേരവും മൂ

[1] മുതഫഖുൻ അലൈഹി. സ്വഹീഹുൽ ജാമിഅ് 6437.

ന്ന് തവണ പറഞ്ഞാൽ പെട്ടെന്നു ണ്ടാകുന്ന വിപത്തുകൾ അവന് ബാധിക്കുന്നതല്ല.[1]

اللهمَّ بِكَ أصبَحْنا وَبِكَ أمْسَيْنا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ المَصِيرُ (ابن ماجه ، صحيح الجامع ١٢٥٤)

"(അല്ലാഹുമ്മ ബിക അസ്വ്ബഹ്നാ വ ബിക അംസയ്നാ വബിക നഹ് യാ വ ബിക നമൂതു വ ഇലൈക ൽ മസ്വീർ) അല്ലാഹുവേ, നിന്നെ ക്കൊണ്ട് ഞാൻ പ്രഭാതം പ്രാപി ക്കുകയും നിന്നെക്കൊണ്ട് ഞാൻ പ്രദോഷം പ്രാപിക്കുകയും. നി ന്നെക്കൊണ്ട് ഞാൻ ജീവിക്കുക

---

[1] അബൂദാവൂദ്, ഹാകിം. സ്വഹീഹുൽ ജാമിഅ് 6426.

യും നിന്നെക്കൊണ്ട് ഞാൻ മരിക്കുകയും നിന്നിലേക്ക് ഞാൻ മടക്കപ്പെടുകയും ചെയ്യുന്നു"[1]

سُبْحَانَ اللهِ وَبِحَمْدِهِ

(സുബ്ഹാനല്ലാഹി വബിഹംദിഹി) "അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു" എന്ന് നൂറ് തവണ രാവിലേയും വൈകുന്നേരവും ഒരാൾ പറഞ്ഞാൽ അന്ത്യനാളിൽ അതിനേക്കാൾ ശ്രേഷ്ഠമായ ഒന്നും ഒരാൾ കൊണ്ടുവരുന്നതല്ല. ഇത് അധികരിപ്പിച്ചാലല്ലാതെ.[2] "സമുദ്രത്തിലെ നുരയും

---

1 ഇബ്നുമാജ, സ്വഹീഹുൽ ജാമിഅ് 354.

2 മുഖ്തസ്വറു മുസ്‌ലിം നമ്പർ : 1903

പതയും കണക്കെയുള്ള പാപങ്ങ ളാണെങ്കിലും അവ പൊറുക്കപ്പെടു ന്നതാണ്."[1]

سبحان الله وبحمده عدد خلقه ورضا نفسه وزنة عرشه ومداد كلماته ( مسلم ٦٩١٣ )

ജുവൈരിയ്യ(റ)യിൽ നിന്ന്: "ന ബി(സ) ഒരിക്കൽ അവരുടെ അടു ത്ത് നിന്ന് പ്രഭാത നമസ്കാരം ക ഴിഞ്ഞ് പുറത്ത് പോയി. പിന്നീട് ളുഹാ സമയം നബി(സ) തിരിച്ചു വന്നു. അന്നേരം അവർ പള്ളിയി ൽ തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ നബി(സ) ചോദിച്ചു: നീ, ഞാൻ പോകുന്ന അതേ അവസ്ഥ

[1] മുസ്ലിം

യിൽ തന്നെ ഇരിക്കുകയാണോ? അവർപറഞ്ഞു അതെ. അപ്പോൾ നബി(സ) പറഞ്ഞു: നീ (സുബ്ഹാനല്ലാഹി വബിഹംദിഹി അദദ ഖൽഖിഹി വ രിദ്വാ നഫ്സിഹി വ സിനത അർശിഹി വ മിദാദ കലിമാതിഹി (അല്ലാഹുവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയ മഷി കണക്കെ, അവന്റെ സിംഹാസനത്തിന്റെ തൂക്കം കണക്കെ, അവന്റെ മനസ്സിന്റെ തൃപ്തി കണക്കെ, അവന്റെ സൃഷ്ടികളുടെ എണ്ണം കണക്കെ അവനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ വാഴ്ത്തുന്നു) എന്നീ നാല് വചനങ്ങൾ മൂന്ന് തവണ പറയുകയും എന്നിട്ടത് തൂക്കി നോക്കുകയും ചെയ്താൽ തീർച്ച

യായും ഇന്നു മുതൽ നീ പറയുന്നവയേക്കാൾ അത് ഘനം തൂങ്ങുന്നതായിരിക്കും"[1]

أصبَحْنَا وَأصبَحَ المُلْكُ للهِ (أمْسَيْنَا وَأمْسَى المُلْكُ لِلهِ) والحَمْدُ لِلهِ وَحْدَهُ لاَ شَرِيكَ لَهُ اللهُمَّ إنِّي أسْألُكَ مِنْ خَيْرِ هَذَا النَّهَارِ ( هَذِهِ اللَّيْلَةِ ) وَخَيْرَ مَا فِيهَا وَأعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا فِيهَا اللهُمَّ إنِّي أعُوذُ بِكَ مِنَ الكَسَلِ وَالهَرَمِ وَسُوءِ الكِبَرِ وَفِتْنَةِ الدُّنْيَا وَعَذَابِ القَبْرِ (مختصر مسلم ١٨٩٤)

നബി (സ) രാവിലെയും വൈകുന്നേരവും (അസ്വ്ബഹ്നാ വ അസ്വ്ബഹൽ മുൽകു ലില്ലാഹി (അംസയ്നാ വ അംസൽ മുൽകു ലി

[1] മുഖ്തസ്വറു മുസ്‌ലിം 1902.

**ല്ലാ)** വൽഹംദു ലില്ലാ ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ല ഹു, അല്ലാഹുമ്മ ഇന്നീ അസ്അലു ക മിൻ ഖയ്രി ഹാദന്നഹാരി **(ഹാ ദിഹില്ലയ്ലതി)** വ ഖയ്രി മാഫീഹാ, വ അഊദു ബിക മിൻ ശർറിഹാ വ ശർറി മാഫീഹാ, അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ കസ്‌ലി വൽ ഹറമി വ സൂഇൽ കിബറി വ ഫിത് നതിദ്ദുൻയാ വ അദാബിൽ ഖബ് ർ) "ഞങ്ങൾ പ്രഭാതം പ്രാപിച്ചിരി ക്കുന്നു അധികാരം നിന്നിൽ ത ന്നെ, നാഥാ നിനക്ക് സർവ്വ സ്തു തികളും, അല്ലാഹു അല്ലാതെ ഒരാ രാധ്യനില്ല, അവൻ ഏകനും പങ്ക് കാരില്ലാത്തവനുമാണ്. അല്ലാഹു വേ, ഈ പകലിന്റേയും ഇതി

ലുണ്ടാകുന്നതിന്റേയും നന്മയെ ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റേയും ഇതിൽ ഉണ്ടാകുന്നതിന്റേയും നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു. അല്ലാഹുവേ അലസതയിൽ നിന്നും വാർദ്ധക്യത്തിൽ നിന്നും വാർദ്ധക്യത്തിന്റെ വിഷമതകളിൽ നിന്നും, ദുനിയാവിലെ പരീക്ഷണങ്ങളിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു."[1] വൈകുന്നേരം പ്രാർത്ഥിക്കുമ്പോൾ അടിയിൽ വരയിട്ട പദങ്ങൾക്ക് പക

---

[1] മുഖ്തസ്വറു മുസ്‌ലിം 1894.

രം [ ] ക്ക് ഉള്ളിൽ കൊടുത്ത പദ ങ്ങൾ പറയുക.

## സ്വലാത്ത്

“വല്ലവരും എന്റെ പേരിൽ രാവി ലെയും വൈകുന്നേരവും പത്ത് തവണ സ്വലാത്ത് ചൊല്ലിയാൽ അ ന്ത്യനാളിൽ എന്റെ ശഫാഅത്ത് (ശുപാർശ) അവർക്ക് ലഭിക്കുന്ന താണ്.[1]

സ്വലാത്തിന്റെ പൂർണ്ണ രൂപം നമ സ്കാരം എന്ന അദ്ധ്യായത്തിൽ കൊടുത്തത് ശ്രദ്ധിക്കുക.

---

1 ത്വബ്റാനി. സ്വഹീഹുൽ ജാമിഅ് (ഹസൻ) നമ്പർ 6357.

സ്വലാത്ത് എന്ന പേരിൽ ഇന്ന് സമൂഹത്തിൽ പ്രചരിക്കപ്പെട്ടിട്ടുള്ള നബി(സ) പഠിപ്പിച്ചിട്ടില്ലാത്തതും സ്വഹാബികൾക്ക് പരിചയമില്ലാത്ത തുമായ നാരിയ സ്വലാത്ത് പോലുള്ളവ ഒരിക്കലും ഒരു മുസ്‌ലിമിന് ചൊല്ലാൻ പാടില്ലാത്തതാണ്. നാം ചെയ്ത മുഴുവൻ അമലുകളേയും നശിപ്പിക്കുന്ന ശിർക്കൻ ആശയമാണ് അതിലുള്ളത്. ഇത് മനസ്സിലാക്കിയിട്ടും ഒരാൾ അത് ചൊല്ലിയാൽ പിന്നെ പശ്ചാത്തപിച്ച് വീണ്ടും ശഹാദത്ത് കലിമ ചൊല്ലിയങ്കിലേ അവന് രക്ഷ യുള്ളൂ. അത്രമാത്രം മാരകമായ വിഷമാണ് അതിലെ ഉള്ളടക്കം.

## ളുഹാ നമസ്കാരം

عن أبي ذر ﷺ عن النبي ﷺ أنه قال يصبح على كل سلامى من أحدكم صدقة فكل تسبيحة صدقة وكل تحميدة صدقة و كل تهليلة صدقة وكل تكبيرة صدقة وأمر بالمعروف صدقة ونهي عن المنكر صدقة ويجزئ من ذلك ركعتان يركعهما من الضحى (مختصر مسلم ٣٦٤)

അബൂദർറ് (റ)വിൽ നിന്ന്: നബി (സ) പറഞ്ഞു: "എല്ലാ പുലരിയിലും നിങ്ങളുടെ ഓരോ സന്ധിയിലും നിങ്ങൾക്ക് ധർമ്മമുണ്ട്. സുബ്ഹാനല്ലാ, അൽഹംദു ലില്ലാ, ലാ ഇലാഹ ഇല്ലല്ലാ, അല്ലാഹു അക്ബർ എന്നിവയെല്ലാം ധർമ്മമാണ്. നന്മ കൽപിക്കൽ ധർമ്മമാണ്. തിന്മ

വിരോധിക്കൽ ധർമ്മമാണ്. രണ്ട് റക്അത്ത് ളുഹാ നമസ്കാരം നിർവ്വഹിക്കൽ ഇവക്കെല്ലാം പകരമാകുന്നതുമാണ്."[1]

## ളുഹ്ർ നമസ്കാരം

مَنْ صَلَّى قَبْلَ الظُّهْرِ أَرْبَعًا وَبَعْدَهَا أَرْبَعًا حَرَّمَهُ اللَّهُ عَلَى النَّارِ (أحمد ، نسائي، ابن ماجة صحيح الجامع

"വല്ലവരും ളുഹ്റിന്ന് മുമ്പും ശേഷവും നാല് റക്അത്ത് നമസ്കരിച്ചാൽ അല്ലാഹു അവനെ നരകത്തെ തൊട്ട് നിഷിദ്ധമാക്കുന്നതാണ്."[2]

---

1 മുഖ്തസ്വറു സ്വഹീഹ് മുസ്ലിം 354

2 അഹ്മദ്, നസാഈ, സ്വഹീഹുൽ ജാമിഅ് 6364.

## അസ്വ്ർ

مَنْ تَرَكَ صَلاَةَ الْعَصْرَ فَقَدْ حَبِطَ عَمَلُهُ (البخاري)

"അസ്വ്ർ നമസ്കാരം പാഴാക്കുന്നവന്റെ കർമ്മങ്ങൾ നിഷ്ഫലമായതു തന്നെ."[1]

حَافِظُوا عَلَى الصَّلَوَاتِ والصَّلاَةِ الوُسْطَى (سورة البقرة ٢٣٨)

"നിങ്ങൾ നമസ്കാരങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിക്കുക. പ്രത്യേകിച്ചും വുസ്ത്വ (മദ്ധ്യമ) നമസ്കാരം."[2]

---

1 ബുഖാരി.

2 ഖുർആൻ സൂറത്തുൽ ബഖറ: 238

صَــلاةُ الوُسْــطى صَــلاةُ العَــصْرِ (أحمــد , الترمذي، مصنف أبي شيبة, صحيح الجامع: ٣٨٣٥)

"സ്വലാതുൽ വുസ്ത്വയാണ് അസ്വ റ് നമസ്കാരമാണ്"[1]

## മലക്കുകൾ സാക്ഷ്യം വഹിക്കും !

يتَعَاقَبُونَ فِيكُمْ مَلاَئِكَةٌ بالليل وَمَلاَئِكَةٌ بِالنَّهَار وَيَجْتَمِعُونَ فِي صَلاَةِ الفَجْرِ وَصَلاَةِ العَصْرِ ثُمَّ يَعْرُجُ الَّذِينَ بَاتُوا فِيكُمْ فَيَسْأَلُهُمْ وَهُوَ أَعْلَمُ بِهِمْ كَيْفَ تَرَكْتُمْ عِبَادِي ؟ فَيَقُولُونَ تَرَكْنَاهُمْ وَهُمْ يُصَلُّونَ وَ أَتَيْنَاهُمْ وَهُمْ يُصَلُّون (متفق عليه)

"നിങ്ങളോടൊപ്പം ഒരു വിഭാഗം മല

---

[1] അഹ്മദ്, തിർമിദി, മുസ്വന്നഫ് അബീ ശൈബ, അൽ ബാനിയുടെ സ്വഹീഹുൽ ജാമിഅ് 3835.

ക്കുകൾ രാത്രിയിലും മറ്റൊരു വിഭാഗം പകലിലും ഊഴമനുസരിച്ചുണ്ട്. അവർ സുബ്ഹിക്കും അസ്വ്റിനും ഒരുമിച്ചുകൂടും. പിന്നെ നിങ്ങളോടൊപ്പം ഉണ്ടായിരുന്നവർ അല്ലാഹുവിലേക്ക് കയറിപ്പോകും; അന്നേരം അല്ലാഹു ചോദിക്കും: എങ്ങിനെയുണ്ട് എന്റെ ദാസന്മാർ ? അല്ലാഹു തന്നെയാണ് കൂടുതൽ അറിയുക. അവർ പറയും ഞങ്ങൾ പോരുമ്പോൾ അവർ നമസ്കാരത്തിലുണ്ട്. ഞങ്ങൾ ചെല്ലുമ്പോഴും അവർ നമസ്കാരത്തിലുണ്ടായിരുന്നു."[1]

---

[1] മുത്തഫഖുൻ അലൈഹി. മുഖ്തസ്വറു മുസ്ലിം 1857.

## അസ്വ്‌റിന് മുമ്പും സുന്നത്ത്

رَحِمَ اللهُ امْرأً صَلَّى قَبْلَ الْعَصْرِ أَرْبَعًا (أبو داود، الترمذي ، صحيح الجامع للألباني ٣٤٩٣)

"അസ്വ്‌റിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കുന്ന മനുഷ്യനെ അല്ലാഹു അനുഗ്രഹിക്കട്ടെ."[1]

## പ്രദോഷത്തിലെ ദിക്റുകൾ

നേരത്തെ പ്രഭാതത്തിൽ പറഞ്ഞ ദിക് റുകൾ ചൊല്ലുക. സൂര്യോദയത്തിന് മുമ്പും അസ്തമയത്തിന് മുമ്പും അല്ലാഹുവിനെ പ്രകീർത്തിക്കുന്നതിന്റെ മഹത്വം ഖുർആൻ

[1] അബൂദാവൂദ്, തിർമിദി, സ്വഹീഹുൽ ജാമിഅ് 3493.

പല അദ്ധ്യയങ്ങളിലും എടുത്ത് പറഞ്ഞിട്ടുണ്ട്.[1] പ്രഭാത ദിക്റുകൾക്ക് പുറമെ താഴെ പറയുന്നവയും ശീലമാക്കുക.

أعـوذُ بكَلِمَاتِ اللهِ التَّامـَّاتِ مِنْ شَرِّ مَا خَلَقَ (الترمـذي، ابـن حبّـان . صـحيح الجـامع ٦٤٢٧)

(അഊദു ബി കലിമാതില്ലാഹിത്താമ്മാതി മിൻ ശർറി മാ ഖലഖ) "അല്ലാഹുവിൻെറ പരിപൂർണ്ണങ്ങളായ വചനങ്ങളെ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ നാശങ്ങളിൽ നിന്നും ഞാൻ രക്ഷതേടുന്നു." എന്ന് മൂന്ന് തവണ വൈകുന്നേരം

[1] ത്വാഹ: 130, ഖാഫ് 39

പറഞ്ഞാൽ സർപ്പം പോലുള്ളവയുടെ ഉപദ്രവം ആ രാത്രി അവനെ ബാധിക്കുകയില്ല.)[1]

## മഗ്‌രിബ്

صَلُّوا قَبْلَ الْمَغْرِبِ رَكْعَتَيْنِ صَلُّوا قَبْلَ الْمَغْرِبِ رَكْعَتَيْنِ (أبو داود، أحمد، صحيح الجامع: ٣٧٩١)

"നിങ്ങൾ മഗ്‌രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കുക, "നിങ്ങൾ മഗ്‌രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കുക."[2]

---

[1] തിർമിദി, ഇബ്നു ഹിബ്ബാൻ, സ്വഹീഹുൽ ജാമിഅ് 6427.

[2] അബൂദാവൂദ്, അഹ്മദ്, സ്വഹീഹുൽ ജാമിഅ് 3791.

# സുന്നത്തിലെ സൂറത്തുകൾ

أنَّ رَسُولَ الله ﷺ قَرَأَ فِي سنة المغرب البَعْدِيَّةِ قُلْ يَا أَيُّهَا الكَافِرُونَ وَقُلْ هُوَ اللهُ أحَدٌ (أحمد، النسائي، والطبراني ، صفة صلاة النبي ﷺ للألباني : ١١٦)

"നബി(സ) മഗ്രിബിന് ശേഷമുള്ള സുന്നത്തിൽ ഖുൽയാ അയ്യുഹൽ കാഫിറൂനയും ഖുൽ ഹുവല്ലാഹു അഹദുമായിരുന്നു പാരായണം ചെയ്തിരുന്നത്. "[1]

---

1 അഹ്മദ്, നസാഈ, ത്വബ്റാനി, അൽബാനിയുടെ സ്വിഫതു സ്വലാതി ന്നബിയ്യി(സ) പേജ്: 116. മഗ്രിബ് നമസ്കാരത്തിന് ശേഷം ആറ് റക്അത്ത്, മഗ്രിബിന്റേയും ഇശാഇന്റേയും ഇടയിൽ 20 റക്അത്ത് എന്നിങ്ങനെ പറയുന്ന ഹദീസുകൾ ദുർബലങ്ങളാണ്. അത് പ്രാവർത്തികമാക്കാവ

സുന്നത്തു നമസ്കാരങ്ങളിൽ സൂറത്തുകൾ ഓതേണ്ടതില്ല എന്ന് പലരും ധരിച്ചു വെച്ചിട്ടുണ്ട് അത് ശരിയല്ല.

## ഇശാ നമസ്കാരം

### മുനാഫിഖുൾക്ക് ഭാരം

أَثْقَلُ الصَّلَاةِ عَلَى الْمُنَافِقِينَ صَلَاةُ الْعِشَاءِ وَصَلَاةُ الْفَجْرِ وَلَوْ يَعْلَمُونَ مَا فِيهِمَا لَأَتَوْهُمَا وَلَوْ حَبْوًا (متفق عليه)

"മുനാഫിഖുകൾക്ക് ഏററവും ഭാരമേറിയ നമസ്കാരമാണ് ഇശാഉം സുബ്ഹിയും; അത് രണ്ടിലെയും പുണ്യം അവർ അറിഞ്ഞിരുന്നുവെ

---

ത്തല്ല. അൽബാനിയുടെ ളഈഫുൽ ജാമിഉ സ്വഗീർ നമ്പർ: 5661, 5662, 5665

കിൽ ഇഴഞ്ഞെങ്കിലും അവർ അതിന് എത്തുന്നതാണ്."[1]

## സ്വർഗ്ഗത്തിലൊരു വീട് !

مَا مِنْ عَبْدٍ مُسْلِمٍ يُصَلِّي لِلَّهِ كُلَّ يَوْمٍ اثْنَتَيْ عَشْرَةَ رَكْعَةً تَطَوُّعًا غَيْرَ فَرِيضَةٍ إِلاَّ بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ (مسلم) : أَرْبَعٌ قَبْلَ الظُّهْرِ وَرَكْعَتَيْنِ بَعْدَهَا وَرَكْعَتَيْنِ بَعْدَ الْمَغْرِبِ وَرَكْعَتَيْنِ بَعْدَ الْعِشَاءِ وَرَكْعَتَيْنِ قَبْلَ الْغَدَاةِ (الترمذي، صحيح الجامع للألباني :٦٣٦٢ )

"ഏതൊരു മുസ്‌ലിമായ ദാസനാണോ ഫർളിന് പുറമെ പന്ത്രണ്ട് റക്അത്ത് സുന്നത്ത് എല്ലാ ദിവസവും നമസ്കരിക്കുന്നത് അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് പ

[1] മുത്തഫഖുൻ അലൈഹി

ണിയാതിരിക്കുകയില്ല.[1] ളുഹറിന് മുമ്പ് നാല്, ശേഷം രണ്ട്, മഗ് രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സുബ്ഹിന് മുമ്പ് ര ണ്ട് എന്നിവയാണവ."[2]

നബി(സ)യിൽ നിന്നും ഇത് കേട്ട തിന് ശേഷം ഞാൻ അത് ഒഴിവാ ക്കിയിട്ടില്ല. എന്ന് ഉമ്മുഹബീബ,അം റുബ്നു ഔസ്, നുഅ്മാനുബ്നു സാലിം(റ) എന്നീ സ്വഹാബികൾ പറയുന്നത് ഇമാം മുസ്ലിം ഉദ്ധരി ക്കുന്നു.[3]

---

1 മുഖ്തസ്വറു മുസ്ലിം 370.

2 തിർമിദി, അൽബാനി സ്വഹീഹുൽ ജാമിഅ്: 6362

3 മുഖ്തസ്വറു മുസ്ലിം 370.

## നമസ്കാരം മറന്നാൽ

إذَا نَسِيَ أحَدُكُمْ صَلاةً أوْ نَامَ عَنْهَا فَلْيُصَلِّهَا إذَا ذَكَرَهَا (أبو داود، ابن ماجة، صحيح الجامع ٨٠٧)

"നിങ്ങളിൽ ആരെങ്കിലും നമസ്കാരം മറക്കുകയോ ഉറങ്ങിപ്പോവുകയോ ചെയ്താൽ അവൻ ഓർമ്മവരുമ്പോൾ നമസ്കരിക്കട്ടെ."[1]

മറവിയും ഉറക്കവുമല്ലാതെ സമയം തെററി നസ്കരിക്കാൻ മററ് യാതൊരു കാരണവും ഇസ്ലാം അനുവദിക്കുന്നില്ല. അത് രണ്ടുമാകട്ടെ മനുഷ്യൻെറ നിയന്ത്രണത്തി

[1] അബൂദാവൂദ്, ഇബ്നുമാജ, സ്വഹീഹുൽ ജാമിഅ് 807.

ൽ പെട്ടതുമല്ല. ഒരു നമസ്കാരം സമയത്ത് നിർവ്വഹിക്കാതെ മ റെറാരു സമയത്ത് ഖളാഅ് വീട്ടുക എന്നത് പിശാച് ഉണ്ടാക്കിത്തീർത്ത താണ്. അതിന് മതം ഒരു നില ക്കും അനുവദിക്കുന്നില്ല.

## വിത്ർ നമസ്കാരം

الوِتْرُ حَقٌ عَلَى كُلِّ مسلِمٍ فمن شـــاء أوتـــر بسبع، ومن شاء أوتر بخمس، ومن شـــاء بثلاثٍ ,من شاء أوتر بواحدةٍ فمـــن غلـــب فليومئ إيماءً (أبو داود ، نسائي، صـــحيح الجامع للألباني ٧١٤٧)

"വിത്റ് നമസ്കാരം എല്ലാ മുസ്ലി മിനും ബാധ്യതയുള്ളതാണ്. അതി നാൽ ഏഴോ, അഞ്ചോ, മൂന്നോ

ഒന്നോ ഓരോരുത്തരും ഉദ്ദേശിക്കുന്നത്ര നമസ്കരിക്കട്ടെ. ഉറക്കം വന്നാൽ ആംഗ്യം കാണിച്ചുകൊണ്ടെങ്കിലും (നിർവ്വഹിക്കട്ടെ)"[1]

قدْ أوتر رسول الله من أول الليل وأوسـطه وآخره فانتهى وتره إلى السحر ( مسلم)

"നബി(സ) രാത്രിയുടെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലുമെല്ലാം വിത്റ് നമസ്കരിക്കാറുണ്ട്. അവസാനത്തിലാകുമ്പോൾ അത് അത്താഴ സമയത്തിലേക്ക് എത്താറുണ്ട്"[2]

---

[1] അബൂദാവൂദ്, നസാഇ, സ്വഹീഹുൽ ജാമിഅ് 7147.

[2] മുഖ്തസ്വറു മുസ്‌ലിം 391.

## വിത്റിലെ സൂറത്തുകൾ

كَانَ يَقْرَأ فِي الرَّكْعَةِ الأولى ﴿ سَبِّح اسْمَ رَبِّكَ الأعْلَى ﴾ وَفِي الثَّانِيةِ ﴿ قُلْ يَا أيها الكَافِرُون ﴾ وَفِي الثَّالِثَةِ ﴿ قُلْ هُوَ اللهُ أحد ﴾ (النسائي ، حاكم، صفة صلاة النبي ﷺ للألباني صفحة: ١٢٢)

"'നബി(സ) വിത്റിൽ ഒന്നാം റക്അത്തിൽ സബ്ബിഹിസ്മ റബ്ബികൽ അഅ്ലയും, രണ്ടാം റക്അത്തിൽ ഖുൽയാ അയ്യുഹൽ കാഫിറൂന യും, മൂന്നാം റക്അ ത്തിൽ ഖുൽ ഹുവല്ലാഹു അഹദുമായിരുന്നു പാരാണം ചെയ്തിരുന്നത്. "[1]

---

[1] നസാഇ, ഹാകിം . അൽബാനിയുടെ സിഫതു സ്വലാതി ന്നബിയ്യി(സ) പേജ്: 122.

## വിത്റിൽ നിന്ന് വിരമിച്ചാൽ

وإذا سلم من الوتر قال : سبحان الملك القدوس سبحان الملك القدوس سبحان الملك القدوس ( ثلاثا ) ويمد بها صوته ويرفع الثالثة (صحيح أبي داود ١٢٨٢، إرواء الغليل رقم : ٤٣٠)

" (നബി(സ) വിത്റിൽ നിന്നും സലാം വീട്ടിയാൽ സുബ്ഹാനൽ മലികുൽ ഖുദ്ദൂസ് (പരിശുദ്ധനും രാജാധിരാജനുമായവൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. എന്ന് മൂന്ന് തവണ പറയും മൂന്നാം തവണ ശബ്ദം ഉയർത്തി നീട്ടി പറയുകയും ചെയ്തിരുന്നു."[1]

---

[1] സ്വഹീഹ് അബൂദാവൂദ് : 1282, ഇർവാഉൽ ഗലീൽ : 430

## വിത്റിന് മുമ്പ് ഉറങ്ങിയാൽ

مَنْ نَامَ عَنْ وِتْرِهِ فَلْيُصَلِّ إِذَا أَصْبَحَ
(الترمذي، صحيح الجامع ٦٥٦٣)

"ആരെങ്കിലും വിത്റ് നമസ്കരിക്കുന്നതിന് മുമ്പ് ഉറങ്ങിപ്പോയാൽ അവൻ നേരം പുലർന്ന ശേഷം നമസ്കരിക്കട്ടെ."[1]

وَكَانَ إِذَا غَلَبَهُ نَوْمٌ أَوْ وَجَعٌ عَنْ قِيَامِ اللَّيْلِ صَلَّى مِنَ النَّهَارِ اثْنَتَي عَشْرَةَ رَكْعَةً (مختصر مسلم ٣٩٠)

"അദ്ദേഹം (നബി(സ) രാത്രി നമസ്കാരം നിർവ്വഹിക്കുന്നതിന് മുമ്പ് ഉറക്കത്തിൽ പെട്ടുപോവുകയോ എന്തെങ്കിലും പ്രയാസം കാ

[1] തിർമിദി, സ്വഹീഹുൽ ജാമിഅ് 6563.

രണം നമസ്കരിക്കാൻ കഴിയാതെ വരികയോ ചെയ്താൽ പകൽ പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു."[1]

പന്ത്രണ്ട് റക്അത്ത് ഓരോരുത്തരുടെ കഴിവ് അനുസരിച്ച് പന്ത്രണ്ടിൽ കൂടാതെ നമസ്കരിക്കാവുന്നതാണ്. എന്നാൽ അത് ഇരട്ടയാക്കണം എന്ന് മാത്രം.

## സ്വലാത്തുൽ ഇസ്തിഖാറ:

ഉത്തമമായ കാര്യം വെളിപ്പെടാനുള്ള നമസ്കാരവും പ്രാർത്ഥന യും ജാബിർ(റ) പറയുന്നു: പ്രവാചകൻ(സ) ഖുർആൻ സൂറത്തുകൾ

---

1 മുഖ്തസ്വറു മുസലിം 390.

പഠിപ്പിച്ചിരുന്നത് പോലെ എല്ലാ കാര്യങ്ങളിലും ഇസ്തിഖാറത്ത് ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കു മായിരുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളാരെങ്കിലും ഒരു കാര്യം ഉദ്ദേശിക്കുകയും അതിൽ നിങ്ങൾക്ക് തരുമാനത്തിലെത്താൻ കഴിയാതെ വരികയും ചെയ്താൽ അവൻ രണ്ട് റക്അത്ത് (സുന്നത്ത്) നമസ്കരിക്കുകയും ശേഷം ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്യട്ടെ"[1] (അല്ലാഹു ഉത്തമമായത് കാണിച്ചുതരുന്നതാണ്.

اللهُمَّ إنِّي أَسْتَخِيرُكَ بِعِلْمِكَ ، وَأَسْتَقْدِرُكَ بِقُدْرَتِكَ ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ، فَإِنَّكَ

---

[1] ബുഖാരി

تَقْدِرُ وَلاَ أقدِرُ، وَتَعْلَمُ وَلاَأعْلَمُ وَأنتَ عَــلاَّمُ الْغُيُوبِ اَللـهُمَّ إنْ كُنْتَ تَعْلَمُ أنَّ هذَا الأمْرَ (.. .. .. ) خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ. وَإنْ كُنْتَ تَعْلَمُ أنَّ هذَا الأمْرَ (. .. .. .) شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أمْرِي فَاصْرِفْهُ عَنِي وَاصْرِفْنِي عَنْهُ وَاقْدُرْ لِي الْخَيْرَ حَيْثُ كَانَ ثُمَّ رَضِّنِي بِهِ (البخاري)

(അല്ലാഹുമ്മ ഇന്നീ അസ്തഖീറുക ബി ഇൽമിക, വ അസ്തഖ്ദിറുക ബി ഖുദ്റതിക, വ അസ്അലുക മി ൻ ഫദ്ലികൽ അളീം, ഫഇന്നക ത ഖ്ദിറു വലാ അഖ്ദിറു, വതഅ്ലമു വലാ അഅ്ലമു, വഅൻത അല്ലാ മുൽ ഗുയൂബ്. അല്ലാഹുമ്മ ഇൻ കുൻത തഅ്ലമു അന്ന ഹാദൽ

അംറ ( ഏത് കാര്യമെന്ന് പറയുക) ഖയ്റുൻ ലീ ഫീ ദീനീ വ മആശീ വ ആഖിബ തി അംരീ ഫഖ്ദുർഹു ലീ, വ യസ്സിർഹു ലീ, ഥുമ്മ ബാരിക് ലീ ഫീഹി. വഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ (ഏത് കാര്യ മെന്ന് പറയുക) ശർറുൻ ലീ ഫീ ദീ നീ, വ മആശീ, വ ആഖിബതി അം രീ ഫസ്വ്രിഫ്ഹു അന്നീ വസ്വ്രിഫ് നീ അൻഹു. വഖ്ദുർലിയൽ ഖൈ റ ഹൈഥു കാന. ഥുമ്മ റദ്ളിനീ ബിഹി. (ബുഖാരി).

"അല്ലാഹുവേ നിൻെറ അറിവി ൻെറ അടിസ്ഥാനത്തിൽ ഞാൻ നിന്നോട് നന്മയേതെന്ന് ചോദി ക്കുന്നു, നിൻെറ കഴിവിൻെറ അടി സ്ഥാനത്തിൽ ഞാൻ നിന്നോട് ക

ഴിവ് ചോദിക്കുന്നു, നിൻെറ മഹ ത്തായ ഔദാര്യത്തിൽനിന്നും ഞാ ൻ നിന്നോട് തേടുകയും ചെയ്യു ന്നു. കാരണം നിനക്ക് കഴിയും എനിക്ക് കഴിയുകയില്ല. നീ അറി യുന്നു ഞാൻ അറിയുന്നില്ല. നീ എല്ലാ രഹസ്യങ്ങളും അതിസൂക്ഷ്മ മായി അറിയുന്നവനുമാണല്ലൊ. അല്ലാഹുവേ എൻെറ ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എനി ക്ക് എൻെറ മതത്തിൻെറ വിഷയ ത്തിലും ജീവിത വിഷയത്തിലും എ ൻെറ കാര്യത്തിൻെറ അന്തിമമായ വിശകലനത്തിലും നന്മയായി നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും അതിനെ എനി ക്ക് എളുപ്പമാക്കി തരികയും പിന്നീ

ട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എന്റെ മതത്തിന്റെ വിഷയത്തിലും എന്റെ ജീവിത വിഷയത്തിലും എന്റെ കാര്യത്തിന്റെ അന്തിമമായ വിഷയത്തിലും എനിക്ക് ദോഷകരമായാണ് നീ അറിയുന്നതെങ്കിൽ അതിനെ എന്നിൽ നിന്നും നീതിരിച്ചുവിടേണമേ, എന്നെ അതിൽ നിന്നും നീ തിരിച്ചുവിടേണമേ. നന്മ എവിടെയാണോ അതെനിക്ക് വിധിക്കുകയും ശേഷം അതിനെ എനിക്ക് നീ തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ."[1]

---

[1] ബുഖാരി.

## വെള്ളിയാഴ്ച

## ഏറ്റവും നല്ല ദിവസം

خَيْرُ يَوْمٍ طَلَعَتْ عَلَيْهِ الشَّمْسُ يَوْمُ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ أُدْخِلَ الْجَنَّةَ وَفِيهِ أُخْرِجَ مِنْهَا وَلاَ تَقُومُ السَّاعَةُ إِلاَّ فِي يَوْمِ الْجُمُعَةِ (مسلم)

"സൂര്യൻ ഉദിക്കുന്ന ദിവസങ്ങളിൽ ഏററവും ഉത്തമമായ ദിവസമാണ് വെള്ളിയാഴ്ച. ആ ദിവസമാണ് ആദം(അ) സൃഷ്ടിക്കപ്പെട്ടതും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും പുറത്താക്കപ്പെട്ടതും. ആ ദിവസമല്ലാതെ മറ്റൊരു ദിവസം അന്ത്യനാൾ സംഭവിക്കുകയുമില്ല."[1]

---

[1] മുസ്ലിം

## ശ്രേഷ്ഠമായ നമസ്കാരം

أفضَلُ الصلوَاتِ عِنْدَ اللهِ صَلاةُ الصبْحِ يَوْمَ الجُمُعَةِ فِي جَمَاعَةٍ (بيهقي ، صحيح الجامع ١١١٩)

"നമസ്കാരങ്ങളിൽ ഏററവും ശ്രേഷ്ഠമായത് വെള്ളിയാഴ്ച ജമാഅത്തായി നമസ്കരിക്കുന്ന സുബ്ഹി നമസ്കാരമാണ്."[1]

## പ്രത്യേക സമയം

إنَّ فِي الجُمُعَةِ سَاعَةً لا يُوَافِقُهَا عَبْدٌ مُسْلِمٌ وَهُوَ قَائِمٌ يُصَلِّي يَسْأَلُ اللهَ شَيْئًا إلاَّ أعْطَاهُ إيَّاهُ (مالك مسلم صحيح الجامع ٢١٢٠)

"വെള്ളിയാഴ്ച ഒരു സമയമുണ്ട്; ഏതൊരു മുസ്ലിമാണോ പ്രസ്തു

---

[1] ബൈഹഖി, സ്വഹീഹുൽ ജാമിഅ് 1119.

ത സമയം നമസ്കരിച്ചു (പ്രാർത്ഥി ച്ചു) കൊണ്ടിരിക്കുന്നത് അത് അ ല്ലാഹു അവന് നൽകാതിരിക്കു കയില്ല."[1]

## സൂറത്തുൽ കഹ്ഫ് ഓതൽ

مَنْ قَرَأَ سُورة الكهف في يَوْمِ الجُمُعَةِ أضَاءَ لَهُ مِنَ النُّور مَا بَيْنَ الجُمُعَتَيْن (حاكم ، بيهقي، صحيح الجامع ٦٤٧٠)

"വല്ലവനും വെള്ളിയാഴ്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്താൽ അവന് രണ്ട് ജുമുഅ കൾക്ക് ഇടയിൽ ഒരു പ്രകാശം ല ഭിക്കുന്നതാണ്."[2]

---

1 മുസ്ലിം, ഹാകിം, സ്വഹീഹുൽ ജാമിഅ് 2120.

2 ഹാകിം, ബൈഹഖി, സ്വഹീഹുൽ ജാമിഅ് : 6470.

## ജുമുഅക്ക് മുമ്പ് പള്ളിയിൽ...

إذَا كَانَ يَوْمُ الْجُمُعَةِ وَقَفَتْ الْمَلَائِكَةُ عَلَى بَابِ الْمَسْجِدِ فَيَكْتُبُونَ الأوَّلَ فَالأوَّلَ فَمَثَلُ الْمُهَجِّرِ إلَى الْجُمُعَةِ كَمَثَلِ الَّذِي يُهْدِي بَدَنَةً ثُمَّ كَالَّذِي يُهْدِي بقَرةً ثُمَّ كَالَّذِي يُهْدِي الكبشَ ثُمَّ كَالَّذِي يُهْدِي الدُّجاجَ ثُمَّ كَالَّذِي يُهْدِي بيضةً فَإذَا خَرَجَ الإمَامُ وَقَعَدَ عَلَى الْمِنْبَرِ طوَوْا صُحُفَهُمْ وَجَلَسُوا يَسْمَعُونَ الذِّكْرَ (متفق عليه)

“വെള്ളിയാഴ്ചദിവസം മലക്കുകൾ പള്ളി കവാടങ്ങളിൽ നിൽക്കുകയും ആദ്യമാദ്യം പള്ളികളിൽ എത്തുന്നവരെ ക്രമ പ്രകാരം അവർ രേഖപ്പെടുത്തുകയും ചെയ്യും, ഏററവുമാദ്യം എത്തുന്നവർക്കുള്ള പ്രതിഫലം ഒരൊട്ടകത്തെ അറുത്ത് ദാനം ചെയ്ത വന്റേയും പി

ന്നീട് പശു, ആട്, കോഴി, കോഴി മുട്ട എന്നീ ക്രമത്തിൽ ദാനം ചെയ്ത വന്റേയും പ്രതിഫലമായിരിക്കും ലഭിക്കുക, ഖത്തീബ് മിമ്പറിൽ കയറി ഇരുന്ന് കഴിഞ്ഞാൽ മലക്കുകൾ അവരുടെ റിക്കാർഡുകൾ അടച്ചുവെച്ച് ഇമാമിന്റെ ഖുത്വുബ ശ്രദ്ധിക്കുന്നതാണ്."[1]

"വെള്ളിയാഴ്ച കുളിക്കുക, നല്ല വസ്ത്രം ധരിക്കുക, സുഗന്ധം ഉപയോഗിക്കുക എന്നിവയെല്ലാം വിവിധ ഹദീസുകളിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളാണ്.. "[2]

---

[1] മുത്തഫഖുൻ അലൈഹി

[2] മുസ്ലിം

## ഖുതുബ ശ്രദ്ധിക്കുക

ആലസ്യത്തോടെ ഇരിക്കരുത്. കൈകൾ കാൽമുട്ടുകളിൽ ബന്ധിച്ച് ഇരിക്കുന്നത് നബി(സ) വിരോധിച്ചതാണ്.

أن رسول الله صلى الله عليه وسلم نهى عن الحبوة يوم الجمعة والإمام يخطب (سنن أبي داود للألباني: ١/٢٩٠ رقم : ١١١٠)

"വെള്ളിയാഴ്ച ഖതീബ് ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കെ, കാൽമുട്ടുകളിൽ കൈകൾ കെട്ടി ഇരിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു."[1]

---

1 അൽബാനി സുനനു അബൂദാവൂദ് 1/290 നമ്പർ : 1110

## ജുമുഅയുടെ സുന്നത്ത്

ജുമുഅയുടെ മുമ്പ് ജുമുഅക്ക് എന്ന നിലയിൽ പ്രത്യേക നമസ്കാരമില്ല. രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരം മാത്രമാണുള്ളത്.

"നബി(സ) ജുമുഅക്ക് ശേഷം രണ്ട് റക് അത്തായിരുന്നു സുന്നത്ത് നമസ്കരി ച്ചിരുന്നത്."[1]

"നബി(സ) ജുമുഅക്ക് ശേഷം നാല് റക്അത്ത് നമസ്കരിക്കാൻ കൽപിച്ചിരുന്നു."[2] നബി(സ) പള്ളിയിൽ വെച്ചാണ് നമസ്കരിക്കുന്നത് എങ്കിൽ നാലും, വീട്ടിൽ വെച്ചാ

---

1 മുതഫഖുൻ അലൈഹി.

2 മുസ്‌ലിം

ണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റക്അത്തുമായിരുന്നു നമസ്കരിച്ചിരുന്നത്; എന്നാണ് മേൽ പറഞ്ഞ രണ്ട് ഹദീസുകളും യോജിപ്പിച്ചുകൊണ്ട് പണ്ഡിതന്മാർ എത്തിച്ചേർന്നിട്ടുള്ളത്.

## സുന്നത്ത് സ്ഥലം മാറിക്കൊണ്ട്

മുആവിയ (റ) പറഞ്ഞതായി സാഇബ് ബ്നു ഉഖ്ത് (റ) പറയുന്നു: അദ്ദേഹം ജുമുഅ നമസ്കരിച്ച ഉടനെ സുന്നത്ത് നമസ്കരിച്ചു. അന്നേരം അദ്ദേഹം പറഞ്ഞു: "ഇത് ഇനി ആവർത്തിക്കരുത്; ശേഷം ഇപ്രകാരം പറഞ്ഞുകൊടുത്തു:

فَإنَّ رَسُولَ اللهِ ﷺ أمَرَنَا بِذَلِكَ أنْ لا نُوصِلَ صَلاةً بِصَلاةٍ حَتَّى نَتَكَلَّمَ أوْ نَخْرُجَ (مسلم)

നബി(സ) അപ്രകാരം ഞങ്ങളോട് കൽപിച്ചിട്ടുണ്ട്: ഒരു നമസ്കാരം നിർവ്വഹിച്ച് സ്ഥലം മാറുകയോ (എന്തെങ്കിലും) സംസാരിക്കുകയോ ചെയ്യാതെ മറ്റൊരു നമസ്കാരം അതിനോട് തുടർത്തരുത്."[1]

## വീട്ടിൽ പ്രവേശിക്കുമ്പോൾ

ബിസ്മില്ലാഹിർ റഹ്മാനിർ റഹീം എന്ന് ചൊല്ലി സലാം (അസ്സലാമു അലൈക്കും എന്ന്) പറഞ്ഞ് പ്രവേശിക്കുക.

إذَا دَخَلَ الرجُلُ بَيْتَهُ فَذَكَرَ اسْــمَ اللهِ تَعَــالَى حِينَ يَدْخُلُ وَحِينَ يَطْعَمُ قَالَ الشَّيْطَانُ لا مَبِيتَ

---

[1] മുഖ്തസ്വറു മുസ്ലിം നമ്പർ 425.

لَكُمْ وَلَا عَشَاءَ هاهنا وَإِنْ دَخَلَ فَلَمْ يَذْكُرْ اِسْمَ اللهِ عِنْدَ دُخُولِهِ قَالَ الشَّيْطَانُ أَدْرَكْتُمُ الْمَبِيتَ وَإِنْ لَمْ يَذْكُرْ اسْمَ اللهِ عِنْدَ مَطْعَمِهِ قَالَ أَدْرَكْتُمُ الْمَبِيتَ وَالْعَشَاءَ (مختصر مسلم ١٢٩٧، جامع الصحيح ٥١٩)

"ഒരാൾ വീട്ടിൽ പ്രവേശിക്കുന്ന അവസരത്തിലും ഭക്ഷണ സമയത്തും അല്ലാഹുവിനെ സ്മരിച്ചാൽ (ബിസ്മി ചൊല്ലിയാൽ) പിശാച് (പരസ്പരം) പറയും: നിങ്ങൾക്ക് ഇവിടെ താമസിക്കാൻ ഇടവും ഭക്ഷണവുമില്ല. പ്രവേശന സമയം ബിസ്മി ചൊല്ലാതിരുന്നാൽ പിശാച് പറയും: നിങ്ങൾക്ക് താമസിക്കാൻ ഇടം കിട്ടിയിരിക്കുന്നു; ഭക്ഷണ സമയത്തും ബിസ്മി ചൊല്ലാതിരുന്നാ

ൽ അവൻ പറയുക: നിങ്ങൾക്ക് താമസിക്കാൻ ഇടവും ഭക്ഷണവും ലഭിച്ചിരിക്കുന്നു. എന്ന്."[1]

ثلاثة كُلُّهُمْ ضَامِنٌ عَلَى اللهِ . . . . وَرَجُلٌ دَخَلَ بَيْتَهُ بِسَلَامٍ فَهُوَ ضَامِنٌ عَلَى اللهِ (أبو داود، ابن حبان صحيح الجامع : ٣٠٥٣ )

"മൂന്ന് വിഭാഗം ആളുകൾ അല്ലാഹു അവർക്ക് സംരക്ഷണം ഏൽക്കുന്നതാണ്. . . . വീട്ടിലേക്ക് സലാം പറഞ്ഞ് കടക്കുന്നവൻ."[2]

---

1 മുഖ്തസ്വറു മുസ്ലിം 1297, സ്വഹീഹുൽ ജാമിഅ് 519.

2 അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് :3053.

# ഭക്ഷണ മര്യാദകൾ

## സ്വർണ്ണം വെള്ളി പാത്രങ്ങളിൽ ഭക്ഷണം കഴിക്കരുത്

وَلا تَشْرَبُوا فِي آنِيَةِ الـــذَّهَبِ وَالْفِــضَّةِ، وَلا تَأكُلُوا فِي صِحَافِهِمَا فَإِنَّهَا لَهُمْ فِي الدُّنْيَا وَلَنَا فِي الآخِرَةِ (البخاري ومسلم)

"നിങ്ങൾ സ്വർണ്ണത്തിന്റേയും വെള്ളിയുടേയും പാത്രത്തിൽ കുടിക്കരുത് അവയുടെ പ്ലേറ്റുകളിൽ ഭക്ഷണം കഴിക്കുകയും അരുത്. അത് ഇഹലോകത്ത് അവർക്കുള്ളതാണ്. നമുക്ക് പരലോകത്തുമുണ്ടായിരിക്കും."[1]

---

[1] ബുഖാരി, മുസ്‌ലിം.

## തിന്നാനും കുടിക്കാനും വലതു കൈ

إذَا أكلَ أحدكُمْ فَلْيَأكُلْ بِيَمِينِهِ وَإذَا شَرِبَ فَلْيَشْرَبْ بِيَمِينِهِ فَإنَّ الشَّيْطَانَ يَأكُلُ بِشِمَالِهِ و يَشْرَبُ بِشِمَالِهِ (مسلم أبو داود صحيح الجامع)

"നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ വലതു കൈകൊണ്ട് ഭക്ഷിക്കുകയും കുടിക്കുമ്പോൾ വലതു കൈ കൊണ്ട് കുടിക്കുകയും ചെയ്യുക. നിശ്ചയം പിശാച് ഇടതു കൈ കൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യുക."[1]

---

[1] മുസ്ലിം, അബൂദാവൂദ്, സ്വഹീഹുൽ ജാമിഅ് 383.

## ഭക്ഷണത്തെ കുറ്റം പറയരുത്

مَا عَابَ رَسُولُ اللهِ ﷺ طَعَامًا قَطُّ كَانَ إِذَا اشْتَهَى شَيْئًا أَكَلَهُ وَإِنْ كَرِهَ تَرَكَهُ (البخاري)

"നബി(സ) ഭക്ഷണത്തെ കുററം പറഞ്ഞിട്ടേയില്ല. അദ്ദേഹം ഇഷ്ടപ്പെട്ടാൽ കഴിക്കും, ഇഷ്ടപ്പെട്ടില്ലെങ്കിൽ ഉപേക്ഷിക്കും."[1]

## ബിസ്മി ചൊല്ലി തുടങ്ങുക

നബി(സ) അംറു ബ്നു അബീ സലമ കുട്ടിയായിരിക്കുമ്പോൾ ഉപദേശിച്ച കാര്യങ്ങൾ കാണുക:

---

[1] ബുഖാരി.

يَا غُلامُ سَمِّ اللهَ وكُلْ بِيَمِينِكَ وَكُلْ مِمَّا يَلِيكَ (متفق عليه)

"കുട്ടീ, നീ ഭക്ഷണം കഴിക്കുമ്പോൾ ബിസ്മി ചൊല്ലുകയും വലതു കൈകൊണ്ട് ഭക്ഷിക്കുകയും നിന്റെ അടുത്ത് നിന്ന് ഭക്ഷിക്കുകയും ചെയ്യുക."[1]

## ബിസ്മി മറന്നാൽ

إذَا أكَلَ أحدُكُمْ طعَامًا فَلْيَذْكُر اسْمَ اللهِ، فَإنْ نَسِيَ فِي أوَّلِهِ فَلْيَقُلْ بِاسْمِ اللهِ أوَّلَهُ وَآخِرَهُ (أبو داود ، الترمذي، صحيح الجامع للألباني : ٣٨٠)

"നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ബിസ്മി ചൊല്ലുക. ആദ്യത്തിൽ

[1] മുത്തഫഖുൻ അലൈഹി.

ബിസ്മി പറയാൻ മറന്നാൽ 'ബിസ്മില്ലാഹി അവ്വലഹു വ ആഖിറഹു' (ആദ്യവും അവസാനവും അല്ലാഹുവിൻെറ നാമത്തിൽ) എന്ന് പറയട്ടെ."[1]

## ചാരി ഇരുന്ന് ഭക്ഷിക്കരുത്

لا آكلُ وَأنا مُتَّكِئٌ (البخاري، وأحمد, صحيح الجامع: ٧١٦٤)

"നബി(സ) പറഞ്ഞു: ഞാൻ ചാരി ഇരുന്ന് ഭക്ഷിക്കുകയില്ല."[2]

## ഭക്ഷണത്തിൽ ഊതരുത്

نَهَى عَنِ النَّفْخِ فِي الطعام والشَّرَابِ (أحمد،

---

[1] അബൂദാവൂദ്, തിർമിദി, സ്വഹീഹുൽ ജാമിഅ് 380.

[2] ബുഖാരി, അഹ്മദ്, സ്വഹീഹുൽ ജാമിഅ് 7164.

صحيح الجامع للألباني ٦٩١٣)

"ഭക്ഷണ പാനീയങ്ങളിൽ ഊതൽ നബി(സ) വിരോധിച്ചിരിക്കുന്നു."[1]

## ഭക്ഷണം കളയാതിരിക്കുക

إنَّ الشيطانَ يَحْضُرُ أحَدَكُمْ عِنْدَ كُلِّ شَيْءٍ مِنْهُ حتَى يَحْضُرُهُ عِنْدَ طعَامِهِ ، فَإذَا سَقَطَ مِنْ أحَدِكُمْ اللُّقمَةَ فَلْيُمِطْ مَا كَانَ بِهَا مِنْ أذًى ثُمَّ لِيَأكُلْهَا وَلا يَدَعْهَا لِلشَّيْطَانِ (مسلم صحيح الجامع للألباني ١٦٥٨)

"നിങ്ങളുടെ എല്ലാ കാര്യങ്ങളിലും പിശാച് നിങ്ങളുടെ കൂടെയുണ്ടാകുന്നതാണ്. ഭക്ഷണം കഴിക്കുന്നിടത്ത് പോലും, നിങ്ങളിൽ നി

---

[1] അഹ്മദ്, സ്വഹീഹുൽ ജാമിഅ് 6913.

ന്നും ഭക്ഷണം താഴെ വീണാൽ അതിൽ അഴുക്കായാൽ അത് നീക്കി ഭക്ഷിക്കുക. നിങ്ങളത് പിശാചിന് നൽകരുത്.

## ഒരുമിച്ച് ഭക്ഷിക്കുക

كُلُوا جَمِيعًا وَلاَ تَفَرَّقُوا فَإِنَّ الْبَرَكَةَ مَعَ الْجَمَاعَةِ (ابن ماجة، صحيح الجامع (حسن) رقم : ٤٥٠٠)

"നിങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിക്കുക. നിശ്ചയം അനുഗ്രഹം ഒരുമയിലാണ്"[1]

## ബർക്കത്ത് കരസ്ഥമാക്കുക

أَنَّ أَصْحَابَ رَسُولَ اللهِ ﷺ قَالُوا يَا رَسُولَ اللهِ

[1] ഇബ്നു മാജ, സ്വഹീഹുൽ ജാമിഅ് (ഹസൻ) 4500.

إنا نَأكُلُ ولا نَشْبَعُ قَالَ فَلَعَلَّكُمْ تَفْتَرِقُونَ قَالَ فَاجْتَمِعُوا عَلَى طَعَامِكُمْ واذْكُرُوا اسْمَ الله عَلَيْهِ يُبَارِكْ لَكُمْ فِيهِ ( أبو داود ٣٧٦٤، صححه الألباني )

“നബി(സ)യോട് ഒരിക്കൽ സ്വഹാബികൾ പറഞ്ഞു: ഞങ്ങൾ ഭക്ഷണം കഴിക്കുന്നു; പക്ഷെ വിശപ്പ് തീരുന്നില്ല. നബി (സ) ചോദിച്ചു: നിങ്ങൾ വേറെ വേറെയായിരിക്കും ഭക്ഷണം കഴിക്കാറ് അല്ലേ ? അവർ പറഞ്ഞു: അതെ. അന്നേരം നബി(സ) പറഞ്ഞു: നിങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ബിസ്മി ചൊല്ലി കഴിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾക്ക് ബർക്കത്ത്

ചൊരിയുന്നതാണ്."[1]

## വിരലുകൾ നക്കുക

فَإِذَا فَرَغَ فَلْيَلْعَقْ أَصَابِعَهُ فَإِنَّهُ لاَ يَدْرِي فِي أَيِّ طَعَامِهِ تَكُونُ الْبَرَكَةُ (مسلم ٢٠٣٣)

"നിങ്ങൾ വിരമിച്ചു കഴിഞ്ഞാൽ വിരലുകൾ നക്കി വൃത്തിയാക്കുക. ഭക്ഷണത്തിൽ ഏത് അംശത്തിലാണ് അനുഗ്രഹം എന്ന് അറിഞ്ഞുകൂട."[2]

## ഭക്ഷണ ശേഷം പ്രാർത്ഥന

مَنْ أَكَلَ طَعَامًا ثُمَّ قَالَ الْحَمْدُ لِلَّهِ الَّذِي أَطْعَمَنِي هَذَا الطَّعَامَ وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلاَ قُوَّةٍ

[1] അബൂദാവൂദ് 3764, ഇബ്നുമാജ 3286, അൽബാനി സ്വഹീഹിൽ ഉൾപ്പെടുത്തിയത്.

[2] മുസ്‌ലിം 2033.

غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (أحمد، حاكم، صحيح الجامع للألباني (حسن) ٦٠٨٦)

"വല്ലവരും ഭക്ഷണം കഴിച്ച ശേഷം (അൽഹംദുലില്ലാഹില്ലദീ അത്വ്അമനീ ഹാദ ത്വആമ വറസഖനീഹി മിൻ ഗ്വയ്‌രി ഹൗലിൻ മിന്നീ വലാ ഖുവ്വ) എനിക്ക് ഈ ഭക്ഷണം നൽകുകയും എൻെറ യാതൊരു പ്രയത്നവും അദ്ധ്വാനവും കൂടാതെ എനിക്ക് ഉപജീവനം നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും എന്ന് പ്രാർത്ഥിച്ചാൽ അവൻെറ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും."[1]

---

[1] അഹ്മദ്, ഹാകിം. സ്വഹീഹുൽ ജാമിഅ് (ഹസൻ) 6087. അൽഹംദുലില്ലാഹില്ലദീ അത്വ്അമനാ വസ

## മറ്റൊരു പ്രാർത്ഥന

**اَلْحَمْدُ لِلهِ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ غَيْـر مُكْفِيٍّ وَلاَ مُوَدَّعٍ وَلاَ مُسْتَغْنًى عَنْهُ رَبَّنَـا (البخاري، أحمـد، الترمـذي، صـحيح الجامع للألباني ٤٧٣١)**

**"അൽഹംദു ലില്ലാഹി ഹംദൻ കഥീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി ഗ്വയ്റ മുക്ഫിയ്യിൻ വലാ മുവദ്ദഇൻ വലാ മുസ്തഗ്നൻ അൻഹു റബ്ബുനാ. (വിശിഷ്ടവും അനുഗ്രഹീതവും മതിവരാത്തതും ഉപേക്ഷിക്കപ്പെടാത്തതും നാഥനിൽ നിന്ന് ഒഴി**

---

ഖാനാ വജഅലനാ മിനൽ മുസ്‌ലിമീൻ എന്നത് ദുർബലമാണ്. അൽബാനിയുടെ ളഈഫ് തിർമുദി നമ്പർ: 3283 നോക്കുക. ളഈഫ് ഇബ്നുമാജ:709.

ച്ചുനിർത്തപ്പെടാത്തതുമായ ധാരാളം സ്തുതികൾ അല്ലാഹുവിന്)."[1]

**ഭക്ഷണം നൽകിയവർക്ക്**

اللهمَّ أطعِمْ مَنْ أطعَمَنِي وَاسْقِ منْ اسقَانِي (مسلم)

"അല്ലാഹുമ്മ അത്വ്ഇം മൻ അത്വ്അമനീ വസ്ഖി മൻ അസ്ഖാനീ. (അല്ലാഹുവേ എന്നെ ഭക്ഷിപ്പിച്ചവന് നീ ഭക്ഷണം നൽകുകയും എന്നെ കുടിപ്പിച്ചവനെ നീ കുടിപ്പിക്കുകയും ചെയ്യേണമേ)."[2]

---

1 ബുഖാരി, അഹ്മദ്, തിർമുദി, സ്വഹീഹുൽ ജാമിഅ്-4731.

2 മുസ്ലിം

## ഉറക്ക മര്യാദകൾ

ഉറക്കത്തെ ഖുർആനും നബി(സ) യും മരണത്തോടാണ് ഉപമിച്ചിരിക്കുന്നത്. അതിനാൽ ഒരു പക്ഷേ നമ്മുടെ ഉറക്കം ഉണരാത്ത ഉറക്കമാവുമോ എന്ന് ഭയപ്പെടുക. നബി (സ) നിർദ്ദേശിച്ച മര്യാദകൾ പാലിച്ചുകൊണ്ട് ഉറങ്ങൽ പതിവാക്കുക.

### വുളു നിർവ്വഹിക്കുക

إِذَا أَتَيْتَ مَضْجِعَكَ فَتَوَضَّأْ وُضُوءَكَ لِلصَّلَاةِ (متفق عليه)

"നീ നിന്റെ കിടപ്പറയിലേക്ക് എത്തുമ്പോൾ നമസ്കാരത്തിന് നിർവ്വഹിക്കുന്നത് പോലെ വുളു നിർവ്വ

ഹിക്കുക."[1]

## വിരിപ്പ് തട്ടിക്കുടഞ്ഞ് കിടക്കുക

إذَا أوَى أحَدُكُمْ إلَى فِرَاشِهِ فَلْيَنْفُضْهُ بِدَاخِلَةِ إزَارِهِ (متفق عليه)

"നിങ്ങൾ ഒരാൾ തന്റെ വിരിപ്പിലേക്ക് എത്തിയാൽ തന്റെ വസ്ത്രത്തിന്റെ അററം കൊണ്ട് അത് തട്ടിക്കുടയട്ടെ."[2]

## ഇഖ്ലാസ്വും മുഅവ്വിദതൈനിയും

كَانَ النبي ﷺ إذَ آوَى إلى فِرَاشِهِ كُلَّ لَيْلَةٍ

---

[1] മുത്തഫഖുൻ അലൈഹി

[2] മുത്തഫഖുൻ അലൈഹി

جَمَعَ كَفَّيْهِ ثُمَّ نَفَثَ فِيهِمَا ﴿ قُلْ هُوَ اللَّهُ أَحَدٌ ﴾ وَ ﴿ قُلْ أَعُوذُ بِرَبِّ الْفَلَقِ ﴾ وَ ﴿ قُلْ أَعُوذُ بِرَبِّ النَّاسِ ﴾ ثُمَّ مَسَحَ بِهِمَا بِهِمَا مَا اسْتَطَاعَ مِنْ جَسَدِهِ يَبْدَأُ بِهِمَا عَلَى رَأْسِهِ وَوَجْهِهِ وَمَا أَقْبَلَ مِنْ جَسَدِهِ يَفْعَلُ ذَلِكَ ثَلاثَ مَرَّاتٍ (متفق عليه)

"നബി(സ) തൻെറ വിരിപ്പിൽ എത്തിയാൽ എല്ലാ രാത്രികളിലും തൻെറ രണ്ട് കൈകളും ചേർത്ത് പിടിച്ച് ഖുൽ ഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് എന്നീ സൂറത്തുകൾ ഓതി കൈകളിൽ ഊതി തൻെറ ശരീരം തടവുമായിരുന്നു. തലയിൽ നിന്ന് തുടങ്ങി മുഖത്തും ശേഷം സാധ്യമാകുന്ന

ത്ര ശരീര ഭാഗങ്ങൾ തടവുമായി രുന്നു. ഇത് മൂന്ന് പ്രാവശ്യം ചെയ്യുമായിരുന്നു."[1]

## ആയത്തുൽ കുർസിയ്യി

مَنْ قَرَأَ ﴿ آيَةَ الْكُرْسِيِّ ﴾ إِذَا آوَى إِلَى فِرَاشِهِ فَإِنَّهُ لَنْ يَزَالَ عَلَيْهِ حَافِظٌ وَلَا يَقْرَبُهُ شَيْطَانٌ حَتَّى يُصْبِحَ (البخاري)

"ആരാണോ തന്റെ വിരിപ്പിലെത്തിയാൽ ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യുന്നത് അവന് അത് അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷണമായിരിക്കും. നേരം

[1] മുത്തഫഖുൻ അലൈഹി

പുലരുന്നത് വരെ അവനിലേക്ക് പിശാച് അടുക്കുകയുമില്ല."[1]

## സൂറത്തുൽ കാഫിറൂൻ

إذَا أخَذْتَ مَضْجِعَكَ مِنَ اللَّيْلِ فَاقْرَأ ﴿ قُلْ يَا أَيُّهَا الْكَافِرُونَ ﴾ ثُمَّ نَمْ عَلَى خَاتِمَتِهَا فَإِنَّهَا بَرَاءَةٌ مِنَ الشِّرْكِ ( أحمد، أبوداود، الترمذي، صحيح الجامع (حسن ٢٩٢)

'നീ നിൻെറ കിടപ്പറയിൽ എത്തി രാത്രി ഖുൽ യാഅയ്യുഹൽ കാഫിറൂൻ പാരായണം ചെയ്ത്; അതോടുകൂടി ഉറങ്ങിയാൽ അത് ശിർക്കിൽ നിന്നുള്ള മോചനമാണ്."[1]

---

[1] ബുഖാരി.

## സുബ്ഹാനല്ലാ അൽഹംദുലില്ലാ...

مَنْ قَالَ إِذَا أَتَى مَضْجِعِهِ سُبْحَانَ اللهِ (٣٣)، الْحَمْدُ لِلهِ (٣٣) اللهُ أَكبر (٣٤)عِنْدَمَا يَاوِي إِلى فِرَاشِهِ كَانَ خَيْرًا لَهُ مِنْ خَادِمٍ (مختصر مسلم ١٨٩٥)

"വല്ലവനും തന്റെ കിടപ്പറയിൽ എത്തി സുബ്ഹാനല്ലാ (33 പ്രാവശ്യം), അൽഹംദുലില്ലാ (33 പ്രാവശ്യം), അല്ലാഹു അക്ബർ (34 പ്രാവശ്യം) എന്ന് പറഞ്ഞാൽ അത് അവന് ഒരു ഭൃത്യനെ ലഭിക്കുന്ന തിനേക്കാൾ ഫലം ചെയ്യുന്നതാണ്.

---

[1] അഹ്മദ്, അബൂദാവൂദ്, തിർമിദി
അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് (ഹസൻ) നമ്പർ: 292.

(അലി (റ) പറയുന്നു: ഇത് നബി (സ)യിൽ നിന്നും കേട്ട ശേഷം എന്റെ ജീവിതത്തിൽ ഞാൻ അത് ചെല്ലാത്ത ദിവസം ഉണ്ടായിട്ടില്ല. സ്വിഫീൻ യുദ്ധ ദിവസം പോലും ഞാൻ അത് ഒഴിവാക്കിയിട്ടില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി."[1]

## ഉറങ്ങ പ്രാർത്ഥനകൾ

كَانَ إِذَا أَخَذَ مَضْجِعَهُ قَالَ بِسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا (متفق عليه)

"നബി(സ) കിടപ്പറയിൽ ഉറങ്ങാൻ

---

[1] മുഖ്തസ്വറു മുസ്‌ലിം: 1895 (നബി(സ)യോട് മകൾ ഫാത്വിമ(റ) ഒരു വേലക്കാരനെ ചോദിച്ച പ്പോൾ പറഞ്ഞുകൊടുത്തതാണ് ഇത്.

സമയം (ബിസ്മികല്ലാഹുമ്മ അമൂതു വ അഹ്യാ) അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്ന് പറയുമായിരുന്നു."[1]

إذَا آوَى أحَدُكُمْ إلَى فِرَاشِهِ ..... لِيَقُلْ بِاسْمِكَ رَبِّي وَضَعْتُ جَنْبِي وَبِكَ أرْفَعُهُ ، إنْ أمْسَكْتَ نَفْسِي فَارْحَمْهَا ، وَإنْ أرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ (متفق عليه)

"നിങ്ങൾ വിരിപ്പിലേക്ക് എത്തിയാൽ .. .. ബിസ്മിക റബ്ബീ വളഅ്തു ജൻബീ വ ബിക അർഫഉഹു ഇൻ അംസക്ത നഫ്സീ ഫർഹംഹാ വ ഇൻ അർസൽതഹാ ഫഹ്ഫള്ഹാ

[1] മുത്തഫഖുൻ അലൈഹി

ബിമാ തഹ്ഫളു ബിഹി ഇബാദക സ്വാലിഹീൻ (എന്റെ നാഥാ, നിന്റെ നാമത്തിൽ ഞാനിതാ എന്റെ പാർശ്വം നിലത്ത് ചായ്ക്കുന്നു. നിന്നെ ക്കൊണ്ടായിരിക്കും ഞാനത് ഉയർത്തുന്നും. എന്റെ ആത്മാവിനെ നീ പിടിച്ചുവെക്കുക കയാണെങ്കിൽ അതിനോട് നീ കരുണ കാണിക്കേണമേ. നീ അതിനെ തിരിച്ചു നൽകുകയാണെങ്കിൽ നിന്റെ സജ്ജനങ്ങളെ സംരക്ഷിക്കുന്ന പ്രകാരം അതിനെ സംരക്ഷിക്കുകയും ചെയ്യേണമേ) എന്ന് ചൊല്ലുക."[1]

---

[1] മുത്തഫഖുൻ അലൈഹി.

إذَا أخَذْتَ مَضْجِعَكَ ...قُلْ اللهُمَّ إنِّي أسْـلَمْتُ وَجْهِي إلَيْكَ وَفَوَّضْتُ أمْرِي إلَيْـكَ وَألْجَـأتُ ظَهْرِي إلَيْكَ رَغْبَةً وَرَهْبَةً إلَيْكَ لا مَلْجَـأ وَلا مَنْجَا مِنْكَ إلاَّ إلَيْكَ آمَنْتُ بِكِتَابِكَ الَّذِي أنْزَلْتَ وَبِنَبِيِّكَ الَّذِي أرْسَلْتَ، وَاجْعَلْهُنَّ مِـنْ آخِـرِ كَلامِكَ ، فَإنْ مُتَّ مِنْ لَيْلَتِكَ مُتَّ وَأنْتَ عَلَـى الْفِطْرَةِ (مختصر مسلم ١٨٩٦)

"നീ നിൻെറ കിടപ്പ് സ്ഥാനത്ത് എത്തിയാൽ അല്ലാഹുമ്മ ഇന്നീ അസ്ലംതു വജ്ഹീ ഇലൈക്ക, വഫവ്വള്തു അംരീ ഇലൈക്ക, വ അൽജഅ്തു ളഹ്രീ ഇലൈക്ക, റഗ്ബതൻ വ റഹ്ബതൻ ഇലൈക, ലാ മൽജഅ വലാ മൻജാ മിൻക ഇല്ലാ ഇലൈക്ക, ആമൻതു ബികിതാബികല്ലദീ അൻസൽത, വ നബിയ്യികല്ലദീ അർസൽത. (അല്ലാഹുവേ ഞാനിതാ

എന്റെ മുഖത്തെ നിന്നിലേക്ക് സമർപ്പിക്കുന്നു. എന്റെ കാര്യങ്ങൾ നിന്നിൽ ഏൽപ്പിക്കുന്നു. എന്റെ മുതുകിനെ നിന്നിലേക്ക് ചായ്ക്കുന്നു. നിന്നോടുള്ള പ്രതീക്ഷയോടും ഭയത്തോടും കൂടി. നിന്നിൽ നിന്നുള്ള അഭയ സ്ഥാനവും രക്ഷയുമല്ലാതെ എനിക്കില്ല. ഞാനതിനായി തേടുന്നു. നീ ഇറക്കിയ ഗ്രന്ഥത്തിലും നീ അയച്ച ദൂതനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു) എന്ന് നീ അവസാന വാക്കായി പറഞ്ഞ് ഉറങ്ങി ആ രാത്രി നീ മരണപ്പെട്ടാൽ ശുദ്ധ പ്രകൃതിയിലായി മരണപ്പെടുന്നതാണ്"'[1]

---

[1] മുഖ്തസ്വറു മുസ്‌ലിം : 1896.

## വലതുഭാഗം ചെരിഞ്ഞ് ഉറങ്ങുക

إذَا أتَيْتَ مَضْجِعَكَ اضْطَجِعْ عَلَى شِقِّكَ أيْمَنِ (متفق عليه)

"നീ നിൻെറ കിടപ്പറയിൽ വലത് ഭാഗം ചെരിഞ്ഞു കിടക്കുക."[1]

## വലതു കൈ കവിളിന് താഴെ

كَانَ النبي ﷺ إذَا أرَادَ أنْ يَرْقُدَ وَضَعَ يَدَهُ الْيُمْنَى تَحْتَ خَدِّهِ ثُمَّ يَقُولُ اللهمَّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ (أبو داود ، صحيح أدب المفرد لألباني رقم: ٩٢١)

"നബി(സ) ഉറങ്ങാൻ ഉദ്ദേശിച്ചാൽ തൻെറ വലതു കൈ കവിളിന് താഴെ വെച്ച് കിടന്ന് അല്ലാഹുമ്മ ഖിനീ

---

[1] മുത്തഫഖുൻ അലൈഹി

അദാബക യൗമ തബ്അഥു ഇബാദക (അല്ലാഹുവേ ജനങ്ങളെ പുനർ ജീവിപ്പിക്കുന്ന ദിവസം എന്നെ നീ നിന്റെ ശിക്ഷയിൽ നിന്നും കാക്കേണമേ) എന്ന് പറയാറുണ്ടായിരുന്നു."[1]

## കമഴ്ന്ന് കിടന്ന് ഉറങ്ങരുത്

رَأى رَسُولُ اللهِ ﷺ رَجُلاً مُضْتَجِعًا عَلَى بَطْنِهِ فَقَالَ إِنَّ هَذِهِ ضَجْعَةً لاَ يُحِبُّـهُ اللهُ (صحيح الترمذي ٥/٩٧ رقم: ٢٧٦٨)

"നബി(സ) ഒരാൾ കമിഴ്ന്ന് കിടക്കുന്നത് കണ്ടപ്പോൾ 'ഇത് അല്ലാഹു ഇഷ്ടപ്പെടാത്ത കിടത്തമാണ്

---

[1] അബൂദാവൂദ്, അൽബാനിയുടെ സ്വഹീഹ് അദബുൽ മുഫ്റദ് നമ്പർ : 921.

എന്ന് പറഞ്ഞു"[1]

മറ്റൊരു റിപ്പോർട്ടിൽ

إنما هذه ضجعة أهل النار (صحيح ابن ماجة ٢/١٢٢٧ رقم: ٣٧٢٤)

"നിശ്ചയം ഇത് നരകക്കാരുടെ കിടത്തമാണ്."[2] ഇത് എന്നും പറഞ്ഞതായി കാണാം.

## ഖുർആൻ സൂറത്തുകൾ

നബി(സ) രാത്രി ഉറങ്ങുന്നതിന് മുമ്പായി സൂറ: സജദ, മുൽക്[3] സൂറ സുമർ, ഇസ്റാഅ്[4] എന്നിവ പാരായണം ചെയ്തിരുന്നു.

---

[1] തിർമിദി, അൽബാനിയുടെ സ്വഹീഹ്: 2271

[2] അൽബാനി സ്വഹീഹ് ഇബ്നുമാജ: പേജ് 1277.

[3] അഹ്മദ്, ഹാകിം, തിർമിദി സ്വഹീഹുൽ ജാമിഅ് 4873.

[4] സ്വഹീഹുൽ ജാമിഅ്: 4874.

## ആമനർറസൂലു

വല്ലവരും രാത്രിയിൽ സൂറത്തുൽ ബഖറയിലെ ആമനർറസൂലു എന്ന് തുടങ്ങുന്ന അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്താൽ അത് അവന് മതിയായതാണ്.[1]

﴿ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ
وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ
وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ

---

1 മുത്തഫഖുൻ അലൈഹി.

مِّن رُّسُلِهِۦۚ وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ
غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ٢٨٥ لَا
يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا
كَسَبَتۡ وَعَلَيۡهَا مَا ٱكۡتَسَبَتۡۗ رَبَّنَا لَا
تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ رَبَّنَا وَلَا
تَحۡمِلۡ عَلَيۡنَآ إِصۡرٗا كَمَا حَمَلۡتَهُۥ عَلَى
ٱلَّذِينَ مِن قَبۡلِنَاۚ رَبَّنَا وَلَا تُحَمِّلۡنَا مَا

لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا
وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى
ٱلْقَوْمِ ٱلْكَـٰفِرِينَ ﴿٢٨٦﴾

"തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ

കൽപിക്കുന്നില്ല.(എന്നതാണ് അവരുടെ നിലപാട്.) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു ( ഞങ്ങളുടെ ) മടക്കം. അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കി

ൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ." (ബഖറ: 285,286)

## യാത്രാ മര്യാദകൾ

ദീർഘ യാത്രക്ക് ഒരുങ്ങുമ്പോൾ കഴിവതും നല്ല കൂട്ടുകാരോടൊപ്പം യാത്രചെയ്യുക.

## ഭാര്യയെ കൂടെ കൂട്ടുക

كَانَ رَسُولُ الله ﷺ إِذَا أَرَادَ سَفَرًا أَقْرَعَ بَيْنَ نِسَائِهِ فَأَيَّتُهُنَّ خَرَجَ سَهْمُهَا خَرَجَ بِهَا مَعَهُ (متفق عليه)

"നബി(സ) ദീർഘയാത്ര ഉദ്ദേശിച്ചാൽ തൻെറ ഭാര്യമാർക്കിടയിൽ നറുക്ക് ഇടുകയും നറുക്ക് കിട്ടുന്നവരെ കൂടെ കൊണ്ടുപോകുകയുംമായിരുന്നു."[1]

---

[1] മുത്തഫഖുൻ അലൈഹി

## വ്യാഴാഴ്ച പുറപ്പെടുക

كَانَ ﷺ يُحِبُّ أَنْ يَخْرُجَ يَوْمَ الْخَمِيسِ (متفق عليه)

"നബി (സ) വ്യാഴാഴ്ചയായിരുന്നു യാത്രക്ക് ഇഷ്ടപ്പെട്ടിരുന്നത്."[1] അതിനാൽ കഴിയുമെങ്കിൽ യാത്രകൾ വ്യാഴാഴ്ച പുറപ്പെടുന്നത് നന്നായിരിക്കും.

## രണ്ട് റക്അത്ത് നമസ്കാരം

إِذَا خَرَجْتَ مِنْ مَنْزِلِكَ فَصَلِّ رَكْعَتَيْنِ تَمْنَعَانِكَ مَخْرَجَ السُّوءِ ، وَإِذَا دَخَلْتَ إِلَى مَنْزِلِكَ فَصَلِّ رَكْعَتَيْنِ تَمْنَعَانِكَ مَدْخَلَ السُّوءِ (حديث حسن، رواه البزار و البيهقي في شعب الإيمان،

---

[1] മുത്തഫഖുൻ അലൈഹി

صحيح الجامع للألباني رقم: ٥٠٥، سلسلة الصحيحة رقم : ١٣٢٣)

“നീ നിന്റെ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ രണ്ട് റക്അത്ത് നമസ്കരിക്കുക. അത് യാത്രയിലെ ദുഷ്യങ്ങളെ തടുക്കുന്നതാണ്. തിരിച്ചെത്തി വീട്ടിൽ പ്രവേശിച്ചാലും രണ്ട് റക്അത്ത് നമസ്കരിക്കുക. അത് പ്രവേശനത്തിലെ ദുഷ്യങ്ങളെ തടുക്കുന്നതാണ്. ”[1]

## യാത്രയാകുമ്പോൾ

أَنَّ عَبْدَ اللهِ بْنَ عُمَرَ رضي الله عنه كانَ

---

[1] ബസ്സാർ, ബൈഹഖി, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 505, സിൽസിലതു സ്വഹീഹ: 1323.

يَقُولُ لِلرَّجُلِ إِذَا أَرَادَ سَفَرًا : ادْنُ مِنِّي أُوَدِّعْكَ كَمَا يُوَدِّعُنَا رَسُولُ اللهِ ﷺ فَيَقُولُ : أَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ (أحمد, صحيح الترمذي)

"അബ്ദുല്ലാഹി ബ്നു ഉമർ (റ) യാത്ര പോകുന്ന വ്യക്തികളോട് : 'നിങ്ങൾ ഒന്ന് അടുത്ത് വരിക, നബി (സ) ഞങ്ങളെ യാത്രയയക്കാറുള്ളത് പോലെ ഞാനൊന്ന് നിങ്ങളെ യാത്രയാക്കട്ടെ എന്ന് പറഞ്ഞ് ഇങ്ങിനെ പ്രാർത്ഥിക്കുമായിരുന്നു: 'അസ്തൗദിഉല്ലാഹ ദീനക വ അമാനതക, വ ഹവാതീമ അമലിക' (നിന്റെ മതത്തെയും ഉത്തരവാദിത്തങ്ങളെയും പ്രവർത്തനങ്ങളുടെ

പര്യവസാനത്തെയും ഞാനിതാ അല്ലാഹുവില്‍ ഏല്‍പ്പിക്കുന്നു."[1]

## യാത്ര ചോദിക്കുന്നവര്‍

مَنْ أَرَادَ أَنْ يُسَافِرَ فَلْيَقُلْ أَسْتَوْدِعُكُمُ اللهَ الَّذِي لاَ تَضِيعُ وَدَائِعُهُ (صحيح ابن ماجة)

"ആരെങ്കിലും യാത്ര പോകാന്‍ ഉദ്ദേശിച്ചാല്‍ അവന്‍ (യാത്രയയക്കുന്നവരോട്) അസ്തൗദിഉകുമുല്ലാഹുല്ലദീ ലാ തളീഉ വദാഇഉഹു. (നിങ്ങളെ ഞാന്‍ അല്ലാഹുവില്‍ ഏല്‍പ്പിക്കുന്നു. അവനെ ഏല്‍പ്പിക്കുന്നത് നഷ്ടപ്പെടുകയില്ല.) എന്ന്പറയട്ടെ"[2]

വീട്ടില്‍ നിന്നും വലതു കാല്‍ എ

---

[1] സ്വഹീഹ് തിര്‍മിദി.

[2] സ്വഹീഹ് ഇബ്നുമാജ: 2295)

ടുത്ത് വെച്ച് പ്രാർത്ഥനയോടെ ഇറങ്ങുക. (പ്രാർത്ഥന 68 ാം പേജ് കാണുക)

## വാഹനത്തിൽ കയറുമ്പോൾ

بِسْمِ اللهِ، اَلْحَمْدُ لِلهِ سُبْحانَ الَّذِي سَخَّرَ لَنا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ (أبو داود)

"(ബിസ്മില്ലാഹി അൽഹംദുലില്ലാ, സുബ്ഹാനല്ലദീ സഹ്ഹറ ലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീൻ വഇന്നാ ഇലാ റബ്ബിനാ ല മുൻഖലിബൂൻ) അല്ലാഹുവിൻെറ നാമത്തിൽ, സർവ്വസ്തുതിയും അല്ലാഹുവിന്, ഈ വാഹനം ഞങ്ങൾക്ക് കീഴ്പ്പെടുത്തി തന്നവനായ അല്ലാഹു പരിശുദ്ധൻ തന്നെ, ഞ

ങ്ങൾ അതിനു കഴിവുള്ളവരായിരു ന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളു ടെ നാഥനിലേക്ക് മടങ്ങാനുള്ളവർ തന്നെയാണ്."[1]

ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക

سُبْحَانَكَ اللهُمَّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي فَإِنَّهُ لا يَغْفِرُ الذُّنُوبَ إِلاَّ أَنتَ (صحيح أبو داود ٢٦٠٢)

"സുബ്ഹാനകല്ലാഹുമ്മ ഇന്നീ ള ലംതു നഫ്സീ ഫഗ്ഫിർ ലീ ഫഇന്ന ഹു ലാ യഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത. (അല്ലാഹുവേ, നിൻെറ പ രിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിശ്ചയം ഞാൻ എന്നോട് തെ

---

[1] സ്വഹീഹ് അബൂദാവൂദ് 2602.

റു ചെയ്തവനാണ്; അതിനാൽ നീ എന്നോട് പൊറുക്കേണമേ. തീർച്ചയായും പാപങ്ങൾ പൊറുക്കാനായി നീയല്ലാതെ മറ്റാരുമില്ല."[1]

## യാത്രയിലെ പ്രാർത്ഥന

اَللّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى، اَللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ، اَللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِ، اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالأَهْلِ (مسلم)

(അല്ലാഹുമ്മ ഇന്നാ നസ്അലുക

---

[1] സ്വഹീഹ് അബൂദാവൂദ് 2602

ഫീ സഫരിനാ ഹാദാ അൽബിർറ വത്തഖ്വ, വമിനൽ അമലി മാ തർ ള്വാ, അല്ലാഹുമ്മ ഹവ്വിൻ അലൈ നാ സഫറനാ ഹാദാ വത്വ്വി അ ന്നാ ബുഅ്ദഹു, അല്ലാഹുമ്മ അൻ തസ്സ്വാഹിബു ഫിസ്സഫരി വൽഖലീഫ തു ഫിൽ അഹ്ൽ, അല്ലാഹുമ്മ ഇ ന്നീ അഊദു ബിക മിൻ വഅ്ഥാഇ സ്സഫരി വ കആബതിൽ മൻളരി വ സൂഇൽ മുൻഖലബി ഫിൽ മാലി വ ൽ അഹ്ൽ).

"അല്ലാഹുവേ ഈ യാത്രയിൽ ഞ ങ്ങൾ നിന്നോട് പുണ്യത്തേയും ത ഖ്വയേയും നീ തൃപ്തിപ്പെടുന്ന ക ർമ്മത്തേയും ചോദിക്കുന്നു. അല്ലാ ഹുവേ ഈ യാത്ര ഞങ്ങൾക്ക് എ ളുപ്പമാക്കി തരികയും ഇതിൻെറ

ദൂരം നീ ചുരുക്കിത്തരികയും ചെയ്യേണമേ, അല്ലാഹുവേ നീയാണ് ഈ യാത്രയിൽ ഞങ്ങളുടെ കൂട്ടുകാരൻ നീ തന്നെയാണ് കുടുംബത്തിലെ പകരക്കാരനും, അല്ലാഹുവേ യാത്രാ ക്ലേശത്തിൽ നിന്നും ദുഃഖകരമായ കാഴ്ചയിൽനിന്നും കുടുംബത്തിലും ധനത്തിലും ഉണ്ടായേക്കാവുന്ന ചീത്ത പര്യവസാനങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.."[1]

## ഉദ്ദിഷ്ട സ്ഥലത്ത് എത്തുമ്പോൾ

أنَّ النَّبيَّ ﷺ لَمْ يَرَ قَرْيَةً يُرِيدُ دُخُولَهَا إلاَّ قَالَ

[1] മുസ്ലിം

حِينَ يَرَاهَا: اللهمَّ رَبَّ السَّمَاوَاتِ السَّبْعِ وَمَا أظْلَلْنَ وَرَبَّ الأَرْضِينَ السَّبْعِ وَمَا أقْلَلْنَ وَرَبَّ الشَّيَاطِينَ وَمَا أضْلَلْنَ وَرَبَّ الرياح وَمَا ذَرَيْنَ ، أسْألُكَ خَيْرَ هَذِهِ القَرْيَةِ وَخَيْرَ أهْلِهَا وَخَيْرَ مَا فِيهَا وَأعُوذُ بِكَ مِنْ شَرِّهَا وَشَرِّ أهْلِهَا وَشَرِّ مَا فِيهَا (حاكم ، سلسلة الصحيحة للألباني رقم: ٢٧٥٩ )

"നബി(സ) താൻ പ്രവേശിക്കാൻ ഉദ്ദേശിച്ച ഗ്രാമം കാണുമ്പോൾ താഴെ പറയുന്ന പ്രാർത്ഥന ഒരിക്കലും പ്രാർത്ഥിക്കാതെ പ്രവേശിക്കാറില്ല. അല്ലാഹുമ്മ റബ്ബസ്സമാവാതിസ്സബ്ഇ വമാ അള്‌ലൽന വറബ്ബൽ അർളീന സ്സബ്ഇ വമാ അഖ്‌ലൽന, വ റബ്ബശ്ശയാത്വീനി വമാ അള്ള്‌ലൽ ന വറബ്ബർറിയാഹി വമാ ദറയ്

ന അസ്അലുക ഖയ്റ ഹാദിഹിൽ ഖർയതി വ ഖയ്റ അഹ്ലിഹാ വ ഖയ്റ മാ ഫീഹാ, വ അഊദു ബിക മിൻ ശർറിഹാ വ ശർറി മാ ഫീഹാ. (ഏഴ് ആകാശങ്ങളുടേയും അവ തണൽ ഏകുന്നവയുടേയും നാഥനും, ഏഴ് ഭൂമികളുടേയും അവ വഹിച്ചിട്ടുള്ളവയുടേയും നാഥനും, പിശാചുക്കളുടേയും അവ പിഴപ്പിച്ച വയുടേയും നാഥനും, കാററുക ളുടേയും അവ വിതറുന്നവയുടേ യും നാഥനുമായ അല്ലാഹുവേ, ഈ ഗ്രാമത്തിൻേറയും അതിലെ നിവാസികളുടേയും അതിലുള്ളവ യുടേയും നന്മയെ ഞാൻ നി ന്നോട് ചോദിക്കുന്നു, അതിൻേറ യും അതിലുള്ളവയുടേയും തിന്മ

യിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു)."[1]

## മാർക്കറ്റിൽ പ്രവേശിക്കുമ്പോൾ

لا إله إلا الله وَحْدَهُ لا شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ يُحْيِي وَيُمِيتُ وَهُوَ حَيٌّ لا يَمُوتُ بِيَدِهِ الْخَيْرُ وَهُوَ عَلَى كُلِ شَيْءٍ قَدِير،

"അല്ലാഹു ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു, വഹുവ ഹയ്യുൻ ലാ യമൂതു, ബിയദിഹിൽ ഖയ്റു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. (അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്ക്

---

[1] ഹാകിം, അൽബാനിയുടെ സിൽസില: 2759.

കാരില്ലാത്തവനുമാണ്. അധികാരവും സ്തോത്രവും അവന് തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എന്നെന്നും ജീവിക്കുന്നവനും മരണമില്ലാത്തവനുമാണ്. അവൻെറ കൈകളിലാണ് നന്മകൾ. അവൻ എല്ലാററിനും കഴിവുള്ളവനാണ്."[1]

"വല്ലവനും ഇത് പ്രാർത്ഥിച്ചാൽ അവന് ഒരു ലക്ഷം നന്മ രേഖപ്പെടുത്തുകയും അവൻെറ ഒരു ലക്ഷം പാപം മായ്ക്കപ്പെടുകയും അവന് ഒരു ലക്ഷം പദവികൾ ഉയർത്തപ്പെടുകയും അവന് സ്വർഗ്ഗത്തിൽ ഒ

[1] സ്വഹീഹ് ഇബ്നുമാജ, സ്വഹീഹ് തിർമിദി.

രു ഭവനം പണിയുകയും ചെയ്യു ന്നതാണ്."[1]

## ഇടക്ക് താമസിക്കുമ്പോൾ

إِذَا نَزَلَ أَحَدُكُمْ مَنْزِلاً فَلْيَقُلْ : أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ فَإِنَّهُ لا يَضُرُّهُ شَيْءٌ حَتَّى يَرْتَحِلَ (مسلم، صحيح الجامع رقم: ٨٠٥)

"നിങ്ങൾ എവിടെയെങ്കിലും താമ സിക്കുകയാണെങ്കിൽ:അഊദു ബി കലിമാതില്ലാഹി ത്താമ്മാതി മിൻ ശർറി മാ ഖലഖ (അല്ലാഹുവിൻെറ പരിപൂർണ്ണമായ വചനങ്ങളെക്കൊ ണ്ട് അവൻ സൃഷ്ടിച്ചവയുടെ നാശ ത്തിൽ നിന്നും ഞാൻ രക്ഷ തേടു

---

[1] അഹ്മദ്,ഹാകിം. ജാമിഉ സ്വഗീർ (ഹസൻ) 6231.

ന്നു) എന്ന് പ്രാർത്ഥിച്ചാൽ അവിടെ നിന്നും പോകുന്നത് വരെ അവന് ഒരു ഉപദ്രവവും ഏൽക്കുന്നതല്ല."[1]

## മടങ്ങി വരുമ്പോൾ

മുകളിൽ യാത്രയിൽ പ്രാർത്ഥിക്കാൻ പറഞ്ഞ പ്രാർത്ഥനയുടെ കൂടെ താഴെ പറയുന്നവ കൂടി പ്രാർത്ഥിക്കുക.

آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ(مسلم)

ആയിബൂന താഇബൂന ആബിദൂന ലിറബ്ബിനാ ഹാമിദൂന 'മടങ്ങുന്നവരും പശ്ചാത്തപിക്കുന്നവരും ആ

---

1 മുസ്ലിം , സ്വഹീഹുൽ ജാമിഅ്: 805.

രാധിക്കുന്നവരും ഞങ്ങളുടെ നാഥ നെ സ്തുതിക്കുന്നവരുമായി ഞ ങ്ങളിതാ മടങ്ങുന്നു."[1]

## രോഗിയെ സന്ദർശിക്കുമ്പോൾ

لا بَأسَ طَهُورٌ إنْ شَاءِ اللهُ (صحيح البخاري)

"ലാ ബഅ്സ ത്വഹൂറുൻ ഇൻശാ അല്ലാ (സാരമില്ല, സുഖമായിക്കൊ ളളും ഇൻശാ അല്ലാഹ്). "[2]

اللهُمَّ رَبَّ النَّاس أذهِبَ البَأس وَاشْفِ أنْتَ الشَّافِي لا شِفَاءَ إلاَّ شِفَاءكَ شِفَاءً لا يُغَادِرُ سَقَمَا (البخاري)

---

[1] മുസ്ലിം

[2] ബുഖാരി

"അല്ലാഹുമ്മ റബ്ബന്നാസി അദ്ഹി ബിൽ ബഅ്സ വശ്ഫി അൻതശ്ശാ ഫി ലാ ശിഫാഅ ഇല്ലാ ശിഫാഉക ശിഫാഅൻ ലാ യുഗാദിറു സഖമാ (മനുഷ്യരുടെ നാഥനായ അല്ലാഹു വേ വിഷമങ്ങൾ അകററി ഇദ്ദേഹ ത്തിന് ശമനം നൽകേണമേ. നീ യാണല്ലൊ ശമനം നൽകുന്നവൻ. നിൻെറ ശമനമല്ലാതെ യാതൊരു ശമനവും പ്രതീക്ഷിക്കാനില്ല. യാ തൊരു പ്രയാസവും ബാക്കിയാ കാത്തവിധം നീ ഇദ്ദേഹത്തിന് ശമ നം നൽകേണമേ)."[1]

[1] ബുഹാരി.

## മരണം ആസന്നമായാൽ

قُلْ لا إلهَ إلاَّ اللهُ (مسلم)

"ലാ ഇലാഹ ഇല്ലല്ലാഹു (അല്ലാഹു വല്ലാതെ ആരാധ്യനില്ല) എന്ന് ചൊല്ലിക്കൊടുക്കുക"[1]

"ആരുടെ അവസാനത്തെ വാക്ക് ലാ ഇലാഹ ഇല്ലല്ലാഹു എന്ന് ആകുന്നുവോ അവൻ സ്വർഗ്ഗാവകാശിയാണ്."[2]

## വിഷമങ്ങൾ നേരിട്ടാൽ

إنَّا لِلهِ وَإنَّا إلَيْهِ رَاجِعُونَ اللهمَّ أجُرْنِي فِــي مُصِيبَتِي وَاخْلُفْ لِي خَيْرًا مِنْهَا (مسلم)

---

1 മുസ്‌ലിം

2 സ്വഹീഹ് അബൂദാവൂദ് നമ്പർ: 3116.

"ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ അല്ലാഹുമ്മ അ്ജുർനീ ഫീ മുസ്വീബതീ വഖ്ലിഫ് ലീ ഖയ്റൻ മിൻഹാ (നാം അല്ലാഹുവിനുള്ളവരാണ് അവനിലേക്ക് മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ എനിക്ക് നേരിട്ട വിപത്തിൽ നീ എനിക്ക് പ്രതിഫലം നൽകുകയും അതിനേക്കാൾ ഗുണകരമായത് എനിക്ക് പകരം നൽകുകയും ചെയ്യേണമേ) വല്ലവരും ഇപ്രകാരം പ്രാർത്ഥിച്ചാൽ അല്ലാഹു അവന് പ്രതിഫലം നൽകുകയും നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ മെച്ചമായ അവസ്ഥ അല്ലാഹു നൽകുകയും ചെയ്യുന്നതാണ്. എന്ന്

ഉമ്മു സൽമ(റ) നബി(സ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട്."[1]

## അനുശോചന വചനങ്ങൾ

إنَّ لِلهِ مَا أخَذَ وَلَهُ مَا أعْطَى لِكُلِّ شَيءٍ عِنْدَهُ بِأجَلٍ مُسَمًّى فَاصْبِرْ وَاحْتَسِبْ (متفق عليه)

"(ഇന്ന ലില്ലാഹി മാ അഖദ വലഹു മാ അഅ്ത്വാ ലികുല്ലി ശൈഇൻ ഇൻദഹു ബിഅജലിൻ മുസമ്മ ഫസ്വ്ബിർ വഹ്തസിബ്) നിശ്ചയം അല്ലാഹുവിനുള്ളതാണ് അവൻ എടുത്തതും നൽകിയതും. എല്ലാററി

[1] മുഖ്തസ്വറു മുസ്ലിം 461. 'ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ" എന്നത് മരണവാർത്ത കേട്ടാൽ മാത്രം പറയുവാനുള്ളതല്ല.

നും അവൻെറയടുക്കൽ നിർണ്ണിത അവധിയുണ്ട്. അതിനാൽ ക്ഷമിക്കുക പ്രതിഫലം കാംക്ഷിക്കുക."[1]

## മയ്യിത്ത് നമസ്കാരം

മയ്യത്ത് നമസ്കാരം വളരെയേറെ പ്രതിഫലാർഹമായ കർമ്മമാണ്. എല്ലാവർക്കും നിർബന്ധമാണ്. എന്നാൽ അത് ആരെങ്കിലും നിർവ്വഹിച്ചാൽ എല്ലാവരുടേയും കുററം ഒഴിവാവുകയും നിർവ്വഹിച്ചവർ മാത്രം പ്രതിഫലാർഹരാവുകയും ചെയ്യുന്ന, ഫർള് കിഫ (സാമൂഹ്യ ബാധ്യത) യിൽ പെട്ടതാണ് അത്.

---

[1] മുത്തഫഖുൻ അലൈഹി.

"ഇമാം നിൽക്കേണ്ടത് മയ്യത്ത് പുരുഷന്റേതാണെങ്കിൽ തല ഭാഗത്തും സ്ത്രീയുടെ മയ്യത്താണെങ്കിൽ മധ്യഭാഗത്തുമാണ്."[1]

നാല് തക്ബീറുകളാണ് ഈ നമസ്കാരത്തിന് ഉള്ളത് ഓരോ തക്ബീറിനോടൊപ്പവും മററുനമസ്കാരത്തിൽ തക്ബീറത്തുൽ ഇഹ്റാം നിർവ്വഹിക്കാറുള്ളത് പോലെ രണ്ട് കൈകൾ ചുമലുകൾക്ക് നേരെ ഉയർത്തിയ ശേഷം നെഞ്ചുകളിൽ വെക്കേണ്ടതാണ്.

ഒന്നാം തക്ബീറിന് ശേഷം സൂറത്തുൽ ഫാതിഹ: ഓതുക: തുടർന്ന് കൈകൾ മുകളിൽ പറഞ്ഞ

---

1 അബൂദാവൂദ്

പോലെ അഴിച്ചുകെട്ടി നബി(സ) യുടെ പേരിൽ സ്വലാത്ത് ചൊല്ലുക:

(അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദ് കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീം ഇന്നക്ക ഹമീദുൻ മജീദ്, അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദ് കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീം ഇന്നക ഹമീദുൻ മജീദ്)

മൂന്നാം തക്ബീറിന്ന് ശേഷം മയ്യത്തിന് വേണ്ടി പ്രാർത്ഥിക്കുക: പ്രാർത്ഥന വ്യത്യസ്ത രൂപത്തിൽ ഹദീ

സുകളിൽ കാണാവുന്നതാണ്. ഒ
രു രൂപം താഴെ ചേർക്കുന്നു:

اللهم اغفرله وارحمه وعافه واعف عنه
وأكرم نُزُلَهُ وَوَسِّعْ مُدْخَلَهُ واغسله بالماء
والثلج والبرد ونقِّهِ من الخطايا كما ينقى
الثوب الأبيض من الدنس وأبدله دارا خيرا
من داره وأهلا خيرا من أهله وَزَوْجًا خَيْرًا
مِنْ زَوْجِهِ وَأدْخِلْهُ الجَنَّةَ وَأعِذْهُ مِنْ عَذَابِ
القبر وعذاب النار ( صحيح مسلم )

“അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹം
ഹു വ ആഫിഹി വഅ്ഫു അൻഹു
വഅക്‌രിം നുസ്‌ലഹു വവസ്സിഅ് മ
ദ്ഖലഹു വഗ്സിൽഹു ബിൽമാഇ
വഥ്ഥൽജി വൽ ബർദ് വനഖ്ഖിഹി
മിനൽ ഖത്വായാ കമാ യുനഖ്ഖ്വഥ്
ഥൗബുൽ അബ്‌യളു മിനദ്ദനസ് വ

അബ്ദിൽഹു ദാറൻ ഖയ്റൻ മിൻ ദാരിഹി, വഅഹ്ലൻ ഖയ്റൻ മിൻ അഹ്ലിഹി, വസൗജൻ ഖൈറൻ മി ൻ സൗജിഹി വഅദ്ഖിൽഹുൽ ജ ന്നത്ത വഅഇദ്ഹു മിൻ അദാബി ൽ ഖബ്രി വഅദാബിന്നാർ.) അല്ലാ ഹുവേ ഇദ്ദേഹത്തിന് നീ പൊറു ത്ത് കൊടുക്കുകയും, ഇദ്ദേഹ ത്തോട് കരുണ കാണിക്കുകയും ഇദ്ദേഹത്തിന് സുഖം നൽകുക യും ഇദ്ദേഹത്തിന് മാപ്പ് നൽകു കയും ഇദ്ദേഹത്തിൻെറ ആദിത്യം മാന്യമായതാക്കുകയും പ്രവേശന മാർഗ്ഗം വിശാലമാക്കുകയും ചെ യ്യേണമേ; ഇദ്ദേഹത്തെ വെള്ളം കൊണ്ടും മഞ്ഞുകൊണ്ടും ഹിമം കൊണ്ടും നീ കഴുകി ശുദ്ധിയാ

ക്കേണമേ. ഇദ്ദേഹത്തിൻെറ പാപ ങ്ങളിൽ നിന്ന് വെള്ള വസ്ത്രം അ ഴുക്കിൽ നിന്ന് ശുദ്ധിയാക്കുന്നത് പോലെ ഇദ്ദേഹത്തെ നീ പരിശു ദ്ധമാക്കേണമേ, ഇദ്ദേഹത്തിൻെറ വീടിനേക്കാൾ നല്ല വീടും കുടും ബത്തേക്കാൾ നല്ല കുടുംബത്തേ യും ഇണയേക്കാൾ നല്ല ഇണയേ യും നീ നൽകേണമേ. ഇദ്ദേഹ ത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കു കയും ഖബറിലെ ശിക്ഷയിൽ നി ന്നും നരക ശിക്ഷയിൽ നിന്നും ഇദ്ദേഹത്തെ അകററുകയും ചെ യ്യേണമേ."[1]

---

[1] മുസ്‌ലിം

നാലാം തക്ബീറിന് ശേഷം അല്ലാഹുമ്മ ലാതുഹർരിംനാ അജ്റഹു വലാ തഫ്തിന്നാ ബഅ്ദഹു (അല്ലാഹുവേ ഇതിന്റെ പ്രതിഫലം നീ ഞങ്ങൾക്ക് തടയരുതേ, ഇദ്ദേഹത്തിനു ശേഷം നീ ഞങ്ങളെ നാശത്തിലാക്കുകയും അരുതേ) എന്നു പറയുകയും ചെയ്യുക. ശേഷം അസ്സലാമു അലൈക്കും വറഹ്മത്തുല്ലാ എന്ന് പറഞ്ഞുകൊണ്ട് സലാം വീട്ടുക.

ഒരു പ്രദേശത്ത് ഒരാൾ മരണപ്പെടുകയും അയാൾക്ക് വേണ്ടി ആരും മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചിട്ടില്ലെങ്കിൽ അദൃശ്യമായി (മയ്യിത്ത് മുന്നിലില്ലാതെ) നമസ്കരിക്കാവുന്നതാണ്. അല്ലാത്ത സന്ദർ

ഭങ്ങളിൽ ആർക്കെങ്കിലും ഒരാൾ ക്ക് വേണ്ടി മയ്യിത്ത് നമസ്കാരം നിർവ്വഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാളുടെ ഖബറിനടുത്ത് വെച്ച് നമസ്കരിക്കലാണ് നബിചര്യ.

മയ്യിത്ത് കൊണ്ടുപോകുമ്പോൾ മ രണത്തെയും ശേഷമുള്ള ജീവിത ത്തെയും ഓർത്ത് മൗനമായി കൊ ണ്ടുപോകലാണ് നബിചര്യ.

ഇന്ന് ചില പ്രദേശങ്ങളിൽ കാണ പ്പെടുന്നവിധം ദിക്റ് ചൊല്ലി കൊ ണ്ടുപോകൽ ബിദ്അത്തും കുററ കരവുമാണ് . അത് തീർത്തും വർ ജിക്കേണ്ടതാണ്.

## തസ്ബീത്

മറവു ചെയ്തു കഴിഞ്ഞാൽ മയ്യത്തിന് പൊറുത്ത് കൊടുക്കാനും ഖബ്റിൽ ചോദ്യ വേളയിൽ സ്ഥൈര്യം നൽകുവാനും വേണ്ടി അല്ലാഹുവോട് എല്ലാവരും ഏറെ നേരം പ്രാർത്ഥിക്കണം ഇതിന് തസ്ബീത് എന്ന് പറയും.

ഇതിനായി പ്രത്യേക പദങ്ങൾ ഹദീസുകളിൽ വന്നിട്ടില്ലെങ്കിലും താഴെ പറയുന്ന പ്രാർത്ഥനയോ അതു പോലുള്ള മററു പ്രാർത്ഥനകളോ ആകാവുന്നതാണ്.

അല്ലാഹുമ്മ ഥബ്ബിത്ഹു ഇൻദസ്സു ആൽ (അല്ലാഹുവേ ഇദ്ദേഹത്തിന് ചോ ദ്യസമയത്ത് നീ സ്ഥൈര്യം ന

ൽകേണമേ) അല്ലാഹുമ്മ അൽഹിം ഹുൽ ജവാബ് (അല്ലാ ഹുവേ ഇദ്ദേ ഹത്തിന് ഉത്തരങ്ങൾ നീ തോന്നി പ്പിച്ച് കൊടുക്കേണമേ) അല്ലാഹുമ്മ ജാഫിൽ ഖബ്റ അൻ ജൻബൈഹി (അല്ലാഹു വേ ഇദ്ദേഹത്തിന്റെ പാ ർശ്വങ്ങളിൽ നിന്നും ഖബറിനെ നീ അകറ്റേണമേ) അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹംഹു (അല്ലാഹുവേ ഇ ദ്ദേഹത്തിന് നീ പൊറുത്ത് കൊടു ക്കുകയും കരുണ ചെയ്യുകയും ചെയ്യേണമേ) അല്ലാഹുമ്മ ആമിൻ ഹു മിൻ കുല്ലിൽ ഫസഅ് (അല്ലാ ഹുവേ എല്ലാ വിധ പരിഭ്രമങ്ങളിൽ നിന്നും ഇദ്ദേഹത്തിന് നീ നിർഭയ ത്തം നൽകേണമേ.)

## ഖബർ സന്ദർശനം

السلاَمُ عَلَيْكُمْ أَهْلَ الـدِّيَارِ مِـنَ الْمُـؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللهُ بِكُـمْ لاَحِقُـونَ (مسلم)

"അസ്സലാമു അലൈക്കും അഹ്'ല ദ്ദിയാരി മിനൽ മുഅ്'മിനീന വൽ മുസ്'ലിമീൻ വഇന്നാ ഇൻ ശാഅ ല്ലാഹു ബികും ലാഹിഖൂൻ."[1]

## സലാം (അഭിവാദനം) മര്യാദകൾ

لاَ تَدْخُلُوا الْجَنَّةَ حَتَّى تُؤْمِنُوا وَلاَ تُؤْمِنُوا حَتَّى تَحَابُّوا أَفَلاَ أَدُلُّكُمْ عَلَى شَـيْءٍ إِذَا فَعَلْتُمُـوهُ تَحَابَبْتُمْ ؟ أَفْشُوا السَّلاَمَ بَيْنَكُمْ (البخاري)

"നിങ്ങൾ വിശ്വാസികളാകുന്നത് വരെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയി

[1] മുസ്'ലിം

ല്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നത് വരെ വിശ്വാസികളാവുകയില്ല. നിങ്ങൾക്കിടയിൽ പരസ്പരം സ്നേഹമുണ്ടാകാൻ ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ ? നിങ്ങൾക്കിടയിൽ സലാമിനെ വ്യാപകമാക്കലാണത്. "[1]

## സലാമിന്റെ ശ്രേഷ്ഠരൂപം

السلام عليكم ورحمة الله وبركاته

"അസ്സലാമു അലൈക്കും വ റഹ്മതുല്ലാഹി വബറകാതുഹു (അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹവും നിങ്ങളിൽ ഉണ്ടാകട്ടെ) എന്നാണ് സലാമിന്റെ

---

[1] ബുഖാരി.

പൂർണ്ണ രൂപം. ഒരാൾ നബി (സ) യുടെ സദസ്സിൽ വന്ന് അസ്സലാമു അലൈകും എന്ന് പറഞ്ഞപ്പോൾ നബി(സ) സലാം മടക്കിയ ശേഷം അയാൾക്ക് പത്ത് പ്രതിഫലമുണ്ട് എന്ന് പറഞ്ഞു, മറ്റൊരാൾ അസ്സലാമു അലൈകും വറഹ്മതുല്ലാ എന്ന് പറഞ്ഞപ്പോൾ അയാൾക്ക് ഇരുപത് ലഭിച്ചു എന്നും അസ്സലാമു അലൈകും വ റഹ്മതുല്ലാഹി വബറകാതുഹു എന്ന് പറഞ്ഞപ്പോൾ അയാൾക്ക് മുപ്പത് ലഭിച്ചു. എന്നും പറഞ്ഞതിൽ നിന്ന് അതാണ് സലാമിന്റെ ശ്രേഷ്ഠരൂപം എന്ന് മനസ്സിലാക്കാം." [1]

---

[1] അൽബാനിയുടെ സ്വഹീഹുൽ കലിമുത്വയ്യിബ്

## സലാം മടക്കൽ

സലാം പറയൽ സുന്നത്താണെ ങ്കിലും മടക്കൽ നിർബന്ധമാണെ ന്നാണ് പണ്ഡിതന്മാരുടെ ഏക കണ്ഠമായ അഭിപ്രായം.
ഖുർആൻ പറയുന്നു:

﴿وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا بِأَحْسَنَ مِنْهَا أَوْ رُدُّوهَا﴾ (سورة النساء : ٨٦)

"നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്ക പ്പെട്ടാൽ അതിനേക്കാൾ മെച്ചമാ യി തിരിച്ച് അഭിവാദ്യം ചെയ്യുക.

---

നമ്പർ 156. പേജ്: 101.

അല്ലെങ്കിൽ അത്ര തന്നെ തിരിച്ചു നൽകുക."[1]

## ആര് തുടങ്ങണം

"സലാം പറയുന്നത് വാഹനത്തിൽ വരുന്നവർ നടക്കുന്നവരോടും, നടക്കുന്നവർ ഇരിക്കുന്നവരോടും, കുറച്ചാളുള്ള സംഘം കൂടുതലുള്ളവരോടും, ചെറിയവർ വലിയവരോടുമായിരിക്കണം."[2]

## ഹസ്തദാനവും സുന്നത്താണ്

ഖതാദ(റ) അനസ്(റ)വിനോട് ചോദിച്ച ഒരു ചോദ്യവും അദ്ദേഹം നൽകിയ മറുപടിയും കാണുക:

---

[1] നിസാഅ്: 68.

[2] മുത്തഫഖുൻ അലൈഹി.

أكَانَتِ الْمُصَافَحَةُ فِي أصْحَابِ النَّبِيِّ ﷺ ؟ قَالَ نَعَمْ (رواه البخاري)

"ഹസ്തദാനം സ്വഹാബികൾക്ക് ഇടയിൽ പതിവുണ്ടായിരുന്നോ ? അദ്ദേഹം പറഞ്ഞു: അതെ ഉണ്ടായിരുന്നു."[1]

## സലാം പറഞ്ഞയച്ചാൽ

നബി(സ)യുടെ അടുക്കൽ ഒരാൾ വന്ന് എന്റെ പിതാവ് നിങ്ങൾക്ക് السلام عليكم എന്ന് പറഞ്ഞിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ നബി(സ) സലാം മടക്കിയ രൂപം കാണുക:

عَلَيْكَ وَعَلَى أبِيكَ السلام

---

[1] ബുഖാരി.

"അലൈക വ അലാ അബീകസ്സ ലാം. (നിങ്ങൾക്കും നിങ്ങളുടെ പി താവിനും അല്ലാഹുവിന്റെ രക്ഷ യുണ്ടാകട്ടെ."[1]

((അലൈക വ അലൈഹിസ്സലാം)) എന്ന് മടക്കുക.

## ആളില്ലാത്ത വീട്ടിലേക്ക്

ആൾ താമസമില്ലാത്ത വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ:

السلامُ عَلَيْنا وَعَلى عِبَادِ الله الصَّالِحِينَ
(البخاري في الأدب المفرد, صحيح أدب المفرد للألباني)

"അസ്സലാമു അലൈനാ വഅലാ

---

[1] അബൂദാവൂദ്, ഹസ്സനഹു അൽബാനി.

ഇബാദില്ലാഹി സ്വാലിഹീൻ. (അല്ലാഹുവിൻെറ രക്ഷ നമ്മിലും അല്ലാഹുവിൻെറ സജ്ജനങ്ങളായ ദാസന്മാരിലും ഉണ്ടാവട്ടെ)."[1]

## വരുമ്പോഴും പിരിയുമ്പോഴും

إذا انتهى أحدكم إلى المجلس فليسلم فإذا أراد أن يقوم فليسلم (أبو داود، البخاري في الأدب المفرد, صحيح الجامع لألباني : ٤٠٠)

"നിങ്ങളൊരു സദസ്സിലെത്തിയാൽ സലാം പറയുക. സദസ്സിൽനിന്ന് എഴുന്നേൽക്കുമ്പോഴും സലാം പറയുക."[2]

---

[1] ബുഖാരിയുടെ അദബുൽ മുഫ്റദ്. അൽബാനി സ്വഹീഹ് അദബിൽ മുഫ്റദ്.

[2] അബൂദാവൂദ്, ബുഖാരിയുടെ അദബുൽ മുഫ്റദ്, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 400.

## തുമ്മിയാലുള്ള മര്യാദകൾ

إِذَا عَطَسَ أَحَدُكُمْ فَلْيَقُلْ الْحَمْدُ لِلهِ وَلْيَقُلْ لَـهُ أَخُوهُ أَوْ صَاحِبُهُ يَرْحَمُكَ اللهُ فَإِذَا قَـالَ لَـهُ يَرْحَمُكَ اللهُ فَلْيَقُلْ يَهْدِيكُمُ اللهُ وَيُصْلِحُ بَـالَكُمْ (البخاري)

"നിങ്ങളിൽ ആരെങ്കിലും തുമ്മിയാൽ അവൻ അൽഹംദുലില്ല (അല്ലാഹുവിന് സ്തുതി) എന്ന് പറയുക. അന്നേരം അവൻെറ സഹോദരനോ സുഹൃത്തോ (അത് കേട്ടാൽ) യർഹമുകല്ലാഹ് (അല്ലാഹു താങ്കൾക്ക് കരുണചെയ്യട്ടെ) എന്ന് പറയുക. അങ്ങിനെ പറഞ്ഞാൽ (തുമ്മിയ വ്യക്തി) യഹ്ദീകുമുല്ലാഹു വയുസ്‌ലിഹു ബാലകും (അല്ലാഹു നിങ്ങൾക്ക് മാർഗ്ഗദർശനം നൽകു

കയും നിങ്ങളുടെ കാര്യങ്ങൾ ന ന്നാക്കുകയും ചെയ്യട്ടെ) എന്നും പറയുക."[1]

## കോട്ടുവായ വരുമ്പോൾ

التثاؤب من الشيطان فإذا تثاءب أحدكم فليرده ما استطاع، فإن أحدكم إذا قال ها... ضحك منه الشيطان (متفق عليه)

"കോട്ടുവായ പിശാചിൽ നിന്നാ ണ്. നിങ്ങൾക്ക് കോട്ടുവാ വന്നാൽ അത് കഴിയുന്നത്ര ഒതുക്കുക. നി ങ്ങൾ ഹാ... എന്ന് പറഞ്ഞാൽ പി ശാച് ചിരിക്കുന്നതാണ്."[2]

---

[1] ബുഖാരി.

[2] മുത്തഫഖുൻ അലൈഹി

إذَا تَثَاءَبَ أحدُكم فليضع يده على فيه فإنّ الشيطان يدخل مع التثاؤب (متفق عليه)

"നിങ്ങളിലൊരാൾക്ക് കോട്ടുവായ വന്നാൽ അവൻ തന്റെ കൈ വായമേൽ വെക്കട്ടെ. നിശ്ചയം പിശാച് കോട്ടുവായുടെ കൂടെ (ഉള്ളിൽ) പ്രവേശിക്കുന്നതാണ്."[1]

[1] മുത്തഫഖുൻ അലൈഹി.

## ദാമ്പത്യ ജീവിതം

### ദമ്പതിമാർക്ക് വേണ്ടി

بَارَكَ اللهُ لَكَ وَبَارَكَ عَلَيْكَ وَجَمَعَ بَيْنَكُمَا فِي خَيْرٍ (صحيح أبو داود : ٢١٣٠)

"ബാറകല്ലാഹു ലക വബാറക അലൈക വജമഅ ബൈനകുമാ ഫീ ഖയ്ർ. (അല്ലാഹു നിന്നെ അനുഗ്രഹിക്കുകയും നിന്റെ മേൽ അനുഗ്രഹം ചൊരിയുകയും നന്മയിൽ നിങ്ങളെ രണ്ട് പേരെയും ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ."[1]

### ഇണയെ ആദ്യം കാണുമ്പോൾ

അവളുടെ തലയിൽ കൈവെച്ച്

---

[1] സ്വഹീഹ് അബൂദാവൂദ് : 2130.

ഇപ്രകാരം പ്രാർത്ഥിക്കുക:

بسم الله اللهُمَّ إنِّي أسألُكَ مِنْ خَيْرِهَا وَخَيْرِ مَا جَبَلْتَهَا عَلَيْهِ وَأعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا جَبَلْتَهَا عَلَيْهِ (البخاري ، في كتاب آداب الزفاف للألباني ٩٣)

"ബിസ്മില്ലാഹി അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻഖയ്രിഹാ ഒഖ യ്രി മാ ജബൽതഹാ അലൈഹി. വ അഊദു ബിക മിൻ ശർരിഹാ വ ശർരി മാ ജബൽതഹാ അലൈഹി. (അല്ലാഹുവേ ഇവളിലെ നന്മയും ഇവളെ സൃഷ്ടിച്ചതിലെ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ ഇവളിലെ തിന്മയിൽ നിന്നും ഇവളെ നീ സൃഷ്ടിച്ചതിലെ

തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു."[1]

## മണിയറയിൽ നമസ്കാരം!

അബൂ ഉസൈദിന്റെ അടിമയായ അബൂ സഈദ്(റ) പറയുന്നു: ഞാൻ അടിമയായിരിക്കുന്ന അവസരത്തിലാണ് വിവാഹിതനായത്. വിവാഹം കഴിഞ്ഞ് പ്രമുഖ സ്വഹാബികളായ ഇബ്നുമസ്ഊദ്, അബൂദർറ്, ഹുദൈഫ (റ) എന്നിവർ ഉൾപ്പെടെയുള്ളവരെ എന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അന്നേരം അവർ എന്നോട് ഇങ്ങനെ പറഞ്ഞു:

---

[1] ബുഖാരി. അൽബാനിയുടെ ആദാബു സ്സിഫാഫ് എന്ന ഗ്രന്ഥം പേജ് 93.

إذا دَخَلَ عليك أهْلُكَ فَصَلِّ رَكْعَتَيْن ثُمَّ سَلِ اللهَ مِنْ خَيْرِ مَا دَخَلَ عَلَيْكَ وَتَعَوَّذْ مِنْ شَرِّهِ ثُمَّ شَأْنُكَ وَشَأْنُ أهْلِكَ (مُصَنَّفُ ابن أبي شيبة ، آداب الزفاف لألباني صحف : ٩٤)

"നിൻെറ ഭാര്യ നിൻെറ അടുത്തേക്ക് കടന്നു വന്നാൽ നീ അവരേയും കൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ശേഷം നിന്നിലേക്ക് വന്നവരിലെ നന്മയെ ചോദിച്ചും തിന്മയിൽ നിന്ന് രക്ഷ ചോദിച്ചും പ്രാർത്ഥിക്കുക, തുടർന്ന് നിൻെറയും നിൻെറ ഇണയുടെ കാര്യത്തിലും."[1]

---

1 മുസ്വന്നഫ് അബീ ശൈബ, അൽബാനിയുടെ ആദാബു സ്സിഫാഫ് പേജ് : 94.

അബ്ദുല്ലാഹി ബ്നു മസ്ഊദ് (റ) തന്റെയടുക്കൽ വിവാഹിതനായ വിവരം പറഞ്ഞ് ഭാര്യയിൽ നിന്നും വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ സംഭവിക്കാതിരിക്കട്ടെ എന്ന് പറഞ്ഞ ഒരു വ്യക്തിയോട് ഇപ്രകാരം പറഞ്ഞുകൊടുത്തു:

ഇണക്കം അല്ലാഹുവിൽ നിന്നും, വെറുപ്പ് പിശാചിൽ നിന്നുമാണ്. അല്ലാഹു നിങ്ങൾക്ക് അനുവദിച്ചു തന്നതിൽ നിങ്ങൾക്ക് വെറുപ്പ് ഉണ്ടാക്കാനാണ് പിശാച് ശ്രമിക്കുക. അതിനാൽ നിന്റെ ഇണ നിന്റെ അടുക്കൽ പ്രവേശിച്ചാൽ നീ അവളോട് നിന്റെ പിന്നിലായി നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കാൻ പ

റയുകയും ശേഷം ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്യുക:

اللهمَّ بارِكْ لِي فِي أهْلِي وَبَارِكْ لَهُمْ فِيَّ اللهمَّ اجْمَعْ بَيْنَنَا مَا جَمَعْتَ بِخَيْرٍ وَفَرِّقْ بَيْنَنَا إذَا فَرَّقْتَ إلَى خَيْرٍ (مصنف عبد الرزاق ، الطبراني في الأوسط، آداب الزفاف للألباني صحف ٩٦)

"അല്ലാഹുമ്മ ബാരിക് ലീ ഫീ അഹ്‌ലീ, വ ബാരിക് ലഹും ഫിയ്യ, അല്ലാഹുമ്മ ജ്മഅ് ബയ്നനാ മാ ജമഅ്ത ബി ഖയ്റിൻ വഫർരിഖ് ബയ്നനാ ഇദാ ഫർറഖ്ത ഇലാ ഖയ്ർ. (അല്ലാഹുവേ എനിക്ക് എന്റെ ഇണയിലൂടെ നീ അനുഗ്രഹം ചൊരിയേണമേ, എന്നിലൂടെ അവൾക്കും. അല്ലാഹുവേ ഞങ്ങളെ

നീ ഒരുമിച്ച് ചേർത്തത് നീ നന്മയിൽ ഒരുമിച്ചു കൂട്ടുകയും , നീ ഞങ്ങളെ വേർപിരിക്കുമ്പോൾ നന്മയിലേക്ക് ഞങ്ങളെ നീ വേർപിരിക്കുകയും ചെയ്യേണമേ)."[1]

## ബന്ധപ്പെടുമ്പോൾ

بِسْمِ اللهِ اللهُمَّ جَنِّبْنَا الشَّيْطَانَ وَجَنِّبِ الشَّيْطَانَ مَا رَزَقْتَنَا (البخاري)

"അല്ലാഹുമ്മ ജന്നിബ്ന ശ്ശയ്ത്വാന വ ജന്നിബിശ്ശയ്ത്വാന മാ റസഖ്തനാ. (അല്ലാഹുവേ ഞങ്ങളിൽ നിന്നും പിശാചിനെ നീ അകറ്റേണ

[1] മുസ്വന്നഫ് അബ്ദുർറസാഖ്, ത്വബ്റാനിയുടെ ഔസത്വ്, അൽബാനിയുടെ ആദാബു സ്സിഫാഫ് പേജ്: 96.

മേ, ഞങ്ങൾക്ക് പ്രദാനം നൽകുന്ന (സന്തതിയിൽ) നിന്നും പിശാചിനെ നീ അകറ്റേണമേ)."[1]

"ഒരിക്കൽ ബന്ധപ്പെട്ട ശേഷം വീണ്ടും ബന്ധപ്പെടാൻ ഉദ്ദേശിച്ചാൽ അവക്ക് ഇടയിൽ വുളുവുണ്ടാൽ നബിചര്യയിൽ പെട്ടതാണ്."[2]

ബന്ധപ്പെട്ട ശേഷം രാത്രിയിൽ തന്നെ കുളിക്കുന്നില്ലെങ്കിൽ ഉറങ്ങുന്നതിന് മുമ്പ് വുളു ഉണ്ടാക്കുകയെങ്കിലും ചെയ്യേണ്ടതാണ്.

"നബി(സ) ജനാബത്തുകാരനായിരിക്കെ ഭക്ഷണം കഴിക്കുകയോ ഉ

---

[1] ബുഖാരി.

[2] മുസ്ലിം, സ്വഹീഹ് അബൂദാവൂദ്.

റങ്ങുകയോ ചെയ്യുന്നതായാൽ അതിന് മുമ്പായി ലൈംഗികാവയവങ്ങൾ കഴുകുകയും വുളു എടുക്കുകയും ചെയ്യുമായിരുന്നു."[1]

"ജനാബത്തുകാരൻ വുളു ഉണ്ടാക്കുന്നത് വരെ (കാരുണ്യത്തിന്റെ) മലക്കുകൾ അവനെ സമീപിക്കുകയില്ല"[2]

## കുഞ്ഞിന് നല്ല പേര് ഇടുക

أَحَبُّ الأَسْمَاءِ إِلى اللهِ عَبْدُ الله وَعَبْدُ الرَّحْمَن والْحَارِث (مسند أبي يعلى، صحيح الجامع ١٦٢)

---

[1] ബുഖാരി

[2] സ്വഹീഹ് അബൂദാവൂദ്. അൽബാനിയുടെ ആദാബു സിഫാഫ്: 115.

"അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ട പേര് അബ്ദുല്ല, അബ്ദുർറഹ്മാൻ[1], ഹാരിസ് എന്നിവയാണ്."[2]

## അഖീഖ അറുക്കുക

مَعَ الغُلَامِ عَقِيقَةٌ فَأهرِقُوا عَنْهُ دَماً وَأمِيطُوا عَنْهُ الأذَى (البخاري، صحيح الجامع : ٥٨٧٧)

"കുഞ്ഞിന് വേണ്ടി ജനനത്തോടനുബന്ധിച്ച് അഖീഖ അറുക്കുക പ്രയാസമുണ്ടാക്കുന്നത് (മുടി പോലുള്ളവ) നീക്കുകയും ചെയ്യുക."[3]

---

[1] മുസ്ലിം, തിർമുദി സ്വഹീഹുൽ ജാമിഅ്: 161.

[2] മുസ്നദ് അബീയഅ്‌ല, സ്വഹീഹുൽ ജാമിഅ്: 162.

[3] ബുഖാരി, സ്വഹീഹുൽ ജാമിഅ് 5877.

ആൺകുട്ടികൾക്ക് കഴിയുമെങ്കിൽ രണ്ട് ആടിനേയും പെൺകുട്ടിയാണെങ്കിൽ ഒരു ആടിനേയും അറുക്കലാണ് ശ്രേഷ്ഠത[1].

ആണായാലും പെണ്ണായാലും ഓരോ ആട് വീതം അറുക്കുന്നതിലും വിരോധമില്ല. കഴിയുമെങ്കിൽ ഏഴ് പതിനാല്, ഇരുപത്തൊന്ന് എന്നിങ്ങനെയുള്ള ദിവസങ്ങളിൽ സാധിക്കുമെങ്കിൽ അതാണ് ഉത്തമം.[2]

**മുടിനീക്കി വെള്ളി ദാനം**

يَا فَاطِمَةُ احلِقِي رَأسَهُ وَتَصَدَّقِي بِزِنَةِ شَعْرِهِ فِضَّةً (الترمذي ، الحاكم، صحيح الجامع: ٧٩٦٠)

---

[1] സ്വഹീഹുൽ ജാമിഅ് 4106, 4107.

[2] സ്വഹീഹുൽ ജാമിഅ്: 4132.

"ഫാത്വിമാ, നീ അതിൻെറ (കുട്ടിയുടെ) മുടി കളഞ്ഞ് അത്രയും തൂക്കം വെള്ളി ദാനം ചെയ്യുക."[1]

## ചേലാകർമ്മം ചെയ്യുക

الختان من الفطرةِ (البخاري)

"ചേലാകർമ്മം പ്രകൃതി പരമായ ചര്യയിൽ പെട്ടതാണ്."[2]

## കാററ് അടിച്ചു വീശുമ്പോൾ

اللهُمَّ إنِّي أسألكَ خيْرَها وَ أعُوذُ بِكَ مِنْ

---

[1] തിർമിദി, ഹാകിം. സ്വഹീഹുൽ ജാമിഅ് : 7960. കുട്ടിയുടെ കാതിൽ ജനിച്ച ഉടനെ ബാങ്ക് കൊടുക്കുന്നതിന് സ്വഹീഹായ ഹദീസിൻെറ പി ൻബല മില്ലെന്നാണ് നാസ്വിറുദ്ദീനുൽ അൽബാനിയുടെ അഭിപ്രായം.

[2] ബുഖാരി

شَرِّهَا (صحيح أدب المفرد للألباني : ٥٥٥)

"അല്ലാഹുമ്മ ഇന്നീ അസ്അലുക ഖയ്റഹാ വ അഊദു ബിക മിൻ ശർറിഹാ. (അല്ലാഹുവേ, ഇതിലെ നന്മയെ ഞാൻ നിന്നോട് ചോദിക്കുകയും നാശത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു)."[1]

## ഇടി മിന്നൽ ഉണ്ടാകുമ്പോൾ

سُبْحَانَ الَّذِي يُسَبِّحُ الرَّعْدُ بِحَمْدِهِ وَالْمَلَائِكَةُ مِنْ خِيفَتِهِ (صحيح أدب المفرد للألباني ٥٥٦)

[1] അൽബാനിയുടെ സ്വഹീഹ് അദബുൽ മുഫ്റദ് 555.

"സുബ്ഹാനല്ലദീ യുസബ്ബിഹുർറ അ്ദു ബിഹംദിഹി വൽമലാഇകതു മിൻ ഹീഫതിഹി. (ഭയത്താൽ മലക്കുകളും സ്തുതിച്ചുകൊണ്ട് ഇടിയും പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നവൻ പരിശുദ്ധനാകുന്നു)."[1]

## മഴ പെയ്യുമ്പോൾ

اللهُمَّ صَيِّبًا نَافِعًا (البخاري)

---

[1] സ്വഹീഹു അദബുൽ മുഫ്റദ് 556.
ഇടി മിന്നലുണ്ടാകുന്ന സമയത്തെ പ്രാർത്ഥന എന്ന നിലക്ക് പഠിപ്പിക്കപ്പെട്ടിരുന്ന 'അല്ലാഹുമ്മ ലാ തഖ്തുൽനാ ബിഗളബിക വ ലാ തുഹ്ലിക്നാ ബി അദാബിക വ ആഫിനാ ഖബ്ല ദാലിക എന്ന പ്രാർത്ഥന നബി(സ)യിൽ നിന്നും സ്വഹീഹായ റിപ്പോർട്ടിലൂടെ സ്ഥിരപ്പെട്ടില്ല. അൽബാനിയുടെ ളഈഫുൽ ജാമിഅ് : 4421, ളഈഫ് തിർമിദി: 680 നോക്കുക.

"അല്ലാഹുമ്മ സ്വയ്യിബൻ നാഫിഅൻ (അല്ലാഹുവേ, ഉപകാരപ്രദമായ നിലയിൽ ധാരാളമായി ഞങ്ങൾക്ക് നീ മഴ നൽകേണമേ)."[1]

നബി(സ) മഴ പെയ്യുമ്പോൾ മഴവെള്ളം ശരീരത്തിൽ വീഴ്ത്തി അതിലൂടെ ബർക്കത്ത് (അല്ലാഹുവിൽ നിന്ന് അനുഗ്രഹം) പ്രതീക്ഷിക്കാറുണ്ടായിരുന്നു.[2]

## മാസപ്പിറവി കാണുമ്പോൾ

اللهُ أكبر اللهمَّ أهِلَّهُ عَلَيْنَا بالأمْنِ والإيمـــانِ والسلامةِ والإسلام والتوفيـــقِ لِمَـــا تُحِـــبُّ

---

[1] ബുഖാരി

[2] സ്വഹീഹ് മുസ്ലിം 2/615 (സ്വലാതുൽ ഇസ്തിസ്ഖാഅ് എന്ന അദ്ധ്യായം)

وَتَرْضَى رَبُّنَا وَرَبُّكَ اللهُ (صحيح الترمـــذي، صحيح الكلم الطيب للألباني رقم: ١٣٢)

“അല്ലാഹു അക്ബർ അല്ലാഹുമ്മ അഹില്ലഹു അലൈനാ ബിൽഅംനി വൽ ഈമാനി വസ്സലാമതി വൽ ഇസ്‌ലാമി വ ത്തൗഫീഖി ലിമാ തുഹിബ്ബു വതർളാ റബ്ബുനാ വറബ്ബുകല്ലാ..(അല്ലാഹു വലിയ വനാകുന്നു. അല്ലാഹുവേ, ഇതിനെ നിർഭയത്തത്തോടും വിശ്വസ്തതയോടും സമാധത്തോടും ശാന്തിയോടും കൂടി ഞങ്ങളിൽ ഉദിപ്പിക്കേണമേ, (ഈ മാസത്തിൽ) നീ തൃപ്തിപ്പെടുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന കർമ്മങ്ങൾ ചെയ്യാൻ നീ തൗഫീഖ് നൽകുകയും ചെയ്യേണമേ. ഞങ്ങ

ളുടേയും നിന്റെയും നാഥൻ അല്ലാഹു തന്നെ)."[1]

## സകാത്ത്

وَأَقِيمُوا الصَّلاةَ وَآتُوا الزَّكَاةَ (البقرة ٤٣)
"നിങ്ങൾ നമസ്കാരം കൃത്യതയോടെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക. "[2]

## സകാത്ത് നൽകാത്തവന് നരകം

عن أنس : مانع الزكاة يوم القيامة في النار (طبراني في الصغير، صحيح الجامع الصغير للألباني رقم: ٥٨٠٧)

---

[1] സ്വഹീഹ് തിർമിദി, സ്വഹീഹ് അൽകലിമു ത്വയ്യിബ് 132.

[2] ബഖറ: 43

"സകാത്ത് നൽകാത്തവൻ നരക ത്തിലാണ്."[1]

## കൃഷിയുടെ സകാത്ത്

أن النبي ﷺ قال ليس في حب ولا تمــر حتى تبلغ خمسة أوسق (مسلم)

നബി(സ) പറഞ്ഞു: " ധാന്യം, കാര ക്ക എന്നിവ അഞ്ച് വസ്ഖ് എത്തു ന്നത്വരെ സകാത്ത് നിർബന്ധ മില്ല"[2]

അഞ്ച് വസ്ഖ് എന്നത് മുന്നൂറ് സ്വാഅ് ആണ്. അതായത് 600 കി ലോ വരും. അപ്പോൾ നാട്ടിലെ മു ഖ്യമായ കാർഷിക ഇനത്തിൻെറ 6

1 ത്വബ്റാനി, സ്വഹീഹുൽ ജാമിഅ്: 5807

2 മുസ്ലിം

കിൻറലിന് തുല്യമായ ഏത് തരം കൃഷിയാണങ്കിലും 5% മോ ചിലവ് കുറഞ്ഞ കൃഷിക്ക് 10%മോ സകാത്ത് നൽകണം.

**കൊടുക്കേണ്ടത്**

عن جابر عن النبي ﷺ قال فيما سقت الأنهار والغيم العشور وفيما سقي بالسانية نصف العشر (مسلم)

"നദികളിൽനിന്നും മഴ മുഖേനയും നനച്ചുണ്ടാക്കിയ (കൃഷിക്ക് പത്തിലൊന്നും,മൃഗങ്ങളേയോ (യന്ത്രങ്ങളോ) ഉപയോഗിച്ച് നനച്ചുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്നി

ന്റെ പകുതിയുമാണ് (സകാത്തായി നൽകേണ്ടത്)''[1]

## നാണയത്തിന്റെ സകാത്ത്

فَإِذَا كَانَتْ لَكَ مِائَتَا دِرْهَمٍ وَحَالَ عَلَيْهَا الْحَوْلُ فَفِيهَا خَمْسَةُ دَرَاهِمَ وَلَيْسَ لَكَ شَيْءٌ يَعْنِي فِي الذَّهَبِ حَتَّى تَكُونَ لَكَ عِشْرُونَ دِينَارًا وَحَالَ عَلَيْهَا الْحَوْلُ فَفِيهَا نِصْفُ دِينَارٍ فَمَا زَادَ فَبِحِسَابِ ذَلِكَ
(أبوداود ، صححه الألباني)

"നിന്റെ പക്കൽ ഇരുനൂറ് ദിർഹം (വെള്ളി) ഉണ്ടാവുകയും ഒരു വർഷം തികയുകയും ചെയ്താൽ അതിൽ നിന്ന് അഞ്ച് ദിർഹം (സകാത്ത് നൽകണം) സ്വർണ്ണത്തിന്

[1] മുസ്ലിം

നിൻെറയടുക്കൽ ഇരുപത് ദീനാർ ഉണ്ടാകുന്നത് വരെ ഒന്നും നൽകേണ്ടതില്ല. (ഇരുപത് ദീനാർ ഉണ്ടായി) ഒരു വർഷം തികഞ്ഞാൽ ഒരു ദീനാറിൻെറ പകുതി നീ സകാത്ത് നൽകണം കൂടുതലുണ്ടാകുമ്പോൾ ഈ തോത് അനുസരിച്ച് കണക്കാക്കുകയും വേണം. "[1]

200 ദിർഹം വെള്ളി ഇന്നത്തെ 590 ഗ്രാമിന് തുല്യമാണ്. അതിനാൽ 590 ഗ്രാം വെള്ളിയുടെ വിലക്കുള്ള കറൻസി ഒരാളുടെ പക്കൽ ഒരു വർഷത്തിനുള്ളിൽ ഉണ്ടായാൽ അതിൻെറ 2.5 (രണ്ടര % ) സകാത്ത്

---

[1] അബൂദാവൂദ്. അൽബാനി സ്വഹീഹ് ആയി രേഖപ്പെടുത്തിയ ഹദീസ്.

നൽകിയിരിക്കണം.

## ആഭരണങ്ങൾക്കും സകാത്ത്

أنّ امرأة أتَتْ رَسُولَ اللهِ ﷺ وَمَعَهَا ابنــةٌ لَهَا وَفِي يَدِ ابْنَتِهَا مَسَكَّتَانِ غَلِيظَتَانِ مِنْ ذَهَبٍ فَقالَ لَهَا أتُعْطِينَ زَكَاةَ هَاذَا ؟ قَالَــتْ لا، قَالَ أيَسُرُّكِ أنْ يُسَوِّرَكِ اللهُ بِهِمَا يَوْمَ القِيَامَةِ سِوَارَيْنِ مِنْ نَارٍ ؟ فَخَلَعَتْهُمَا إلَى النبي ﷺ وَقَالَــتْ هُمَــا للهِ وَلِرَسُــولِهِ ( صحيح أبوداود للألباني رحمه الله )

“നബി(സ)യുടെ അടുക്കൽ കുട്ടിയെയും എടുത്ത്കൊണ്ട് ഒരു സ്ത്രീ വന്നു. കുട്ടിയുടെ കയ്യിന്മേൽ സ്വർണ്ണം കൊണ്ടുള്ള കട്ടിയുള്ള രണ്ട് വളകളുണ്ടായിരുന്നു. അന്നേരം അവരോട് ചോദിച്ചു: ഇവക്ക് സ

കാതത് കൊടുത്തിട്ടുണ്ടോ ? ഇല്ല. എന്ന് അവർ മറുപടി പറഞ്ഞപ്പോൾ നബി(സ) ചോദിച്ചത്: അന്ത്യനാളിൽ അല്ലാഹു തീ കൊണ്ടുള്ള രണ്ട് വളകൾ അണിയിക്കുന്നതിൽ നീ സന്തോഷിക്കുന്നുണ്ടോ ? എന്നായിരുന്നു. അന്നേരം അവർ അത് രണ്ടും ഊരിയെടുത്ത് ഇത് അല്ലാഹുവിനും റസൂലിനും ഇരിക്കട്ടെ എന്ന് പറഞ്ഞ് നബിയുടെ മുന്നിൽ വെച്ചുകൊടുത്തു."[1]

ആഭരണങ്ങൾ 20 ദീനാർ സ്വർണ്ണത്തിന് തുല്യമായ തൂക്കം അതായത് 85ഗ്രാം 10.5 (പത്തര പവൻ)

---

[1] അബൂദാവൂദ്. നാസിറുദ്ദീൻ അൽബാനിയുടെ സ്വഹീഹ്.

ൽ കൂടുതലുണ്ടായാൽ അതിന് 2.5% സകാത്ത് നൽകണം.

വ്യവസായാടിസ്ഥാനത്തിൽ കാലികളെ വളർത്തുന്നവർ (ആട്, മാട്, ഒട്ടകം എന്നിവക്ക്) സകാത്ത് നൽകേണ്ടതാണ്. അപ്രകാരം കച്ചവടത്തിനും സകാത്ത് നൽകേണ്ടതാണ്.

സകാത്ത് വ്യക്തി വ്യക്തിക്ക് നൽകുന്ന രീതി നബി(സ)യുടെ ചര്യയിൽ കാണാൻ സാധിക്കുകയില്ല. അതിനാൽ സംഘടിതമായി ശേഖരിച്ച് വിതരണം നടത്തുന്ന സംരംഭങ്ങൾ ഉള്ളിടത്ത് അതിൽ സഹകരിക്കൽ നിർബന്ധമാണ്. അല്ലാത്ത പ്രദേശത്തുകാർ സംഘടിത സംരംഭമില്ലെന്ന കാരണം പറഞ്ഞ് ഒഴി

വാകുവാനും പററുകയില്ല. അവർക്ക് കഴിയുന്ന രീതിയിൽ അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

## റമദാൻ വ്രതം

مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (البخاري)

"വല്ലവനും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി റമദാനിൽ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."[1]

---

[1] ബുഖാരി

## രാത്രി നിയ്യത്ത് കരുതൽ

مَنْ لم يُبَيِّتِ الصيامَ قبْلَ طلوع الفجْر فـلا صيامَ لهُ (بيهقي، صحيح الجامع ٦٥٣٤)

"ആരെങ്കിലും പ്രഭാതത്തിനു മുമ്പ് നിയ്യത്തു ചെയ്തിട്ടില്ലെങ്കിൽ അവന് നോമ്പില്ല."[1]

സുന്നത്ത് നോമ്പിന് ഇത് നിർബന്ധമില്ല. പ്രഭാതത്തിന് ശേഷംനോമ്പ് മുറിക്കുന്ന കാര്യങ്ങളൊന്നും സംഭവിച്ചിട്ടില്ലാത്ത വ്യക്തിക്ക് പകലിൽ തന്നെ നോമ്പ് അനുഷ്ഠിക്കുകയാണെന്ന് കരുതി നോമ്പ്കാരനാകാവുന്നതാണ്. നിയ്യത്ത് പറയൽ നബിചര്യയല്ല. നിയ്യത്തിനെ

---

[1] ബൈഹഖി, സ്വഹീഹുൽ ജാമിഅ് 6534.

സംബന്ധിച്ച് ശാഫിഈ പണ്ഡിതനായ ഇമാം നവവി (റ) പറയുന്നത് ശ്രദ്ധിക്കുക:

قَال النووي رحمه الله النية القصدُ ، وَهِيَ عَزِيمَةُ القلبِ (فتح الباري ١/٥٢)

"നിയ്യത്തെന്നാൽ കരുതലാണ്, അത് മനസ്സിന്റെ ഉറപ്പാണ്."[1]

## അത്താഴം കഴിക്കുക

تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً (البخاري)

"നിങ്ങൾ അത്താഴം കഴിക്കുക, തീർച്ചയായും അത്താഴത്തിൽ അനുഗ്രഹമുണ്ട്."[2]

---

1 ഫത്ഹുൽ ബാരി 1/52.

2 ബുഖാരി.

"സൈദുബ്നുഥാബിത് (റ) പറയുന്നു, ഞങ്ങൾ നബിയോടൊപ്പം അത്താഴം കഴിച്ചാൽ പിന്നീട് നമസ്കാരത്തിന് അമ്പത് ആയത്ത് ഓതുന്നസമയം മാത്രമേ ബാക്കിയുണ്ടാകുമായിരുന്നുള്ളൂ." [1]

## നോമ്പു തുറക്കൽ

لا يَزَالُ النَّاسُ بِخَيْرٍ ما عَجَّلُوا الفِطْرَ (مسلم)

"നോമ്പു തുറക്കാൻ ധൃതികാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായിരിക്കും." [2]

"നബി(സ) ഈത്തപ്പഴം അതില്ലെ

---

1 മുത്തഫഖുൻ അലൈഹി.

2 മുസ്‌ലിം

ങ്കിൽ കാരക്ക അതുമില്ലെങ്കിൽ വെള്ളം എന്നിവ കൊണ്ടായിരുന്നു നോമ്പു തുറന്നിരുന്നത്."[1]

## പ്രാർത്ഥന

ذَهَبَ الظمأ وَابْتَلَّتِ الْعُرُوقُ وَثَبَتَ الأجْرُ إنْ شَاءَ اللهُ (النسائي، أبو داود ٢/٣٠٦ رقم الحديث : ٢٣٥٧)

"ദഹബദ്ളമഉ വബ്തല്ലത്തിൽ ഉറൂഖു വഥബതൽ അജ്റു ഇൻശാ അല്ലാഹ്.(ദാഹമെല്ലാം നീങ്ങി, ഞെരമ്പുകൾക്ക് പുതുജീവൻ ലഭി ച്ചു.

---

[1] അബൂദാവൂദ്, തിർമിദി, സ്വഹീഹുൽ ജാമിഅ് 4995.

അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും."[1]

## തറാവീഹ് നമസ്കാരം

مَنْ قَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (البخاري)

"ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി റമദാനിൽ നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടും."[2]

നബി(സ) റമദാനിൽ പതിനൊന്ന് റക്അത്തിനേക്കാൾ അധികം നമസ്കരിച്ചിട്ടില്ല; എന്ന ഹദീസാണ്

[1] നസാഇ, അബൂദാവൂദ്

[2] ബുഖാരി

ഇമാം ബുഖാരി തറാവീഹ് എന്ന അധ്യായത്തിൽ രേഖ പ്പെടുത്തിയി ട്ടുള്ളത്.

നബി(സ) സ്വഹാബികളേയും കൊ ണ്ട് നമസ്കരിച്ചത് പതിനൊന്ന് റ ക്അത്തായിരുന്നു എന്ന് ജാബിർ (റ) വിൽ നിന്ന് ഇബ്നു ഹിബ്ബാ നും ഇബ്നു ഖുസൈമയും റിപ്പോ ർട്ട് ചെയ്യുന്നുണ്ട്.[1]

ഉമർ(റ) ഉബയ്യു ബ്നു കഅബ് ത മീമുദ്ദാരി (റ) എന്നിവരെ പതിനൊ ന്ന് റക്അത്ത് തറാവീഹ് നമസ്ക രിക്കാൻ ഇമാമുമാരായി നിശ്ചയി ച്ചത് ഇമാം മാലിക് (റ) മുവത്വഅ്

[1] ഇബ്നു ഹിബ്ബാൻ, ഇബ്നു ഖുസൈമ

എന്ന ഗ്രന്ഥത്തിലും രേഖപ്പെടു ത്തിയിട്ടുണ്ട്.[1]

## ലൈലത്തുൽ ഖദ്ർ

كانَ رَسُولُ اللهِ صلى الله عليه وسلم إذَا دَخَلَ العَشْرُ شَدَّ المِئْزَرَ وَأحْيَا اللَيْلَ وَأيْقَظَ أهْلَهُ (متفق عليه)

"അവസാനത്തെ പത്ത് ആയാൽ നബി(സ) തന്റെ തുണി മുറുക്കി യുടുക്കുകയും, രാത്രി സജീവമാ ക്കുകയും വീട്ടുകാരെ വിളിച്ചുണർ ത്തുകയും ചെയ്യുമായിരുന്നു."[2]

അവസാനത്തെ പത്തിൽ اللهُمَّ إنَّكَ عَفُوٌّ تُحِبُّ العَفْوَ فَاعْفُ عَنِّي

---

1 മുവത്വഅ് ഇമാം മാലിക്

2 മുത്തഫഖുൻ അലൈഹി

(അല്ലാഹുമ്മ ഇന്നക അഫുവ്വുൻ തുഹിബ്ബുൽ അഫുവ ഫഅ്ഫു അന്നീ) "അല്ലാഹുവേ നീ പാപമോചനം നൽകുന്നവനും പാപമോചനം ഇഷ്ടപ്പെടുന്നവനുമാണ്; എന്നോട് നീ പൊറുക്കേണമേ."[1] എന്ന് കൂടുതലായി പ്രാർത്ഥിക്കുക.

ദാന ധർമ്മങ്ങൾ, ഖുർആൻ പഠനം, പാരായണം, പള്ളിയിൽ ഇഅ്

[1] അബൂദാവൂദ്, സ്വഹീഹുൽ ജാമിഅ്: 4423..
റമദാനിലെ ആദ്യ പത്ത് കാരുണ്യവും രണ്ടാം പത്ത് പാപമോചനവും അവസാന പത്ത് നരക മോചനവുമാണ് എന്ന് പറയുന്ന ഹദീസ് ദുർബ്ബലമാണ്. അതുകൊണ്ട് തന്നെ ഓരോ പത്തിലും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ ഉള്ളതായി പ്രചരിക്കപ്പെട്ടതിന് അടിസ്ഥാനമില്ല എന്ന് മനസ്സിലാക്കാം. അൽബാനിയുടെ ളഈഫു തർഗീബ് വത്തർഹീബ്: 1/589

തികാഫ് ഇരിക്കൽ, നോമ്പു കാരെ നോമ്പുതുറപ്പിക്കൽ, ഉംറ നിർവ്വഹിക്കൽ എന്നിവക്ക് കൂടുതൽ സമയം കണ്ടെത്തുക.

## നോമ്പ് നിഷ്ഫലമാക്കരുത്

مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ (البخاري)

"ആരെങ്കിലും ചീത്ത വാക്കും പ്രവൃത്തിയും ഒഴിവാക്കുന്നില്ലെങ്കിൽ അവൻ ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കണമെന്ന് അല്ലാഹുവിന് യാതൊരാവശ്യവുമില്ല."[1]

---

[1] ബുഖാരി.

## സുന്നത്തു നോമ്പുകൾ

മുഹർറം ഒമ്പത്, പത്ത് (താസൂആ അ്, ആശൂറാഅ്)[1], അറഫാ ദിവസം[2], എല്ലാ ചന്ദ്ര മാസങ്ങളിലേയും 13, 14, 15 തീയതികൾ (അയ്യാമുൽ ബീള് അഥവാ പൗർണ്ണമി ദിനങ്ങൾ)[3] തിങ്കളാഴ്ച[4], വ്യാഴാഴ്ച[5], ശവ്വാലിൽ നിന്നും ആറ് ദിവസങ്ങൾ[6] എന്നിവയാണ് പ്രധാന സുന്നത്തുനോമ്പുകളുടെ ദിവസങ്ങൾ. ഇനി ഇതിനേക്കാൾ അധികമായി സുന്നത്തു

1 മുഖ്തസ്വറു മുസ്‌ലിം 611, 612
2 മുഖ്തസ്വറു മുസ്‌ലിം 620
3 മുഖ്തസ്വറു മുസ്‌ലിം 627
4 മുഖ്തസ്വറു മുസ്‌ലിം 624
5 സ്വഹീഹ് ഇബ്നുമാജ 1414
6 മുഖ്തസ്വറു മുസ്‌ലിം 618

നോമ്പുകൾ ആഗ്രഹിക്കുന്നവർക്ക് ദാവൂദ് നബി(അ) അനുഷ്ഠിച്ചിരുന്ന പ്രകാരം ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പ് എടുക്കാവുന്നതാണ്.[1]

## ഫിത്വ്ർ സകാത്ത്

നാട്ടിലെ പ്രധാന ഭക്ഷണം ഒരാൾക്ക് രണ്ട് കിലോവിൽ അൽപം കൂടുതൽ എന്ന തോതിൽ സംഘടിതമായി, ശേഖരിച്ച് അർഹരായവർക്ക് നൽകലാണ് നബിചര്യ. പെരു

---

[1] മുഖ്തസ്വറു മുസ്‌ലിം 629 മേൽ പറയപ്പെട്ടവക്ക് പുറമെ റജബ് 27, ശഅബാൻ 15, റജബ്, ശഅബ്, ശഅബാൻ എന്നീ മാസങ്ങൾ പൂർണ്ണമായും റമാനിലെ നിർബന്ധ നോമ്പും ശവ്വാലിലെ ആറ് സുന്നത്തു നോമ്പും ചേർത്ത് 96 ദിവസം തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുന്നതിനും മാതൃകയില്ല. അവ ബിദ്അത്താണ്.

ന്നാളിൻെറ ഒന്നോ രണ്ടോ ദിവസം നേരത്തെ കൊടുക്കുന്നതിനും വിരോധമില്ല.

## പെരുന്നാൾ ആഘോഷം

പെരുന്നാൾ ദിവസം കുളിക്കുക, ഏററവും നല്ല വസ്ത്രം ധരിക്കുക, സുഗന്ധം ഉപയോഗിക്കുക, ഈദ് ഗാഹിലേക്ക് പോകുന്നതും തിരിച്ച് വരുന്നതും വ്യത്യസ്ത വഴികളിലൂടെയായിരിക്കുക എന്നിവയെല്ലാം പ്രവാചക ചര്യയിൽ പെട്ടതാണ്. ഈദുഗാഹുകളിലേക്ക്, നമസ്കരിക്കൽ നിഷിദ്ധമായ ആർത്തവകാരികളേയും, കന്യകകൾ അടക്കം എല്ലാവരേയും പങ്കെടുപ്പിക്കണം എന്നതും പ്രവാചകൻ(സ) പ്രത്യേകം

കൽപ്പിച്ചിരുന്നു.[1] ആർത്തവകാരികൾ നമസ്കാരത്തിൽ നിന്നും വിട്ടുനിൽക്കണം എന്നുമാത്രം.

നമസ്കാരം കഴിയുന്നത്ര നേരത്തെ, ഈദുഗാഹിൽ (മൈതാനത്ത്) വെച്ച് നിർവ്വഹിക്കലാണ് നബിചര്യ. ഏതാനും ചുള കാരക്കമാത്രം ഭക്ഷിച്ചായിരുന്നു നബി(സ) ഈദുൽ ഫിത്വ്റിൽ നമസ്കാരത്തിന് പുറപ്പെട്ടിരുന്നത്. ഈദുൽ അള്ഹാ (ബലി പെരുന്നാൾ) ദിവസം ഭക്ഷണമൊന്നും കഴിക്കാതെയുമായിരുന്നു പെരുന്നാൾ നമസ്കാരം നിർവ്വഹിച്ചിരുന്നത്.

---

[1] സ്വഹീഹുൽ ബുഖാരി

## ഉദ്ഹിയ്യത്ത്

مَنْ كَانَ لَهُ سَعَةٌ وَلَمْ يَضَحِّ فَلا يَقْرَبَنَّ مَصَلاَّنَا (حاكم ، ابن ماجة، صحيح الجامع رقم: ٦٤٩٠)

"കഴിവുണ്ടായിട്ടും ഉള്ഹിയ്യത്ത് നിർവ്വഹിക്കാത്തവർ നമ്മുടെ പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോലും അടുക്കേണ്ടതില്ല."[1]

## ഹജ്ജിലെ പ്രാർത്ഥനകൾ

ഹജ്ജിലും ഉംറയിലും നമുക്ക് ആവശ്യമുള്ള കാര്യങ്ങൾ നമുക്ക് അറിയാവുന്ന ഭാഷയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുക. താഴെ പറ

[1] ഹാകിം, ഇബ്നു മാജ, സ്വഹീഹുൽ ജാമിഅ് 6490.

യുന്ന ഏതാനും പ്രാർത്ഥനകൾ മാത്രമാണ് നബി(സ) പ്രാർത്ഥിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്.

## തൽബിയത്ത്

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لا شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لا شَرِيكَ لَكَ

(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത്ത ലക വൽ മുൽക് ലാശരീക ലക്ക്) അല്ലാഹുവേ നിന്റെ വിളിക്കിതാ ഞാനുത്തരം ചെയ്തു വന്നെത്തിയിരിക്കുന്നു. യാതൊരു പങ്കുകാരനുമില്ലാത്ത നിന്റെ വിളിക്കിതാ ഞാനുത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹവും

നിനക്കാണ്. രാജാധികാരവും നിനക്കു തന്നെ, നിനക്കാരും പങ്കുകാരില്ല.

## ഹജറുൽ അസ്‌വദിനടുത്ത്

الله أكبر

((അല്ലാഹു അക്ബർ)) അല്ലാഹു ഏററവും വലിയവനാണ് എന്നു പറഞ്ഞുകൊണ്ട് ചുംബിക്കുക. സാധ്യമായില്ലെങ്കിൽ തൊട്ടു മുത്തുകയോ അതിനുനേരെ ആംഗ്യം കാണിക്കുകയോ ചെയ്താൽ മതിയാകും. ആംഗ്യം കാണിച്ച ശേഷം കൈ ചുംബിക്കേണ്ടതില്ല. അതിന് മാതൃകയില്ല.[1]

[1] ഹജറുൽ അസ്‌വദിനടുത്ത് വെച്ച് അല്ലാഹുമ്മ ഈമാനൻ ബിക, വ തസ്ദീകൻ ബി കിതാബി

## റുക്‌നുൽ യമാനിമുതൽ ഹജറുൽ അസ്‌വദ് വരെ

റുക്‌നുൽ യമാനിയുടെ അടുത്ത് എത്തുമ്പോൾ സാധ്യമാവുമെങ്കിൽ ((അല്ലാഹു അക്ബർ)) എന്ന് പറഞ്ഞ് പ്രസ്തുത മൂല കൈകൊണ്ട് തൊടുക മാത്രം ചെയ്യൽ സുന്നത്താണ്. സാധ്യമായില്ലെങ്കിൽ പകരം മറ്റൊന്നും ചെയ്യേണ്ടതില്ല.

റുക്‌നുൽ യമാനി മുതൽ ഹജറുൽ അസ്‌വദ് വരെ താഴെ പറയുന്നത് പ്രാർത്ഥിക്കുക.

---

ക വഫാഅൻ ബി അഹ്ദിക വത്തിബാഅൻ ബി സുന്നതി നബിയ്യിക മുഹമ്മദിൻ(സ) എന്നത് സ്ഥിരപ്പെട്ട പ്രാർത്ഥനയല്ല.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارْ

(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബ ന്നാർ). "ഞങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യുകയും നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാക്കുകയും ചെയ്യേണമേ"[1]

## സ്വഫയിലും മർവയിലും വെച്ച്

لا إلهَ الاَّ اللهُ وَحْدَهُ لا شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلى كَلِّ شَيْءٍ قَدِيرٌ لا إلهَ إلاَّ اللهُ

[1] മുസ്ലിം

وَحْدَهُ أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وَهَزَمَ الأَحْزَابَ وَحْدَهُ . (مسلم)

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശ രീകലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വ അ്ദഹു, വനസ്വറ അബ്ദഹു, വ ഹസമൽ അഹ്സാബ വഹ്ദഹു). "അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. സ്തുതിയും അധികാരവും അവനു തന്നെ. അവൻ എല്ലാററിനും കഴിവുള്ളവനത്രെ. അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവൻ തന്റെ വാഗ്ദത്തം പൂർ

ത്തീകരിച്ചു. തന്റെ ദാസനെ സ ഹായിച്ചു. ശത്രുസേനകളെ അവ ൻ ഒററക്ക് പരാജയപ്പെടുത്തി."[1]

## അറഫയിൽ

അറഫയിൽ നമുക്ക് ആവശ്യമുള്ള വിഷയങ്ങൾ ചോദിക്കാനും പാപ മോചനം തേടാനുമെല്ലാം ഉള്ള അ വസരമാണ്. കൂട്ടത്തിൽ ഇത്, കൂ ടുതലായി പ്രാർത്ഥിക്കുക.

لا إلهَ إلاَّ اللهُ وَحْدَهُ لا شَرِيكَ لهُ، لهُ المُلْكُ وَلَهُ الحَمْدُ وَهُوَ عَلى كُلِّ شَيْءٍ قَدِيرٌ . (صحيح الجامع ١٥٠٣)

---

[1] മുസ്ലിം. ഇതേ പ്രാർത്ഥന തന്നെ യുഹ്യീ വ യുമീതു എന്ന പദത്തോടുകൂടിയും റിപ്പോർട്ടു കളുണ്ട്.

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്കലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻഖദീർ)[1]. അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. എല്ലാ സ്തുതികളും ആധിപത്യവും അവനു തന്നെ അവൻ എല്ലാററിനും കഴിവുള്ളവനുമാണ്.

ദുൽ ഹജ്ജ് പത്തിന് ജംറയിൽ എറിയുന്നത് വരെ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കുക. ശേഷം ഹജ്ജ് കർമ്മം അവസാനിക്കുന്നത് വരെ തക്ബീർ ചൊല്ലുക.

---

1 സ്വഹീഹുൽ ജാമിഅ്: 1503

## പൊതു പ്രാർത്ഥനകൾ

പൊതുവായതും സമയ ബന്ധിത മല്ലാത്തതുമായ ഏതാനും ദിക്റു കളും പ്രാർത്ഥനകളും താഴെ ചേർക്കുന്നു.

## സ്വർഗ്ഗത്തിൽ ഒരു നിധി !

قال النبي ﷺ: ألا أدُلّكَ عَلى كَنْزٍ مِنْ كُنُوزِ الجَنَّـةِ : قُـلْ لا حَـوْلَ وَلا قُـوَّةَ إلاَّ بـالله (متفق عليه)

"നിനക്ക് സ്വർഗ്ഗത്തിൽ ഒരു നിധി ലഭിക്കുന്ന കാര്യം ഞാൻ അറിയി ച്ചു തരാം: നീ ലാ ഹൗല വലാ ഖു വ്വത ഇല്ലാ ബില്ലാ എന്ന് പറയുക. (യാതൊരു കഴിയും ശക്തിയും അല്ലാഹുവിനെ ക്കൊണ്ടല്ലാതെ ഇ

ല്ല."[1] ജീവിതം അല്ലാഹുവിൽ ഭരമേൽ എല്ലാം അവനിൽ മാത്രം പ്രതീക്ഷയർപ്പിക്കുക എന്ന് സാരം.

## ഏറ്റവും പ്രിയങ്കരം!

لأنْ أقُولَ سُبْحَانَ اللهِ والحَمْدُ لِلهِ وَلاَ إلهَ إلاَّ اللهُ اللهُ أكبر أحَبُّ إلَى اللهِ ممَّا طَلَعَتْ عَلَيْهِ الشَّمْسُ (مسلم)

"അല്ലാഹുവിന് സൂര്യൻ ഉദിക്കുന്നവയെക്കാൾ (ഭൂമിയിലെ സർവ്വ വസ്തുക്കളേക്കാൾ) പ്രിയങ്കരമാണ് സുബ്ഹാനല്ലാ വൽ ഹംദുലില്ലാ വലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ എന്ന് പറയുന്നത്."[2]

---

[1] മുതഫഖുൻ അലൈഹി.

[2] മുസ്ലിം

അല്ലാഹുവിൻെറ മഹത്വത്തെക്കുറിച്ച് ചിന്തിക്കുക, അവൻ ചെയ്തു തന്ന അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനാവുക, അവനെ മാത്രം ആരാധിക്കുക, അവനെ പ്രകീർത്തിച്ച് കഴിഞ്ഞുകൂടുക.

## സ്വർഗ്ഗീയ ഭവനം

مَنْ قَالَ رَضِيتُ بِاللهِ رَبًّا وَبِالإِسْلاَمِ دِينًا وَبِمُحَمَّدٍ رَسُولاً وَجَبَتْ لَهُ الجَنَّةِ (صحيح أدب المفرد ١٥٢٩)

"വല്ലവനും റളീതു ബില്ലാഹി റബ്ബൻ വ ബിൽ ഇസ്‌ലാമി ദീനൻ വബി മുഹമ്മദിൻ റസൂലൻ. (ഞാൻ അല്ലാഹുവിനെ രക്ഷകനായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് നബിയെ റസൂലായും തൃപ്തിപ്പെട്ടി

രിക്കുന്നു. എന്ന് പറഞ്ഞാൽ അവന് സ്വർഗ്ഗം ഉറപ്പായിക്കഴിഞ്ഞു."[1]

അല്ലാഹുവാണ് എന്റെ രക്ഷകൻ, എന്റെ ജീവിത പാത ഇസ്‌ലാം മാത്രമായിരിക്കും, ഞാൻ മാതൃകയായി അംഗീകരിക്കുക മുഹമ്മദ് നബി(സ) യെ ആയിരിക്കും. ഇത് ജീവിതം കൊണ്ട് തെളിയിക്കുക. ഈ മൂന്ന് ആശയങ്ങളായിരിക്കും ഖബറിൽ വെച്ച് ചോദിക്കപ്പെടുക.[2]

## സ്വർഗ്ഗത്തിലൊരു വീട്

مَنْ قَرَأَ قُلْ هُوَ اللهُ أَحَدٌ عَشْرَ مَرَّاتٍ بَنَى اللهُ لَهُ

---

[1] അൽബാനി സ്വഹീഹ് അദബിൽ മുഫ്റദ് 1529.

[2] സ്വഹീഹ് അബൂദാവൂദ്.

بَيْتًا فِ الْجَنَّةِ (بيْهقي صحيح الجامع للألباني ٦٤٧٢)

"ആരെങ്കിലും ഖുൽഹുവല്ലാഹു അഹദ് എന്ന സൂറത്ത് ദിവസവും പത്ത് തവണ പാരായണം ചെയ്താൽ അവന് അല്ലാഹു സ്വർഗ്ഗത്തിൽ ഒരു വീട് പണിയുന്നതാണ്."[1]

## അല്ലാഹുവിന് ഇഷ്ടം

كَلِمَتَـانِ خَفِيفَتَـانِ عَلَـى اللِّـسَانِ، ثَقِيلَتَـانِ فِـي الْمِيزَانِ، حَبِيبَتَـانِ إِلَـى الـرحمن : سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيمِ (متفق عليه)

"പറയുവാൻ നാവിന് എളുപ്പമുള്ളതും തുലാസിൽ ഘനം തൂങ്ങു

[1] ബൈഹഖി, സ്വഹീഹുൽ ജാമിഅ് 6471, സിൽസില 589.

ന്നതും അല്ലാഹുവിന് ഇഷ്ടമുള്ള തുമായ രണ്ട് വചനങ്ങളാണ്: സുബ്ഹാനല്ലാഹി വബി ഹംദിഹി സുബ്ഹാനല്ലാഹിൽ അളീം. (അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ ഞാൻ വാഴ് ത്തുന്നു. മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു."[1]

## മനഃക്ലേശത്തിൽ നിന്നും രക്ഷ

مَا أَصَابَ عَبْدًا هَمٌّ وَلاَ حُزْنٌ فَقَالَ : اللهُمَّ إِنِّي عَبْدُكَ ، وابْنُ عَبْدِكَ، وَابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ، سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أو

[1] മുത്തഫഖുൻ അലൈഹി.

اسْتَأثَرْتَ فِي عِلْمِ الغَيْبِ عِنْدَكَ أنْ تَجْعَلَ القُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي وَجَلاءَ حُزْنِي وَذَهَابَ هَمِّي , إلاَّ أذْهَبَ اللهُ هَمَّهُ وَحُزْنَهُ وَأبْدَلَ اللهُ مَكَانَهُ فَرَجًا (أحمد، سلسلة الصحيحة ١٩٩)

'അല്ലാഹുമ്മ ഇന്നീ അബ്ദുക വ ബ്നു അബ്ദിക വബ്നു അമതിക, നാസ്വിയതീ ബിയദിക, മാളിൻ ഫി യ്യ ഹുക്മുക, അദ്‌ലുൻ ഫിയ്യ ഖ ള്വാഉക, അസ്അലുക ബികുല്ലി സ് മിൻ ഹുവ ലക, സമ്മയ്ത ബിഹി നഫ്സക, അൗ അല്ലംതഹു അഹ ദൻ മിൻ ഖൽഖിക, അൗ അൻസ ൽതഹു ഫീ കിതാബിക, അവിസ്ത അ്ഥർത ബിഹി ഫീ ഇൽമിൽ ഗയ് ബി ഇൻദിക അൻ തജ്അലൽ ഖു ർആന റബീഅ ഖൽബീ, വനൂറ

സ്വദ്രീ, വ ജലാഅ ഹുസ്നീ, വദ ഹാബ ഹമ്മീ. (അല്ലാഹുവേ, ഞാൻ നിന്റെ ദാസനും നിന്റെ ഒരു ദാസന്റെയും ദാസിയുടെയും മകനുമാണ്. എന്റെ മൂർദ്ധാവ് നിന്റെ കയ്യിലാണ്, നിന്റെ തീരുമാനങ്ങളാണ് എന്നിൽ നടപ്പിലാവുക, നിന്റെ വിധി നീതി പൂർവ്വവുമാണ്. ഞാൻ നിന്നോട് നീ നിനക്ക് നിശ്ചയിച്ചതായ അതല്ലെങ്കിൽ നീ നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും നീ പഠിപ്പിച്ചതായ അതല്ലെങ്കിൽ നീ ഇറക്കിയ ഗ്രന്ഥത്തിൽ നീ അറിയിച്ചതായ, അതല്ലെങ്കിൽ നിന്റെ അദൃശ്യജ്ഞാനത്തിൽ സൂക്ഷിച്ചതായ നിനക്കുള്ള എല്ലാ നാമങ്ങളും മുൻനിറുത്തി

ഞാനിതാ നിന്നോട് ചോദിക്കുന്നു: നാഥാ, ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും എന്റെ മനസ്സിന്റെ പ്രകാശവും എന്റെ ദുഃഖത്തിന് പരിഹാരവും എന്റെ വ്യാകുലതയെ നീക്കിക്കളയുന്നതുമാക്കേണമേ). ഇങ്ങിനെ വല്ലവരും പ്രാർത്ഥിച്ചാൽ അല്ലാഹു അവന്റെ ദുഃഖത്തേയും വ്യാകുലതയേയും നീക്കി അവന് ആശ്വാസം നൽകുന്നതാണ്."[1]

## തഖ്‌വ ലഭിക്കാൻ

كان يقول رسول الله ﷺ اللهــمَّ آتِ نَفْــسِي تَقْوَاهَا، وَزَكِّهَا أَنْتَ خَيْرُ مَــنْ زَكَّاهَــا أَنْــتَ

[1] അഹ്മദ്, അൽബാനിയുടെ സിൽസില: 199.

وَلِيُّهَا وَمَوْلاهَا أللهُمَّ إنِّي أعُوذُ بِكَ مِنْ عِلْمٍ لا يَنْفَعُ وَمِنْ قَلْبٍ لا يَخْشَعُ وَمِنْ نَفْسٍ لا تَشْبَعُ وَمِنْ دَعْوَةٍ لا يُسْتَجَابُ لَهَا (مسلم)

"അല്ലാഹുമ്മ ആതി നഫ്സീ തഖ്വാഹാ, വസക്കിഹാ അൻത ഖയ്റു മൻ സക്കാഹാ. അൻത വലിയ്യുഹാ വ മൗലാഹാ. അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ ഇൽമിൻ ലാ യൻഫഉ, വഖൽബിൻ ലാ യഖ്ശഉ, വനഫ്സിൻ ലാ തശ്ബഉ വ ദഅ്വത്തിൻ ലാ യുസ്തജാബു ലഹാ. (അല്ലാഹുവേ എന്റെ ഹൃദയത്തിന് നീ തഖ്വ നൽകേണമേ, അതിനെ നീ സംസ്കരിക്കുകയും ചെയ്യേണമേ നീയാണല്ലോ അതിനെ സംസ്കരിക്കുന്നവരിൽ ഉത്ത

മൻ, നീ തന്നെയാണല്ലോ അതിൻെറ യജമാനനും രക്ഷകനും. അല്ലാഹുവേ ഉപകാരമില്ലാത്ത അറിവിൽ നിന്നും, ഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും, മതിവരാത്ത മനസ്സിൽ നിന്നും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു"[1]

## ജീവിത നൈരാശ്യം നീങ്ങാൻ

ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ നേരിട്ടാൽ ഒരിക്കലും മരണത്തെ ആഗ്രഹിക്കാൻ ഒരു വിശ്വാസിക്ക് പാടുള്ളതല്ല. അത്തരം ഘട്ടങ്ങളിൽ അവൻ ഇപ്രകാരം പ്രാ

[1] മുസ്‌ലിം

ർത്ഥിക്കുകയാണ് വേണ്ടത്:

اللهُمَّ أَحْيِنِي مَا كَانَتِ الحَيَاةُ خَيْرًا لِي وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي (مسلم)

"അല്ലാഹുമ്മ അഹ്‌യിനീ മാ കാന തിൽ ഹയാതു ഖയ്റൻ ലീ, വതവ ഫ്ഫനീ ഇദാ കാനതിൽ വഫാതു ഖയ്റൻ ലീ. (അല്ലാഹുവേ, ജീവിത മാണ് എനിക്ക് ഉത്തമമെങ്കിൽ നീ എന്നെ ജീവിപ്പിക്കേണമേ, (അതല്ല) മരണമാണ് എനിക്ക് ഉത്തമമെങ്കി ൽ നീ എന്നെ മരിപ്പിക്കേണമേ."[1]

## മറ്റൊരു പ്രാർത്ഥന

اللهمَّ أصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أمْرِي

---

[1] മുഖ്തസ്വറു മുസ്‌ലിം 1884.

وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلِ الْحَيَاةَ زِيَادَةً فِي كُلِّ خَيْرٍ وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ (مختصر مسلم ١٨٦٩)

“അല്ലാഹുമ്മ അസ്വ്‌ലിഹ് ലീ ദീനീ അല്ലദീ ഹുവ ഇസ്വ്‌മതു അംരീ, വ അസ്വ്‌ലിഹ് ലീ ദുൻയായ അല്ലതീ ഫീഹാ മആശീ, വ അസ്വ്‌ലിഹ് ലീ ആഖിറതീ അല്ലതീ ഫീ ഹാ മആദീ, വജ്അലിൽ ഹയാത സിയാദതൻ ഫീ കുല്ലി ഖയ്ർ, വജ്അലിൽ മൗത റാഹതൻ ലീ മിൻകുല്ലി ശർറ്. (അല്ലാഹുവേ, എന്റെ മതത്തെ നീ എനിക്ക് നന്നാക്കി തരേണമേ അതാണല്ലോ എന്റെ ജീവിതത്തിന്റെ സുരക്ഷ എന്റെ ദുനിയാവ്

(ഇഹലോകം) എനിക്ക് നന്നാക്കി തരേണമേ അതിലാണല്ലോ എന്റെ ജീവിതം, എന്റെ പരലോകം എനിക്ക് നന്നാക്കി തരേണമേ അതിലേക്കാണല്ലോ എന്റെ മടക്കം, ജീവിതം എനിക്ക് നന്മകളിലുള്ള വർദ്ധനവ് ആക്കേണമേ, മരണത്തെ എനിക്ക് എല്ലാ തിന്മകളിൽ നിന്നുമുളള ആശ്വാസമാക്കുകയും ചെയ്യേണമേ)."[1]

## കടബാധ്യതളിൽ രക്ഷ കിട്ടാൻ

اللهمّ إنّي أعوذ بك من الهمّ والحزَن والعجْز والكسل والبُخل والجُبْن وضلَع الدَّيْن وغلبَةِ الرِّجال (البخاري)

---

[1] മുഖ്തസ്വറു മുസ്‌ലിം : 1869.

"അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽഹമ്മി വൽഹസനി വൽ അജ്സി വൽ കസ്ലി വൽ ജുബ്നി വ ളലഇ ദ്ദൈയ്നി, വ ഗലബതിർറിജാലി. (അല്ലാഹുവേ മനോ വ്യഥയിൽ നിന്നും ദുഃഖങ്ങളിൽ നിന്നും കഴിവുകേടിൽ നിന്നും അലസതയിൽ നിന്നും, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും കടഭാരം, ആളുകളുടെ കടന്നാക്രമണം എന്നിവയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു."[1]

## നബിയുടെ പതിവ് പ്രാർത്ഥന

اللهمَّ يَا مُقلّبَ القلوبِ ثبِّتْ قلبي عَلى دِينِكَ
(حاكم ، صحيح الجامع لألباني: ٧٩٨٧)

[1] ബുഖാരി.

"അല്ലാഹുമ്മ യാ മുഖല്ലിബൽ ഖുലൂബ് ഥബ്ബിത് ഖൽബീ അലാ ദീനിക. (ഹൃദയങ്ങളെ മാററിമറിക്കുന്ന അല്ലാഹുവേ, എന്റെ ഹൃദയത്തെ നീ നിന്റെ മതത്തിൽ ഉറപ്പിച്ചു നിർത്തേണമേ."[1]

اللهُمَّ إنِّي أسألُكَ الهُدَى والتُّقَى والعَفَافَ والغِنَى (مسلم)

"അല്ലാഹുമ്മ ഇന്നീ അസ്അലുകൽ ഹുദാ വത്തുഖാ വൽഅഫാഫ വൽ ഗിനാ (അല്ലാഹുവേ, ഞാൻ നിന്നോട് മാർഗ്ഗ ദർശനവും സൂക്ഷ്മതയും സദാചാരവും ധന്യതയും ചോദിക്കുന്നു."[2]

---

[1] ഹാകിം, സ്വഹീഹുൽ ജാമിഅ്: 7987.

[2] മുസ്ലിം

ربنا آتنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّار (البخاري، صحيح الجامع: رقم : ٤٨٠٢)

"അല്ലാഹുമ്മ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ. (അല്ലാഹുവേ, ഇഹലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നല്ലത് നൽകുകയും നരക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാക്കുകയും ചെയ്യേണമേ."[1]

## കഫ്ഫാറത്തുൽ മജ്ലിസ്

നബി(സ) പറഞ്ഞു: ഏതെങ്കിലും സദസ്സിൽ പങ്കെടുക്കുകയും സം

[1] ബുഖാരി.സ്വഹീഹുൽ ജാമിഅ് : 4802

സാരത്തിന് ശേഷം താഴെ പറയു ന്ന പ്രാർത്ഥന പ്രാർത്ഥിക്കുകയും ചെയ്താൽ അത് സംസാരത്തിൽ എന്തെങ്കിലും പാളിച്ചകൾ വന്നിട്ടു ണ്ടെങ്കിൽ അതിനുള്ള പ്രായശ്ചി ത്തമാാണത്.[1] ഇതിന് കഫ്ഫാറത്തു ൽ മജ്‌ലിസ് (സദസ്സിൻെറ പ്രായശ് ചിത്തം) എന്ന് പറയുന്നു.

سُبْحَانَكَ اللهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لا إِلهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ (صحيح الترمذي)

"സുബ്ഹാനക ല്ലാഹുമ്മ വബി ഹം ദിക ലാ ഇലാഹ ഇല്ലാ അൻത അ സ്തഗ്ഫിറുക വ അതൂബു ഇലൈ ക. (അല്ലാഹുവേ നിന്നെ സ്തുതി

[1] അഹ്മദ്, തിർമിദി

ക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു; നീ അല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു."[1]

നാഥാ, പ്രവാചക കാൽപ്പാടുകൾ പിന്തുടർന്ന് ജീവിക്കാൻ നീ ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ, പരലോകത്ത് സ്വർഗ്ഗം നൽകി നീ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. (ആമീൻ)

وصلى الله وسلم على نبينا محمد وعلى آله وصحبه
أجمعين والحمد لله رب العالمين

---

[1] സ്വഹീഹ് തിർമിദി

كتب الجاليات ١٢٠ ١٥

# مع النبي

صلى الله عليه وسلم



## الأدعية والأذكار و الآداب اليومية

باللغة المليبارية

إعداد:

قسم الجاليات


الطبعة الثانية

ردمك: ٧-٢-٩٦٠٩-٩٩٦٠



المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

هاتف: ٢٤١٠٦١٥ ناسوخ: ٢٤١٤٤٨٨ تحويله ٢٢٢ sulay@w.cn